Date of publication: 9 ഏപ്രിൽ 2018
വോള്യം 14 / ലക്കം 4 / വില 20₹
ISSN 2319 – 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത

## കമ്മൊടെ കാട്ട്ൽ ബിന്നി നലുവ്
## (ഇരുണ്ട കാട്ടിലെ മിന്നാമിന്നി വെട്ടം)



# കമ്മൊടെ കാട്ട്ൽ ബിന്നി നലുവ്

## (ഇരുണ്ട കാട്ടിലെ മിന്നാമിന്നി വെട്ടം)




# സംഘടിത


സംഘടിത/ ഏപ്രിൽ 2018/വോള്യം 14/ലക്കം 4


**കവർ ചിത്രം കടപ്പാട്: രൂപേഷ് കുമാർ സംവിധാനം ചെയ്ത 'സബിത: എ വുമൺ എൻട് എ ഡേ' (2012)എന്ന ഡോക്യുമെന്ററി**


6 നിങ്ങളിൽ ഞാൻ
**എം. ആർ. ചിത്ര**

11 ഞങ്ങളെന്തു ചെയ്യണം?
**അഖിത എം. സി.**

16 'ന്റെ' നെഞ്ചിലെ കനല്
**കവിത/പ്രീത ജെ. പ്രിയദർശിനി**

17 ഇല്ലായ്മയിലേയ്ക്ക് നീങ്ങുന്ന ആദിവാസി സമൂഹം
**സിന്ധു കൃഷ്ണദാസ്**

19 മഴയിലൂടെ
**ഗ്രീഷ്മ കെ.**

20 ഞാൻ കറുപ്പാണ്
**രമ്യ ബാലകൃഷ്ണൻ**

22 മണ്ണെഴുത്ത്
**സി. സോമി**

24 തായ്ബാജെ മർദോനു നഗമന്റ്
(മാതൃഭാഷ മറക്കുന്ന ബെട്ടകുറുമൻ)
**സിന്ധു കൃഷ്ണദാസ്**

26 തറാവൊരി തൊവുലേക്കിരി
**സിന്ധു കൃഷ്ണദാസ്**

27 1. കൂകിതതെ കോളി
(കൂവുന്നുണ്ട് കോഴി)
2. ഒളെ നീറ് (പുഴവെള്ളം)
കവിത/**കണികൃഷ്ണ കെ. സി.**

28 അറിവിന്റെ ആശാത്തിയോടൊപ്പം
**മുത്തുലക്ഷ്മി**

35 ഗോത്രാവകാശങ്ങളുടെ പ്രക്ഷോഭക–മംഗ്ലു ശ്രീധർ
**മൃദുലാദേവി**

37 ആദിവാസിയുടെ വംശനാശം –ഒരു തുടർക്കഥ
പെൺപക്ഷം/**അജിത കെ.**

38 കാട് ബോൾദിനിവ്വുന്നോ
കവിത/**ദേവീകൃഷ്ണ**

40 നിഴലേ നിന്നെ മറക്കാൻ...
കഥ / **ഗ്രീഷ്മ കെ.**

43 കുഴിയാനകളുടെ ലോകം
കഥ/**സീന തച്ചങ്ങാട്**

45 ഓട്ടക്കാരാണ് കൂടുതൽ ആകർഷണീയർ
പുസ്തകപരിചയം/**മിനി പ്രസാദ്**

46 കല്യാണിയേടത്തി
വഴിത്താരകൾ/**ജാനകി**

49 പണ്ടത്തെ കൊയ്ത്തുത്സവം
ലേഖനം/ഓർമ്മ **എം. ലക്ഷ്മിക്കുട്ടി അമ്മ**

53 വാസ്തവം
**ഡോ. ജാൻസി ജോസ്**

54 തിരണ്ടിരിക്കുമ്പോൾ
കവിത/**ജൂലിയ ഡേവിഡ്**

55 ഞാനെന്ന സ്ത്രീ – **ഗീത**

56 ഒരു നക്ഷത്രം പാടുമ്പോൾ : സസ്നേഹം നന്ദിതയ്ക്ക്
ലേഖനം/ഓർമ്മ **ദിവ്യ എൻ.**

60 പ്രണയമരം
കവിത/**വി. എൻ. നിഷ പയ്യനെടം**

62 ശാസ്ത്രം/**സീമ ശ്രീലയം**

62 കാർട്ടൂൺ




## ഫോട്ടോ ഫീച്ചർ : വഴിതെളിയിക്കുന്നവർ


**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ** : ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ** :സിന്ധു കൃഷ്ണദാസ് **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഗാർഗി ഹരിതകം, അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസുകുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934



**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

സവർണ്ണഹിന്ദുത്വ ആണധികാരങ്ങളെ എതിർത്തുതോൽപ്പിക്കാനുള്ള തീവ്രഊർജ്ജം കുടികൊള്ളുന്നത് ജാതിവിരുദ്ധ ഐക്യപ്പെടലുകളിലും സംഘാടനങ്ങളിലും കൂടിയാണെന്ന് ഇന്ന് രാജ്യത്ത് പടർന്നുയരുന്ന ദലിത് പ്രക്ഷോഭങ്ങൾ ചൂണ്ടിക്കാണിക്കുന്നു. മുതലാളിത്തഹുങ്കിന്റെ പിൻബലത്തിൽ അഴിച്ചുവിടുന്ന ഹിന്ദുത്വ ഹിംസാപദ്ധതികളെ അസ്ഥിരപ്പെടുത്താൻ ശേഷിയാർജ്ജിച്ചതാണ് ഇവ എന്ന് ബോധ്യപ്പെടുന്നുണ്ട് പരക്കെ. ജാതിപീഡന ത്തിനെതിരെയുള്ള ഭരണഘടനാസംരക്ഷണങ്ങളിൽ വെള്ളം ചേർക്കാനുള്ള ശ്രമം ഹിന്ദുത്വശക്തികളുടെ അരക്ഷിതാവസ്ഥയിൽ നിന്നാണുടലെടുക്കുന്നത്. പൊതുസമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിന് ദളിത് രക്തസാക്ഷി കളേറെയുണ്ടാവുന്നു എന്നത് നമ്മുടെ കെട്ടകാലത്തിന്റെ ദുരവസ്ഥയാവുന്നുണ്ട്.

കൊടിയ ജാതിവെറികളിൽ മനുഷ്യത്വം എന്ന വിശാലത ഏത് നിമിഷവും അട്ടിമറിക്കപ്പെടാമെന്ന ക്രൂരസത്യം ജാതികേരളം വീണ്ടും തുറന്നു കാട്ടിയിരിക്കയാണ്. ദലിതനെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചതിന് സ്വന്തം അച്ഛൻ കത്തിയിറക്കിക്കൊന്ന ആതിരയുടെ ജീവിതം, അല്ല മരണം, കേരളത്തിന്റെ ജനാധിപത്യ മുഖംമൂടികളെ പറിച്ചെറിയുന്നുണ്ട്. ചെറുത്തു നിൽപുകൾ അപലപിക്കുന്നതിൽ അവസാനിച്ചുപോകാതെ മുഴുവൻ സമൂഹത്തിന്റെയും ഉത്തരവാദിത്വമായി രൂപപ്പെടുന്ന ഉറച്ച സംഘാടനങ്ങൾ ഉണ്ടാക്കുക എന്നതു മാത്രമാണ് നമ്മുടെ മുമ്പിലുള്ള ഏക പോംവഴി.

കണ്ണൂർ എടാട്ട് സ്വദേശിയും ദലിത് ഓട്ടോഡ്രൈവറുമായ ചിത്രലേഖയുടെ സമരത്തിന് കുറേ വർഷങ്ങളുടെ ചരിത്രമുണ്ട്. രാഷ്ട്രീയ പകപോക്കലുകളുടെ ഇരയാണെങ്കിലും തോറ്റു കൊടുക്കാതെ പൊരുതി നിൽക്കുന്ന അവരെ മുട്ടുകുത്തിക്കാനുള്ള ഹീന ശ്രമമാണ് കേരള സർക്കാർ ഈയിടെ നടത്തിയത്. ദീർഘസമരത്തിനൊടുവിൽ 2016ൽ യു.ഡി.എഫ്. സർക്കാർ സൗജന്യമായി നൽകിയ ആറുസെന്റ് ഭൂമി തിരിച്ചുപിടിക്കാനാണ് 26/03/2018 നിറങ്ങിയ ഉത്തരവ് ആവശ്യപ്പെടുന്നത്. സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ വീടുപണി നടന്നു കൊണ്ടിരിക്കുമ്പോഴാണ് ഇത് നടക്കുന്നതും.ലജ്ജിക്കാൻ ഇനിയും കേരളത്തിന് ഏറെ വകയുണ്ടെന്ന് സാരം.

ഫാറൂക്ക് ട്രെയിനിങ്ങ് കോളേജിലെ കൗൺസിലിങ്ങ് കൂടി കൈകാര്യം ചെയ്യുന്ന അദ്ധ്യാപകൻ നടത്തിയ ലൈംഗികാതിക്രമ സ്വഭാവമുള്ള പരാമർശങ്ങൾ ഏറ്റവും നിന്ദ്യമായിപ്പോയി. ഒളിഞ്ഞുനോട്ടക്കാരന്റെ വ്യഗ്രതയോടെ വിദ്യാർത്ഥിനികളുടെ ശരീര വർണ്ണനകൾ നടത്തുന്ന ഇയാളെപ്പോലുള്ളവരെ നിലയ്ക്കു നിർത്താൻ മാനേജ്മെന്റ് രംഗത്തിറങ്ങുമോ? ജാതി മത വ്യത്യാസമില്ലാതെ അരങ്ങേറുന്ന ഇത്തരം ഹീനപ്രവൃത്തികളെ കഠിനമായി അപലപിക്കുന്നു.ഇത് സധൈര്യം പുറത്തു കൊണ്ടുവന്ന വിദ്യാർത്ഥിനിക്ക് മുഴുവൻ പിന്തുണയും.

പൊതുബോധത്തിൽ ഗോത്രജീവിതം അടയാളപ്പെട്ടിട്ടുള്ളത് സാംസ്ക്കാരിക ‘ഔന്നത്യ’ങ്ങളുടെ അപരസ്ഥാനങ്ങളിലാണ്. വ്യത്യസ്ത ജീവിതലോകങ്ങളിലുള്ളവർ ആയതുകൊണ്ടു മാത്രം മുതലാളിത്ത ചൂഷണവ്യവസ്ഥയുടെ ഇരയാക്കുവാനും കൗതുകക്കാഴ്ചകളുടെ അകലങ്ങളിൽ ആസ്വദിക്കാനും വിധിക്കപ്പെട്ടവരായി സമൂഹം ആദിവസികളെ മാറ്റി . ആധുനിക അറിവുവ്യവസ്ഥകൾക്കും സാംസ്കാരികക്രമങ്ങൾക്കും പുറത്തു ജീവിക്കുന്നവർ എന്ന നിലയിൽ അവരെ ‘നന്നാക്കി’യെടുക്കേണ്ടുന്ന, പണ്ട് ബ്രിട്ടീഷുകാർ മുന്നോട്ടുവെച്ച, അതേ ’വെള്ളക്കാരന്റെ ബാധ്യത’ (white man's burden) യാണ് മാറി വന്ന സർക്കാറുകളും ഏറ്റെടുത്തത്. പരമപ്രധാനമായ ജീവസ്രോതസ്സ് എന്ന നിലയിൽ ഭൂമിക്കുമേലുള്ള പ്രവേശനസാധ്യത തുറന്നുകൊടുക്കാതെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ സ്വീകർത്താക്കളായി മാത്രം ആദിവാസികളെ നിലനിർത്തുന്നത് തികഞ്ഞ ഹിംസയാണ്. സർക്കാർ പദ്ധതികളിൽ ഉടനീളം മുകളിൽ നിന്ന് താഴോട്ട് നോക്കിക്കാണുന്ന അധിനിവേശകാഴ്ചയുടെ നയങ്ങളാണ് പ്രതിഫലിക്കുന്നത്. സ്വാഭിമാനമുള്ള ജനതയെന്ന നിലയിൽ സ്വന്തം ഭാഷയും സംസ്ക്കാരവും ഉയർത്തിപ്പിടിച്ച് സംഘടിച്ചു കൊണ്ടിരിക്കയാണ് ഗോത്രങ്ങൾ. വൈവിധ്യമാർന്ന ഗോത്രജീവിതാവസ്ഥകളെയും പോരാട്ടങ്ങളെയും ആവിഷ്ക്കരിക്കുകയാണ് സിന്ധു കൃഷ്ണദാസ് അതിഥിപത്രാധിപയായ ഈ ലക്കം സംഘടിത. വായനക്കാരുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കട്ടെ.

## അതിഥിപത്രാധിപക്കുറിപ്പ്



**സിന്ധു കൃഷ്ണദാസ്**
തോൽപ്പെട്ടി ട്രൈബൽ
പെരിപതറ്റിക്ക് സ്കൂൾ അദ്ധ്യാപിക

# ഗോത്രവർഗ്ഗക്കാരുടെ കൈകളിൽ പേന എന്ന ആയുധം ശക്തിപ്രാപിച്ചാൽ

**കേ**രളത്തിൽ 36 വിഭാഗം ഗോത്രവർഗ്ഗക്കാർ നിലവിലുണ്ട്. അവസാനമായി പട്ടികയിൽ ഇടംപിടിച്ച മറാട്ടികളെക്കൂടി ചേർത്താൽ 37 വിഭാഗമാണെന്ന് പറയാം. ആദിവാസി സാഹിത്യങ്ങളും എഴുത്തുകളും എപ്പോഴും ഒരു ദുർബല മേഖലയായി തന്നെ മാറിയിരിക്കുകയാണ്. ഇവിടെയാണ് പുതിയ തലമുറകളിലുള്ള ഗോത്ര എഴുത്തുകാരുടെ പുനർജ്ജന്മം ആവശ്യമായി വരുന്നത്. എഴുത്ത് എന്നും കരുത്തായി നിലനിൽക്കണമെങ്കിൽ സത്യങ്ങൾ വിളിച്ചുപറയുന്ന നാവായിരിക്കണം നമ്മുടേത്. മാറുകയും മാറ്റുകയും ചെയ്യുന്നവരായിരിക്കണം ഓരോ ആദിവാസിയും. ചൂഷണത്തിനും അഴിമതിയ്ക്കും എതിരെ പൊരുതണം. ആദിവാസി ഉന്നമനത്തിന് വേണ്ടി സർക്കാരുകൾ നീക്കിവയ്ക്കുന്ന ഫണ്ടുകൾ ഇടനിലക്കാരും, ഉദ്യോഗസ്ഥന്മാരും, മാറിമാറി വരുന്ന നാടുവാഴിതമ്പ്രാക്കന്മാരും വിഴുങ്ങുന്ന പ്രവണതകളെക്കുറിച്ചും ആദിവാസികൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ചും എഴുതുവാൻ ഗോത്രവിഭാഗക്കാർ തന്നെ പേന പിടിക്കേണ്ടതുണ്ട്.

ആദിവാസികൾക്കിടയിൽ അന്യംനിന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഭാഷയെയും വാമൊഴിക്കഥകളെയും ആചാരാനുഷ്ഠാനങ്ങളെയും, കാട്, അരുവി, മരങ്ങൾ, ഭക്ഷണരീതി, പച്ചിലമരുന്നുകൾ എന്തെല്ലാം എന്തെല്ലാം ഉണ്ട്. ഇത് ഗോത്രവർഗ്ഗക്കാരൻ എഴുതുന്നതുപോലെ വരില്ല മറ്റു സവർണ്ണ എഴുത്തുകാർ എഴുതുന്നത്. അതുകൊണ്ടുതന്നെ ഇതൊരു തുടക്കമായി കണ്ട് മുമ്പോട്ടുവരിക.

നമ്മളെ അറിയുന്നവർ നമ്മളെ മറന്നാൽ ആശ്വസിപ്പിക്കാൻ എത്തുന്നത് കണ്ണീരാണ്. അതെ നമുക്ക് കരയാം ഒരുമിച്ച്. കരയുന്നവനേ പാലുള്ളൂ. പിന്നാക്കം നിൽക്കുന്ന ആദിവാസി സമുദായക്കാർക്ക് തങ്ങളുടെ ജീവിതം ഗോത്രഭാഷയിൽത്തന്നെ എഴുതി കാണിക്കാൻ ഈ ലക്കത്തിൽ അവസരവും പ്രചോദനവും തന്നതിന് ഞാൻ വളരെ അധികം സംതൃപ്തയും നന്ദിയുള്ളവളുമാണ്. ആദ്യമായാണ് ഞാൻ ഒരു പ്രസിദ്ധീകരണത്തിനുവേണ്ടി എഴുതുന്നതും. എനിക്കറിയാവുന്നതുപോലെയും എനിക്ക് ശരി എന്ന് തോന്നിയതും ഞാൻ എഴുതി. ഇനിയും കരുത്തോടെ എഴുതുവാനുള്ള അവസരങ്ങൾക്കായി ഉൾക്കരുത്തോടെ കാത്തിരിക്കുന്നു.



**എം.ആർ.ചിത്ര**
*നീതിവേദി എന്ന മനുഷ്യാവകാശസംഘടന യിൽ പാരാലീഗൽ പ്രവർത്തക, 22 വർഷമായി ആദിവാസിമേഖലയിൽ പ്രവർത്തിക്കുന്നു. കാട്ടുനായ്ക്ക ഗോത്രാംഗം.*

# നിങ്ങളിൽ ഞാൻ



ഞാൻ ഒരു ആദിവാസി സ്ത്രീയാണെന്ന് വളരെ അഭിമാനത്തോടെ പറയുന്നു.എന്റെ വീട് കൊടുംവനത്തിൽ ആയിരുന്നു . വിദ്യാഭ്യാസമുള്ള ആരും തന്നെ അവിടെ ഉണ്ടായിരുന്നില്ല . ഈശ്വരാനുഗ്രഹത്താൽ അതിനുള്ള ഭാഗ്യം എനിക്കു കൈവന്നു. അക്കാലത്ത് ഹോസ്റ്റൽ സൗകര്യം ഉണ്ടായിരുന്നില്ല. മുണ്ടേരിയിൽ ഒരു ട്രൈബൽ സ്കൂൾ ഉണ്ടായിരുന്നു. ഓലഷെഡ്ഡുകളിൽ ആയിരുന്നു ആ സ്കൂൾ പ്രവർത്തിച്ചിരുന്നത്. എന്റെ ഊരിൽ നിന്നും നാലു കിലോമീറ്റർ നടന്നുവേണം സ്കൂളിലെത്താൻ. അതിൽ മൂന്ന് കിലോമീറ്ററും കൊടും കാടായിരുന്നു. ആനയും പന്നിയും കരടിയുമൊക്കെ ഞങ്ങളുടെ സുഹൃത്തുക്കളായിരുന്നു. കാട്ടിലെ ഒറ്റയടിപ്പാതയിലൂടെ ഞങ്ങൾ നടന്നു പോകുമ്പോൾ ഇരുവശങ്ങളിലുമായി ഇവർ തീറ്റ തേടുന്നതായി കാണാം. പക്ഷേ ഇവർ ഉപദ്രവിച്ചിരുന്നില്ല . പലപ്പോഴും പാമ്പുകളേയും കാണാറുണ്ട്. ഞങ്ങളും ഇവരെയൊന്നും ഉപദ്രവിച്ചിരുന്നില്ല . മഴക്കാലങ്ങളിൽ പാതയോരത്തെ പുല്ലുകളിൽ നിറയെ മീനുണ്ടാവും. വൈകുന്നേരങ്ങളിൽ വീട്ടിലേക്ക് നടക്കുമ്പോൾ മീൻപിടിച്ച് ചോറ്റു പാത്രത്തിലാക്കി വീട്ടിലെത്തും. എനിക്ക് കൂട്ടുകാരായി ആരുമുണ്ടായിരുന്നില്ല. ആൺകുട്ടികൾ സ്കൂളിനടുത്തുള്ള ഹോസ്റ്റലിലാണ് താമസിച്ചിരുന്നത്. ഈ സൗകര്യം പെൺകുട്ടികൾക്ക് ഉണ്ടായിരുന്നില്ല. എന്റെ അച്ഛനും അമ്മയുമാണ് എന്നെ സ്കൂളിൽ വിടാൻ വരിക. വനപ്രദേശം കഴിയുമ്പോൾ അവർ തിരികെ പോകും. വൈകിട്ട് കാത്തുനിൽക്കും.

നല്ല വസ്ത്രങ്ങളോ ഭക്ഷണമോ പുസ്തകങ്ങളോ പേനയോ കുടയോ ഒന്നുമുണ്ടായിരുന്നില്ല. ആകെയുള്ളത് രണ്ട് യൂണിഫോം മാത്രമായിരുന്നു. ചേമ്പിന്റെ ഇലയും വാഴയിലയും ആയിരുന്നു കുടകൾ. ഞാൻ നന്നായി പഠിച്ചിരുന്നു. ബുക്കുകളും സ്ലേറ്റുകളും എന്റെ സ്വത്തായിരുന്നു. ബുക്കുകൾ സൂക്ഷിക്കാൻ ബാഗ് ഉണ്ടായിരുന്നില്ല. ഒരു ദിവസം സ്കൂളിൽ പോകുമ്പോൾ തൊട്ടടുത്ത റബ്ബർതോട്ടത്തിൽ കയറി റബ്ബറിന് കൂട നിറയ്ക്കുന്ന കറുത്ത പ്ലാസ്റ്റിക്ക് കവറുകൾ പുഴയിൽ കൊണ്ടുപോയി കഴുകിത്തുടച്ച് തന്നു അച്ഛൻ. പിന്നീട് ഞാൻ ആ കറുത്ത കവറിൽ എന്റെ ബുക്കുകൾ ഭദ്രമായി സൂക്ഷിച്ചിരുന്നു. സ്ലേറ്റുകളിൽ ഞാൻ ചെയ്ത ഹോംവർക്ക് മാഞ്ഞു പോകാതിരിക്കാൻ വളരെ പാടുപെട്ടിരുന്നു . മൃദുലടീച്ചർ, മോഹൻസാർ, ഗീതടീച്ചർ , ജോൺസാർ ഇവരെയൊന്നും മറക്കാൻ കഴിയില്ല. എന്നെ നന്നായി സ്നേഹിച്ച ടീച്ചർമാരാണ് ഇവർ. അടിയിലൂടെയാണ് അക്കാലത്ത് അധ്യാപകർ സ്നേഹം പകർന്നിരുന്നത്. പഠിക്കുന്ന കുട്ടികളെ പ്രത്യേകം അടിക്കും. ആ അടിയെ സ്നേഹത്തിന്റെ ഭാഷയിൽ ആണ് ഞങ്ങൾ സ്വീകരിച്ചിരുന്നത് .ആർക്കും പരാതി ഉണ്ടായിരുന്നില്ല.

എന്റെ കഥകൾ കുട്ടികൾക്ക് പറഞ്ഞു കൊടുത്തിട്ട് എന്റെ ബുക്കും സ്ലേറ്റും ഒക്കെ കുട്ടികൾക്ക് കാണിച്ചു കൊടുക്കും മോഹൻസാർ . കുട്ടികൾ എന്നെ അഭിമാനപൂർവം കണ്ടിരുന്നു. അക്കാലത്ത് ഒരു വിവേചനം ഉണ്ടായിരുന്നു എന്ന് തോന്നുന്നില്ല.

ഉച്ചക്ക് കഞ്ഞിയും പയറും തരുന്ന ഹാജിയാര് കാക്കയെ മറക്കാൻ കഴിയില്ല . എനിക്ക് വയറു നിറയെ ഭക്ഷണം നൽകാൻ അധ്യാപകർ റെക്കമെന്റുമായി എത്താറുണ്ട് . ചിലപ്പോൾ അദ്ധ്യാപകർ തന്നെ വിളമ്പിത്തരും. ചിലപ്പോഴൊക്കെ കഞ്ഞിയിൽ നീളൻ പുഴുക്കളെ കാണാറുണ്ട്. അതിനെ എടുത്തു കളഞ്ഞതാണ് കഞ്ഞി കുടിക്കുക. എങ്കിലും സന്തോഷമായിരുന്നു. വീട്ടിൽ ഒരു പക്ഷെ അതും കിട്ടിയെന്നു വരില്ല.
സ്കൂളിലെ കഞ്ഞിയും പയറും എന്നെ വളർച്ചയിലേക്കെത്തിച്ചു. വഴിയിലൂടെ കടന്നു പോകുന്നവർ എന്നെ ശ്രദ്ധിക്കാൻ തുടങ്ങി.

എന്റെ ഊരിൽ നിന്നും ഏകദേശം നാലുമണിക്കൂർ വനത്തിലൂടെ നടന്നാൽ തമിഴ്നാട്ടിലെത്തും (1988 വർഷം) ഇക്കാലത്ത് കശുമാങ്ങയുടെ അണ്ടി കടത്തുന്നത് ഈ പ്രദേശത്തു കൂടിയാണ്. കള്ളക്കടത്തായിരുന്നു ഇത്. ആരോഗ്യവാന്മാരായ കുറെ പുരുഷന്മാർ അണ്ടിചാക്കുമായി ചുമടേറ്റി പോകുന്നത് ഞങ്ങൾ കാണാറുണ്ട് . അവരെന്നെ ശ്രദ്ധിക്കുന്നതും ഞാൻ കണ്ടു. ചിലർ എനിക്ക് തിന്നാനായി എന്തൊക്കെയോ തന്നിട്ടുമുണ്ട്. ചിലപ്പോഴൊക്കെ അവർ ഊരിനടുത്തുള്ള പുഴയിലേക്കിറങ്ങി വരും അവിടെ വന്ന് കുളിയും കഴിഞ്ഞു ഭക്ഷണവും മദ്യവും കഴിക്കും .പിന്നീടവർ ഊരിലേക്ക് വരാൻ ശ്രമിക്കും. മൂപ്പന്റെ ഭരണം അതിശക്തമായിരുന്നു അക്കാലത്ത്. ഊരുമൂപ്പൻ



ഊരിന്റെ അധിപനായിരുന്നു .അതുകൊണ്ട് കള്ളക്കടത്തുകാർ.ഊരിൽ പ്രവേശിച്ചില്ല . ഓണക്കാലത്ത് പൂക്കൾ പറിക്കാൻ വനത്തിനുള്ളിൽ ഞങ്ങളെല്ലാവരും പോകും . റോസ്, ചുവപ്പ് ,വെള്ള നിറത്തിലുള്ള പൂച്ചെടികൾ ധാരാളം ലഭിക്കും. ഇവ വളരെ ഭംഗിയുള്ളവയാണ്. ഊരിലെ ചേച്ചിമാരോടൊപ്പമാണ് ഞങ്ങൾ പോകുന്നത് . പൂച്ചെടിക്ക് നല്ല മധുരമുള്ള കായയുണ്ട്.അതും പറച്ചു തിന്നാണ് ഞങ്ങൾ നടക്കുന്നത് . മുള്ളൽ പഴത്തിന്റെ കായയും വളരെ രുചിയേറിയതായിരുന്നു. പൂ പറിക്കാൻ പോയ ചേച്ചിമാരെ കാണാതാകുമ്പോൾ ഞങ്ങൾ അന്വേഷിച്ചു ചെല്ലും. അണ്ടിയുമായി കള്ളക്കടത്തു പോകുന്ന പുരുഷന്മാരോടൊത്തിരിക്കുന്ന ചേച്ചിമാരെയാണ് ഞങ്ങൾ കണ്ടിരുന്നത്. അവരിൽ നിന്നു കിട്ടുന്ന ഭക്ഷണവുമായി ഇവർ

ഞങ്ങളുടെ അടുത്തെത്തും. കൂടാതെ കുറെ പറങ്കിയണ്ടിയും തരും. ഞങ്ങൾ സന്തോഷത്തോടെ അതുവാങ്ങി പുഴക്കരയിലേക്ക് പോകും.

ഊരുകളിൽ പോലീസ് എത്തുന്നതും പതിവായി. അവർ സുന്ദരികളായ സ്ത്രീകളുമായി കളിയും ചിരിയും പറഞ്ഞിരിക്കും. അണ്ടി കള്ളക്കടത്തുകാരെ പിടിക്കാനാണ് പോലീസുകാർ ക്വാർട്ടേഴ്സിൽ താമസിക്കുന്നത്. ഈ ക്വാർട്ടേഴ്സ് (പാടി) ഞങ്ങളുടെ വീടിനടുത്ത് ആയിരുന്നു . പോലീസ് ഊരിൽ വന്ന് സ്ത്രീകളെ കൂട്ടിക്കൊണ്ടുപോകും. ഭക്ഷണം പാകം ചെയ്യാനും ഇവർക്ക് വിറക് ശേഖരിക്കാനുമാണ് എന്ന് പറയും. ആദ്യമൊക്കെ സ്ത്രീകൾ മടി കാണിച്ചിരുന്നു. പിന്നീട് അവർ തന്നെ പോയിത്തുടങ്ങി. കുട്ടികളായ ഞങ്ങളും കൂടെ പോകാൻ ഒരുങ്ങും. ഞങ്ങൾക്ക് നല്ല ഭക്ഷണം കിട്ടുമല്ലോ എന്നു കരുതി ഞങ്ങൾ പോകാൻ വാശിപിടിക്കും . എന്നാൽ പോലീസുകാരൻ അതിനു സമ്മതിച്ചിരുന്നില്ല ഞങ്ങളെ പിന്നീട് കൊണ്ടുപോകാം എന്നു പറയും. നേരം ഇരുട്ടിത്തുടങ്ങുമ്പോൾ അമ്മമാർ നിറയെ ഭക്ഷണവും ആയി എത്തും . പോലീസുകാരെ വാനോളം പുകഴ്ത്തി സന്തോഷത്തോടെ വയറ് നിറയ്ക്കും. പുരുഷന്മാർ വനത്തിനുള്ളിൽ പോകുന്ന സമയത്താണ് പോലീസ് വരുന്നത്. ഞാൻ വളരും തോറും എന്റെ ചിന്തകളും വളർന്നപ്പോഴാണ് ആ ഭക്ഷണം കഴിക്കരുതായിരുന്നു എന്ന് മനസ്സിലായത് . ഞങ്ങളുടെ അമ്മമാരുടെ മാനം പണയംവച്ചു കിട്ടിയ



**അങ്ങനെ കുട്ടിക്കാലം മുതലേ ചൂഷണം കണ്ടും അനുഭവിച്ചും വന്ന ഒരാളായിരുന്നു ഞാൻ . വായനാശീലം വളർത്തിക്കൊണ്ടുവന്ന കുട്ടിയായിരുന്നു ഞാൻ. എവിടെനിന്നു കിട്ടിയ ബുക്കുകളായാലും വായിക്കുമായിരുന്നു. അങ്ങനെ ഒരു ബുക്കിൽ നിന്നും വായിച്ചറിഞ്ഞ കുറച്ചു വിവരങ്ങൾ എന്നെ ഞെട്ടിച്ചു. അട്ടപ്പാടി വയനാട് ഭാഗങ്ങളിലെ ആദിവാസി സ്ത്രീകളുടെ അനുഭവങ്ങളായിരുന്നു അത് .**

വായനാശീലം വളർത്തിക്കൊണ്ടുവന്ന കുട്ടിയായിരുന്നു ഞാൻ. എവിടെനിന്നു കിട്ടിയ ബുക്കുകളായാലും വായിക്കുമായിരുന്നു.അങ്ങനെ ഒരു ബുക്കിൽ നിന്നും വായിച്ചറിഞ്ഞ കുറച്ചു വിവരങ്ങൾ എന്നെ ഞെട്ടിച്ചു .അട്ടപ്പാടി വയനാട് ഭാഗങ്ങളിലെ ആദിവാസി സ്ത്രീകളുടെ അനുഭവങ്ങളായിരുന്നു അത് . ഫോറസ്റ്റ് ഉദ്യോഗസ്ഥരും പോലീസ് ഉദ്യോഗസ്ഥരും സ്ത്രീകളെ ലൈംഗികമായി ഉപയോഗിച്ച ഫീച്ചറുകൾ ആയിരുന്നു അത്. പുരുഷന്മാർക്ക് മദ്യം നൽകി സ്ത്രീകളെ ഉപയോഗിച്ചിരുന്നു. അതും ഭർത്താവിന്റെയും

കുട്ടികളുടെയും മുന്നിൽ വെച്ച്. വിവാഹിതരാകാത്ത പെൺകുട്ടികളോട് പ്രണയം നടിച്ചു വിവാഹവാഗ്ദാനം നൽകി പെൺകുട്ടികളെ ഗർഭിണികളാക്കിയിരുന്നു. കുട്ടിക്കാലത്ത് വായിച്ച ചില വരികൾ ഇന്നും മനസ്സിൽ ഒരു മുറിവായി കിടക്കുന്നുണ്ട് .അതി സുന്ദരിയായ ഒരു പെൺകുട്ടിയെ പ്രണയിച്ച് വിവാഹവാഗ്ദാനം നൽകി ഒരു മുതിർന്ന ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ ക്വാർട്ടേഴ്സിൽ താമസിപ്പിച്ചു. മാസങ്ങൾക്കുശേഷം പെൺകുട്ടി ഗർഭിണിയായി. തന്റെ വീട്ടുകാരെ വിവരം അറിയിക്കട്ടെയെന്നും പറഞ്ഞ് ഉദ്യോഗസ്ഥൻ യാത്രയായി. പിന്നീട് മറ്റൊരുദ്യോഗസ്ഥൻ ഈ ക്വാർട്ടേഴ്സിലെത്തി. ഇനി നീ എന്റേതാണ് സാർ ഇനി വരില്ല. ട്രാൻസ്ഫർ വാങ്ങി ദൂരേക്ക് പോയി എന്നു പറഞ്ഞ് പെൺകുട്ടിയെ കടന്നുപിടിച്ചു. പെൺകുട്ടിക്ക് ഊരുവിലക്ക് കല്പിച്ചിരുന്നതിനാൽ ഊരിലേക്കു പോയില്ല.

പലർക്കും ഭവനനിർമ്മാണം മുതൽ എല്ലാ അടിസ്ഥാന സൗകര്യങ്ങൾക്കും സർക്കാരിലേക്ക് അപേക്ഷകൾ നൽകിയത് ഞാനായിരുന്നു. ഇവരുടെ എല്ലാ വികസന പ്രവർത്തനങ്ങൾക്കും ഞാൻ ചുക്കാൻ പിടിച്ചു. അക്കാലത്തൊന്നും ആദിവാസിയിടത്തിൽ പ്രവർത്തകരായി ആരുമുണ്ടായിരുന്നില്ല. ITDP മാത്രമായിരുന്നു ആശ്രയം.

എന്റെ പ്രവർത്തനങ്ങൾ ചിലരിൽ ഭയവും ഉത്കണ്ഠയുമുണ്ടാക്കി. എന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താൻ മുന്നിട്ടിറങ്ങിയത് വീടുനിർമ്മാണ കോൺട്രാക്ടർമാരായിരുന്നു. അവർ രാഷ്ട്രീയസ്വാധീനമുപയോഗിച്ച് എന്റെ പ്രവർത്തനം മാത്രമല്ല കുടുംബത്തെപ്പോലും തകർത്തെറിഞ്ഞു. 25ാം വയസ്സിൽ ഞാൻ അനാഥയായി. എന്നെക്കുറിച്ച് അപവാദങ്ങളുണ്ടാക്കി ഭർത്താവിന്റെ മനസ്സിൽ സംശയത്തിന്റെ തീപ്പൊരി വിതറി. മാത്രമല്ല മദ്യം നൽകി വശത്താക്കുകയും മദ്യത്തിന് അടിമപ്പെടുത്തുകയും ചെയ്തു.

ആ സംഭവത്തോടു കൂടി ഞാൻ എന്ന സ്ത്രീ ഒരു തീ നാളം പോലെ കത്തി ജ്വലിക്കുകയായിരുന്നു. ആരോടൊക്കെയോ ഉള്ള എന്റെ പക, വാശി എന്നെ എന്തൊക്കെയോ ആക്കിത്തീർത്തു. ജീവിതം നിലനിർത്താൻ ഞാൻ നന്നേ പാടുപെട്ടു. അവരെന്നെ തോല്പിക്കുകയായിരുന്നില്ല. വിജയത്തിന്റെ പാത തുറന്നുകാട്ടുകയായിരുന്നു. എന്നിട്ടും തീർന്നില്ല സവർണ്ണ, രാഷ്ട്രീയപക എന്നോട്. എന്റെ ആളുകളെ ഉപയോഗിച്ചു തന്നെ അവരെന്നെ ദ്രോഹിച്ചുകൊണ്ടിരുന്നു ഞാനെന്റെ പേന താഴെ വെക്കുന്നതിനു വേണ്ടി അവർ അഹോരാത്രം ശ്രമിച്ചു. പിന്നീട് 5 വർഷക്കാലം സ്ത്രീകളുടെയും പെൺകുട്ടികളുടേയും ഇടയിൽ ഞാൻ പ്രവർത്തിച്ചു. വിധവകളേയും ഉപേക്ഷിക്കപ്പെട്ടവരേയും പൊതുസമൂഹത്തിലെ പുരുഷന്മാർ ഉപയോഗിക്കുന്ന വാർത്തകൾ കേട്ട് ഞാൻ ഞെട്ടി. നാലും അഞ്ചും കുട്ടികളു



**നാലും അഞ്ചും കുട്ടികളുള്ള ആദിവാസി സ്ത്രീകൾ അവരുടെ പട്ടിണിമാറ്റാൻ നെട്ടോട്ടമോടുമ്പോൾ അവിടെയും വിവാഹവാഗ്ദാനങ്ങൾ നിറഞ്ഞൊഴുകി. കിട്ടിയത് താലിയല്ല, പുതിയൊരു ജീവനെ. ഇനിയൊരു ചൂഷണത്തിനും സ്ത്രീകൾ അടിമപ്പെടരുത് എന്ന് ഞാൻ ആഗ്രഹിച്ചു. സാക്ഷരത നടപ്പിലാക്കിയും കുട്ടികളെ സ്കൂളിൽ ചേർത്തും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ ശ്രമിച്ചു.**

ള്ള ആദിവാസിസ്ത്രീകൾ അവരുടെ പട്ടിണിമാറ്റാൻ നെട്ടോട്ടമോടുമ്പോൾ അവിടെയും വിവാഹവാഗ്ദാനങ്ങൾ നിറഞ്ഞൊഴുകി. കിട്ടിയത് താലിയല്ല, പുതിയൊരു ജീവനെ. ഇനിയൊരു ചൂഷണത്തിനും സ്ത്രീകൾ അടിമപ്പെടരുത് എന്ന് ഞാൻ ആഗ്രഹിച്ചു. സാക്ഷരത നടപ്പിലാക്കിയും കുട്ടികളെ സ്കൂളിൽ ചേർത്തും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ ശ്രമിച്ചു. ഡൽഹി, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, കർണ്ണാടക, തമിഴ്നാട് എന്നീ സ്ഥലങ്ങളിൽ പോകാനും പതിനാലു ജില്ലകളിൽ പ്രോഗ്രാമുകളിൽ പങ്കെടുക്കാനും ഇത്തരം വിഷയങ്ങൾ അവതരിപ്പിക്കാനും സാധിച്ചു. അട്ടപ്പാടി, ആറളം ഫാം, നിലമ്പൂർ തുടങ്ങിയ ഭാഗങ്ങളിൽ ആദിവാസി വിഭാഗങ്ങളിൽ റിസർച്ച് ചെയ്യാനുള്ള അവസരവും ഉണ്ടായി. SSLC നല്ല മാർക്കോടെ പാസ്സായ ഞാൻ പ്ലസ്ടു, ഡിഗ്രി പരീക്ഷകളും പാസ്സായി.

നീതിവേദി എന്ന മനുഷ്യാവകാശസംഘടനയിൽ പാരാലീഗൽ പ്രവർത്തകയായ എനിക്ക് എല്ലാ നിയമങ്ങളെക്കുറിച്ചും അറിവ് ശേഖരിക്കുവാൻ കഴിഞ്ഞു. പലയിടങ്ങളിൽ നിന്നും കൊച്ചുകൊച്ചു ആദരവും അംഗീകാരവും ഏറ്റുവാങ്ങി. പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമം വഴി കുറേയേറെ കേസുകൾ പരിഹരിച്ചു. ഇതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുവമ്പാടം ആദിവാസിയുവാവായ വെള്ളന്റെ കേസ്. ഇക്കാലയളവിൽ വധഭീഷണി മുതൽ കടുത്ത ആരോപണങ്ങളും ഞാൻ അനുഭവിച്ചു. ഒരു സ്ത്രീയെ എത്രത്തോളം തരം താഴ്ത്തി കാണിക്കാൻ കഴിയുമോ അത്രത്തോളം അവരെന്നെ ചിത്രീകരിച്ചു.

പതറാതെ തളരാതെ ഞാൻ നിന്നു. വിജയം സുനിശ്ചിതമാണെന്ന് എനിക്ക് അറിയാമായിരുന്നു. വെള്ളന് താമസിക്കുവാനുള്ള ഇടവും മൂവ്വായിരം രൂപ ശമ്പളവും ഏഴ് ലക്ഷം രൂപയും നല്കണമെന്നും തിരിച്ചറിയിൽ കാർഡ് തിരിച്ചു കൊടുക്കണമെന്നും കളക്ടർ ഉത്തരവിടുന്നതു വരെ ഞാൻ പോരാടി.

ഒരുപാട് നല്ല സുഹൃത്തുക്കൾ എനിക്ക് തണലായി നിന്നിരുന്നു ഈ അവസരത്തിൽ. ഇതിനിടയിൽ എന്റെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകുവാൻ എനിക്ക് സാധിച്ചു. അവരുടെ പിതാവിന്റെ യാതൊരു സഹായത്തിനും ഞാൻ കൈനീട്ടിയില്ല. ഒരു സ്ത്രീയെന്ന നിലയിലും അമ്മയെന്ന നിലയിലും വളരെയധികം അഭിമാനം കൊള്ളുന്നു ഞാൻ. എനിക്കും എന്റെ മക്കൾക്കും വീടു നൽകുന്നതിന് ആരും തയ്യാറായില്ല. രാഷ്ട്രീയ എതിർപ്പുകൾ വളരെ ശക്തമായിരുന്നു. എന്നാൽ എന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി 2016ൽ എനിക്ക് ITDP വീടനുവദിച്ചു.

ഒരു സ്ത്രീ സമൂഹത്തിലേക്ക് തന്റേടത്തോടെ ഇറങ്ങി വന്നാൽ അവളാണ് ഏറ്റവും മോശപ്പെട്ടതെന്ന് ചിത്രീകരിക്കുന്നതാണ്  നമ്മുടെ പുരുഷ സമൂഹം. അവൾ പുരുഷന്മാരുടെ ഇംഗിതത്തിനു വഴങ്ങുന്നവളാണെങ്കിൽ അവൾക്കൊരു സ്ഥാനം ഉറപ്പ്. എന്നാൽ സ്ത്രീ തന്റെ നിലപാടിൽ ഉറച്ചുനിന്നാൽ, തന്റേടത്തോടെ ജീവിച്ചാൽ, ആൺതുണയില്ലാതെ ജീവിച്ചാൽ അവിടെ ആ സ്ത്രീ മോശക്കാരി. ഒറ്റപ്പെട്ട ഒരു സ്ത്രീ സമൂഹത്തിൽ ജീവിച്ചു പോകണമെങ്കിൽ നല്ല മനക്കരുത്ത് സമ്പാദിച്ചേ മതിയാകൂ.

**ഒരു സ്ത്രീ സമൂഹത്തിലേക്ക് തന്റേടത്തോടെ ഇറങ്ങി വന്നാൽ അവളാണ് ഏറ്റവും മോശപ്പെട്ടതെന്ന് ചിത്രീകരിക്കുന്നതാണ്  നമ്മുടെ പുരുഷ സമൂഹം. അവൾ പുരുഷന്മാരുടെ ഇംഗിതത്തിനു വഴങ്ങുന്നവളാണെങ്കിൽ അവൾക്കൊരു സ്ഥാനം ഉറപ്പ്. എന്നാൽ സ്ത്രീ തന്റെ നിലപാടിൽ ഉറച്ചുനിന്നാൽ, തന്റേടത്തോടെ ജീവിച്ചാൽ, ആൺതുണയില്ലാതെ ജീവിച്ചാൽ അവിടെ ആ സ്ത്രീ മോശക്കാരി. ഒറ്റപ്പെട്ട ഒരു സ്ത്രീ സമൂഹത്തിൽ ജീവിച്ചു പോകണമെങ്കിൽ നല്ല മനക്കരുത്ത് സമ്പാദിച്ചേ മതിയാകൂ.**

ഇന്ന് തൂണിലും തുരുമ്പിലും ഭഗവാനല്ല പകരം സദാചാരപ്രവർത്തകരാണ്. ഇഷ്ടപ്പെട്ട വസ്ത്രം ധരിക്കാൻ സ്ത്രീക്ക് അവകാശമില്ല. സമൂഹത്തിന് ഇഷ്ടപ്പെടുന്ന വസ്ത്രമേ  സ്ത്രീ ധരിക്കാവൂ. രാത്രി ഒറ്റക്ക് സഞ്ചരിച്ചാൽ, അല്ലെങ്കിൽ സ്വന്തം സഹോദരനോടൊപ്പമോ പിതാവിനോടൊപ്പമോ ആൺസുഹൃത്തിന്റെ കൂടെയോ യാത്രപോയാൽ സദാചാരക്കമ്മിറ്റിക്ക് രേഖകൾ സമർപ്പിക്കേണ്ടി വരും. വാക്കാൽ പറഞ്ഞാൽ പോര അത് രേഖാമൂലം തന്നെ കാണണം. ഒരുപാട് ദുരനുഭവങ്ങൾ ഉണ്ടായിട്ടും ഞാൻ ഭയപ്പെട്ടില്ല. ഞാനെന്തിന് ഭയക്കണം. സ്ത്രീക്കും പുരുഷനും തുല്യഅവകാശമാണ് ഭരണഘടന നല്കിയിട്ടുള്ളത്. രാത്രിയിൽ സഞ്ചരിക്കരുതെന്നോ ദൂരയാത്ര പോകരുതെന്നോ ഒറ്റക്ക് സഞ്ചരിക്കരുതെന്നോ ഒരു നിയമവും പറഞ്ഞിട്ടില്ല. ഞാൻ ഡോ.അബേദ്ക്കറുടെ ഭരണഘടനയിൽ വിശ്വസിക്കുന്നു. അത് അനുസരിക്കുന്നു. സത്യസന്ധമായി പ്രവർത്തിക്കുന്നു.

# ഞങ്ങളെന്തു ചെയ്യണം?



**അഖിത എം.സി.**

*കൽപ്പറ്റ എൻ.എം.എസ്.എം.കോളേജിൽ ബി.എ.വിദ്യാർത്ഥിനിയും പണിയ ഗോത്രാംഗവുമാണ്.*



ഓരോ ആദിവാസി ജനതയ്ക്കും അവരുടേതായ ഉത്ഭവകഥ പറയുവാനുണ്ടാവും. അതിൽ പണിയസമുദായത്തിന്റെ കഥയാണിത്. ഇവർ ഇപ്പിഉത്തപ്പന്റെയും ഇപ്പിഉത്തമ്മയുടെ (മുത്തശ്ശൻ, മുത്തശ്ശി)യും മക്കളായിരുന്നു. ഇപ്പിമലയിലായിരുന്നു അവർ താമസിച്ചിരുന്നത്. കാട്ടിൽ കഴിഞ്ഞ അവരെങ്ങനെ നാട്ടിലെത്തി? പണിയെടുക്കാൻ ആരുമില്ലെന്ന് കണ്ട് നാട്ടിലെ ജന്മിമാർ അവരെ പിടിച്ചുകൊണ്ടു വന്നതാണ്. എന്നിട്ട് അവർക്ക് പണിയർ എന്ന പേരും ഇട്ടു. ഈ കഥയിൽ ഇപ്പിഉത്തപ്പനും ഉത്തമ്മയും എത്രത്തോളം സത്യമെന്നറിയില്ലെങ്കിലും നമുക്കൊരു കാര്യം മനസ്സിലാക്കാം. അവരെ പിടിച്ചുകൊണ്ടുവന്നതാണ്. ആദിവാസികളെ പിടിച്ചുകൊണ്ടുവന്ന കാലമാണ് ആദിവാസികളുടെ കഷ്ടകാലത്തിന്റെ ആരംഭവും.

ആദിവാസികൾക്ക് അവരുടേതായ പാരമ്പര്യമുണ്ട്. അവരുടേതായ സംസ്ക്കാരവുമുണ്ട്. ഒരു പക്ഷേ, നമ്മുടെ സാധാരാണ ജനങ്ങൾക്ക് ചിരി വരുത്തുന്ന, കൗതുകമുണർത്തുന്നവ. ആദിവാസികളുടെ ഔഷധകൂട്ടുകൾ എത്രയോ രോഗങ്ങൾക്ക് പ്രയോജനകരമാണ്. അവർ തിന്നുന്ന കിഴങ്ങുകളിലും ഔഷധഗുണമുണ്ട്. ആ ഗുണം അവരുടെ ജീനുകളിൽ ഉറഞ്ഞുപോയതു കൊണ്ടാവാം ലോകത്തിലെ അത്‌ലറ്റുകളിലും കളിക്കാരിലുമൊക്കെ ആദിവാസികൾ മുൻപന്തിയിൽ നിൽക്കുന്നത്.

ലോകത്തിന്റെ കാര്യത്തിൽ അങ്ങനെയൊക്കെയാണെങ്കിലും ഇന്ത്യയുടെ, കേരളത്തിന്റെ സ്ഥിതി ഇന്നങ്ങനെയല്ല. ഇന്ന് നമ്മുടെ നാട്ടിലെ ആദിവാസിവർഗ്ഗങ്ങൾ വംശനാശത്തിന്റെ വക്കിലാണ്. അവരുടെ ഭാഷയാവട്ടെ, സംസ്ക്കാരമാവട്ടെ, നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. ഒരു റിപ്പോർട്ട് പ്രകാരം 1951ൽ അട്ടപ്പാടിയിലെ ആദിവാസി ജനസംഖ്യ 90.26% ആയിരുന്നു. 2011ൽ അത് 24% ആയി കുറഞ്ഞു. ഇവർക്കൊക്കെ എന്താണ് സംഭവിച്ചത്? ആർക്കുമറിയില്ല. മൃഗങ്ങൾ നശിക്കുകയാണെങ്കിൽ അത് മനുഷ്യന്റെ ചെയ്തികൾ മൂലമാണെന്നു പറയാം. ഒരു മനുഷ്യവർഗ്ഗം തന്നെ നശിപ്പിക്കപ്പെടുമ്പോഴോ? ആരാണ് അതിനുത്തരവാദി?

ആദിവാസികൾ ഇന്ന് പല പ്രശ്നങ്ങളും അനുഭവിക്കുന്നുണ്ട്. അതിലൊന്നാണ് പോഷകാഹാരമില്ലായ്മ. സർക്കാർ അവർക്ക് പോഷകാഹാരം ലഭിക്കാനുള്ള നടപടി എടുക്കുമ്പോഴും അട്ടപ്പാടിയിൽ മരണപ്പെട്ട നവജാതശിശുക്കളുടേയും അമ്മമാരുടെയും കണക്കെടുക്കുമ്പോൾ സർക്കാർ എടുക്കുന്ന നടപടികൾ ആദിവാസികൾക്ക് എത്രമേലാണ് പ്രയോജനകരമായി ലഭിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. റേഷൻകടയിൽ ആദിവാസികൾക്ക് സൗജന്യമായി അരിയും ഗോതമ്പും കിട്ടുന്നുണ്ട്. പക്ഷേ, മുഴുവൻ ആദിവാസികൾക്കും അത് കിട്ടുന്നില്ല. ഒന്നുകിൽ അവർക്ക് റേഷൻ കാർഡുണ്ടാവില്ല. അല്ലെങ്കിൽ ആദിവാസികളുടെ റേഷൻകാർഡ് അവർ തന്നെ അറിഞ്ഞോ അറിയാതെയോ നഷ്ടപ്പെടുത്തിയിട്ടുണ്ടാവും.

ഞാനൊരിക്കൽ എന്റെ അമ്മയോട് ചോദിച്ചു. സർക്കാർ എന്തിനാണ് നമുക്ക് ഏഴു കിലോ അരിയും ഒമ്പതുകിലോ ഗോതമ്പും തരുന്നത്? അപ്പോൾ എന്റെ അമ്മ പറഞ്ഞൊരു മറുപടിയുണ്ട്. മോളേ, ഈ സർക്കാർ പറയുന്നത് ഗോതമ്പ് പോഷകാഹാരമാണെന്നാണ്. അതുകൊണ്ടായിരിക്കും അരിയെക്കാളും നമുക്ക് ഗോതമ്പ് തിന്നാൻ തരുന്നത്. ആദിവാസികൾക്ക് അവരുടേതായ ഭക്ഷണശീലമുണ്ട്. കൃഷി നശിച്ച ഇക്കാലത്ത് റാഗിയും മുത്താറിയുമൊന്നും ലഭ്യമല്ലെങ്കിലും അവരുടെ തനത് ഭക്ഷണശീലത്തെ പരിപോഷിപ്പിക്കുകയാണ് നാം ചെയ്യേണ്ടത്. അതുകൂടാതെ റേഷൻകാർഡില്ലാത്തവർക്ക് റേഷൻകാർഡ് നൽകുക, അവർക്ക് റേഷൻ കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ചികിത്സാദാരിദ്ര്യം മറ്റൊരു കാരണമാണ്. നമ്മൾ പത്രങ്ങളിലൊക്കെ കാണാറുള്ളതാണ് ചികിത്സ കിട്ടാതെ ആദിവാസി മരിച്ചു എന്നത്. പക്ഷേ, പലരും വിചാരിയ്ക്കുന്നത് അങ്ങനെ എങ്ങനെ സംഭവിക്കുമെന്നാണ്. ആദിവാസികൾക്ക് ചികിത്സയും മരുന്നുമൊക്കെ സൗജന്യമല്ലേ? ചികിത്സയും മരുന്നുമൊക്കെ സൗജന്യമായി കിട്ടുന്നുവെന്ന് പറയുന്നു. എന്നിട്ടും പ്രസവസമയത്ത് ആദിവാസി സ്ത്രീകൾ എങ്ങനെയാണ് മരിക്കുന്നത് എന്ന് ശ്രദ്ധിച്ചുണ്ടോ? ഇത് ആരുടെ അനാസ്ഥ കാരണമാണ്?



**ഞാനൊരിക്കൽ എന്റെ അമ്മയോട് ചോദിച്ചു. സർക്കാർ എന്തിനാണ് നമുക്ക് ഏഴുകിലോ അരിയും ഒമ്പതുകിലോ ഗോതമ്പും തരുന്നത്? അപ്പോൾ എന്റെ അമ്മ പറഞ്ഞൊരു മറുപടിയുണ്ട്. മോളേ, ഈ സർക്കാർ പറയുന്നത് ഗോതമ്പ് പോഷകാഹാരമാണെന്നാണ്. അതുകൊണ്ടായിരിക്കും അരിയെക്കാളും നമുക്ക് ഗോതമ്പ് തിന്നാൻ തരുന്നത്.**

ഓരോ ആദിവാസി കോളനിയിലേക്കും ഓരോ ഡോക്ടർമാരെ നിയമിക്കുക. അല്ലെങ്കിൽ ആഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ ആദിവാസി കോളനിയിലേക്ക് ഡോക്ടർമാരെ അയക്കുക, അവർക്ക് മരുന്നും മറ്റും ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക. ഇവയെല്ലാം ചെയ്യാവുന്നതാണ്.

ലഹരിവസ്തുക്കളുടെ ഉപയോഗം ആദിവാസികളുടെ ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ്. ഇന്ന് പകുതിയിലധികം ആദിവാസികളും ലഹരിവസ്തുക്കൾക്കടിമകളാണ്. ഇവയുടെ ഉപയോഗം മൂലം ആദിവാസികളുടെ ജീവിതം ഇപ്പോൾ നരകതുല്യമാണ്. കള്ളും കഞ്ചാവും കൊടുത്ത് മയക്കി അവരുടെ അവയവങ്ങൾവരെ വിൽക്കപ്പെടുന്നു. കഞ്ചാവുപോലും ഇന്ന് ആദിവാസി കോളനികളിൽ യഥേഷ്ടം ലഭ്യമാണ്. മദ്യപിച്ച് ശരീരത്തിൽ ഒന്നുമില്ലാതായവരുമുണ്ട്.

പോലീസിന്റെ കോളനികളിലേക്കുള്ള മിന്നൽ പരിശോധനയാണ് ഇതിനുള്ള ഏകപ്രതിവിധി. പോലീസ് വന്നാലും അവർ ആദിവാസികളെയാണ് അറസ്റ്റ് ചെയ്യുന്നത്. ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന വൻമാഫിയകളെക്കുറിച്ച് ആരും ശ്രദ്ധിക്കാറുപോലുമില്ല. കുടിക്കാൻ വേണ്ടി കയ്യിലുള്ള റേഷൻകാർഡ് വരെ പണയം വയ്ക്കുന്നവരുണ്ട്. ആദിവാസികളെ ബോധവത്ക്കരിക്കാനുള്ള പരിപാടികൾ നടത്തുമ്പോഴും എന്തുകൊണ്ടാണ് ഇപ്പോഴും ഇങ്ങനെ സംഭവിക്കുന്നത്? ആദിവാസികളെ ബോധവൽക്കരിക്കുമ്പോൾ ഫോട്ടോയ്ക്കുമാത്രം മുഖം കാണിക്കാതെ തങ്ങളുടെ കടമ നല്ലവണ്ണം നിർവ്വഹിക്കാൻ അധികാരികൾ ശ്രമിക്കണം.

വിദ്യാഭ്യാസത്തിന്റെ അഭാവം വേറൊരു കാരണമാണ്. ആദിവാസികൾക്ക് പരിഷ്കൃതസമൂഹത്തേക്കാൾ അറിവുണ്ട്. പക്ഷേ പരിഷ്കൃതസമൂഹത്തിന്റെ മുന്നിൽ ചെല്ലാൻ അവർ പറയുന്നതരത്തിലുള്ള ഉന്നതവിദ്യാഭ്യാസം തന്നെ വേണം. എന്തുകൊണ്ടാണ് ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് നടക്കുന്നത്? ഒന്നാമത്തേത് പലർക്കും കുട്ടികളെ പഠിപ്പിക്കാനുള്ള ആസ്തിയില്ല. അവർ താമസിക്കുന്ന സ്ഥലത്തുനിന്ന് സ്കൂളിലേക്കെത്താൻ റോഡില്ല. യൂണിഫോം കൊടുത്താലും അത് വൃത്തിക്ക് അലക്കാൻ സോപ്പില്ല. രണ്ടാമത്തെ കാരണം മുകളിൽ പറഞ്ഞതുമായി ബന്ധപ്പെടുത്താവുന്നതാണ്. വീട്ടിലെ ദാരിദ്ര്യം. അതുകാരണം ജീവിതമാർഗ്ഗമാണ് വിദ്യാഭ്യാസത്തിനേക്കാളും അവർക്ക് ഏറ്റവും വലുത്. ചെറുപ്രായത്തിൽ തന്നെ കുടുംബഭാരം കെട്ടിവയ്ക്കപ്പെടുന്നിടത്ത് പല ആദിവാസികളുടേയും വിദ്യാഭ്യാസം അവസാനിക്കുന്നു.



മൂന്നാമത്തെ കാരണം അവരുടെ കോളനികളിൽ നിന്ന് അവരുടെ ഭാഷ മാത്രം അറിഞ്ഞു കൊണ്ടാണ് അവർ വരുന്നത്. ആ ചെറിയ കുട്ടികൾക്ക് പുറത്തുള്ള ലോകം അന്യമാണ്. അവർ ആദ്യമായി കേൾക്കുന്ന മലയാളഭാഷ അവരിൽ ഭയമാണ് ജനിപ്പിക്കുന്നത്. ഭക്ഷണം കഴിക്കാൻ വേണ്ടി മാത്രം സ്കൂളിൽ പോകുന്ന ആദിവാസിക്കുട്ടികൾ ഇന്നും നമുക്കിടയിലുണ്ട്. എന്നിട്ടും പഠിക്കുന്ന കുട്ടികളിൽ പലരും 10, 12 ക്ലാസ്സിലെത്തുമ്പോഴേക്കും പഠിത്തം നിർത്തും. അത് വീട്ടിൽ പഠിക്കുവാനുള്ള സാഹചര്യമില്ലാത്തതുകൊണ്ടാണ്. വൈദ്യുതിയില്ല, ബുക്ക് വാങ്ങിക്കാൻ പൈസയില്ല, മാതാപിതാക്കളുടെ മദ്യപാനം എന്നിവയൊക്കെ ഇതിനു കാരണമാണ്. ഇന്ന് ആദിവാസികൾ തന്നെ ആദിവാസിക്കുട്ടികളെ പഠിപ്പിക്കാൻ കൊണ്ടുപോവുകയും കൊണ്ടുവരുകയും ചെയ്യുന്ന ഒരു നിയമം പാസായിട്ടുണ്ട്. അത് ആദിവാസിക

ൾക്കിടയിൽ എത്രത്തോളം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് അധികാരികൾ പരിശോധിക്കേണ്ട താണ്.

ആദിവാസികൾക്ക് താമസിക്കാൻ വീടില്ല. ആദിവാസികൾക്ക് വേണ്ടി സർക്കാർ എത്ര ഭവന നിർമ്മാണ പദ്ധതിയാണ് ചെയ്തിട്ടുള്ളത്? എന്നിട്ടും എത്ര പണിതീരാത്ത വീടുകളാണുള്ളത്? ആദിവാസികളിൽ ഇന്ന് പലരും ജീവിക്കുന്നത് പണിതീരാത്ത വീടുകളിലാണ്. മാറി മാറി വരുന്ന സർക്കാർ വീട് നിർമ്മിക്കും എന്ന് പറയുന്നതല്ലാതെ ഒരു ചുക്കും ചെയ്യുന്നതായി ഇതുവരെ തോന്നീട്ടില്ല.  പക്ഷേ, സർക്കാർ വക വീടു പാസ്സാക്കലൊക്കെ തകൃതിയായി നടക്കുന്നുണ്ട്. അവരുടെ സ്ഥലം അല്ലെങ്കിൽ അവരുടെ വീട് പരിഷ്കൃത ജനങ്ങളാണ് തട്ടിപ്പറിച്ചത്. എന്നിട്ടും തിരിച്ചവർക്ക് ഒരു വീടു നൽകാൻ ആർക്കും സാധിക്കുന്നില്ല.

മുത്തങ്ങ സമരത്തിനു ശേഷം ആദിവാസികൾക്ക് സ്ഥലം നൽകുന്നുവെന്ന് പറഞ്ഞു. പക്ഷേ, അത് ഇപ്പോഴും കടലാസിൽ തന്നെയാണ്. ആദിവാസി ഊരുകൾ ഇന്ന് ആദിവാസി കോളനികളാണ്. വൃത്തിഹീനമായ കോളനികൾ. ഹെൽത്തിലെ ആളുകൾ വന്ന് അവിടെ വൃത്തിയില്ല ഇവിടെ വൃത്തിയില്ല എന്നു പറയുന്നു. എന്നിട്ട് കുറച്ച് കുമ്മായപ്പൊടിയോ ബ്ലീച്ചിംഗ് പൗഡറോ തരും. വേസ്റ്റെല്ലാം കുഴിച്ചിടണമെന്ന് പറയും. നിന്ന് തിരിയാൻ സ്ഥലമില്ലാത്തിടത്ത് എവിടെയാ കുഴികുഴിക്കുക?  വീടു തരാമെന്ന് ഉറപ്പു തന്നിട്ടും വീടില്ലാത്തവരുണ്ട്. എവിടെയാണ് അവർക്കുള്ള വീട്?

ആദിവാസികൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകി. ആ ഫ്ളാറ്റിനെക്കുറിച്ച് അന്വേഷിച്ചാൽ കേൾക്കാം. 'എന്തിനു കൊള്ളാം? അവിടെയെല്ലാം മുറുക്കിത്തുപ്പി വൃത്തികേടാക്കിയിരിക്കുകയല്ലേ?'  ഇങ്ങനെ കേൾക്കുന്നത് സത്യം തന്നെയാണ്. അഞ്ചാറു പേരടങ്ങുന്ന ഒരു കുടുംബത്തിന് വെറും രണ്ട് മുറികൾ മാത്രമാണ് ഉള്ളത്. ഗ്യാസില്ലാത്തതുകൊണ്ട് വിറകുപോലും അവർ വീട്ടിനുള്ളിലാണ് വയ്ക്കുന്നത്. അടുപ്പിലെ പുക കാരണം മുറികളിലെ പെയിന്റ് പോലും കറുത്തുപോയി. ആരാണ് ആദിവാസികളെ അവരുടെ തനത് വീടുകളിൽ നിന്നും പരിഷ്ക്കാരം തരാം എന്നു പറഞ്ഞ് പട്ടിക്കൂടുകളിലേക്ക് അവരെ അടച്ചത്?

വീടു കൊടുക്കാമെന്നു പറഞ്ഞ് പണം കൊടുത്തു. പക്ഷേ വീടില്ല. ഇതിനു കാരണം ഇടനിലക്കാരാണ്. ആദിവാസികൾ അവരെയെല്ലാം കണ്ണടച്ച് വിശ്വസിച്ച് പണം കൊടുക്കുന്നു. ഇടനിലക്കാർ അവരെ പൈസ തികയില്ല എന്നുപറഞ്ഞ് പറ്റിക്കുന്നു. വീടുനിർമ്മിക്കാനുള്ള പണം മാത്രമല്ല സർക്കാർ നൽകേണ്ടത്. സർക്കാരിന്റെ മേൽനോട്ടത്തിൽ അത് പണിതീർത്തു എന്നു കൂടി ഉറപ്പുവരുത്തണം.

മേൽപ്പറഞ്ഞ അവരുടെ പ്രശ്നങ്ങൾക്കെല്ലാം കാരണം ദാരിദ്ര്യമാണ്. കാട്ടിലെ കിഴങ്ങും കായ്കനികളും തിന്ന് ജീവിച്ച അവർക്ക് കാടു നശിപ്പിച്ച് ദാരിദ്ര്യം തിന്നാൻ കൊടുത്തത് പരിഷ്കൃതവർഗ്ഗക്കാരാണ്. വീടു തേടി വന്ന് അവരുടെ വീട് നഷ്ടപ്പെടുത്തിയതും തങ്ങളാണ് ഉന്നതർ എന്നവകാശപ്പെടുന്ന  ജനങ്ങളാണ്. അ



തിനു പകരമായി എന്തു ചെയ്താലും ആദിവാസിക ളോട് ചെയ്ത ചതിക്കും വഞ്ചനക്കുമൊന്നും പരി ഹാരമാവില്ല. അവർക്ക് സഹായം നൽകുമ്പോൾ ആ സഹായം അവരെ സഹായിക്കുന്നുണ്ടോ എന്ന് നമ്മൾ അറിയണം.

ആദിവാസികൾക്കിടയിൽ അവിവാഹിത അമ്മ മാർ വർദ്ധിക്കുന്നു. ഈ വാർത്ത കേൾക്കുമ്പോൾ വേണ്ടാത്ത പണിക്ക് പോയിട്ടല്ലേ എന്ന ചോദ്യം ജനങ്ങൾക്കി ടയിലുണ്ട്. അവരവി ടെ പറ്റിക്കപ്പെടുക യാണ്. സ്നേഹം കാ



**സ്നേഹം കാണിക്കുന്നവരെ സംശയദൃഷ്ടിയോ ടെ നോക്കാൻ പരിഷ്കൃതജനങ്ങളെപ്പോലെ ആദിവാസികൾ ഇനിയും പഠിച്ചിട്ടില്ല. അതു കൊണ്ടാവും അവർ പണ്ടുമുതലേ വഞ്ചിക്കപ്പെ ട്ടത്. ഒരു നേരത്തെ ആഹാരം തരാം എന്നുപറ ഞ്ഞ് പറ്റിയ്ക്കുന്നവരുണ്ട്. അവിവാഹിത അമ്മ മാർ ഉണ്ടാവുമ്പോൾ ആരായിരിക്കും ഇതിന് കാരണക്കാർ എന്ന് ആരെങ്കിലും ഇതുവരെ ചിന്തിച്ചിട്ടുണ്ടോ? അവരെയൊക്കെ അന്വേഷി ച്ചു കണ്ടുപിടിച്ചാൽ പല മാന്യന്മാരുടേയും മു ഖം മൂടി അഴിഞ്ഞുവീഴും.**

ണിക്കുന്നവരെ സംശ യദൃഷ്ടിയോടെ നോ ക്കാൻ പരിഷ്കൃതജ നങ്ങളെപ്പോലെ ആദി വാസികൾ ഇനിയും പഠിച്ചിട്ടില്ല. അതു കൊണ്ടാവും അവർ പണ്ടുമുതലേ വഞ്ചി ക്കപ്പെട്ടത്. ഒരു നേര ത്തെ ആഹാരം തരാം എന്നുപറഞ്ഞ് പറ്റിയ് ക്കുന്നവരുണ്ട്. അവി വാഹിത അമ്മമാർ ഉ ണ്ടാവുമ്പോൾ ആരാ യിരിക്കും ഇതിന് കാ രണക്കാർ എന്ന് ആ രെങ്കിലും ഇതുവരെ ചിന്തിച്ചിട്ടുണ്ടോ? അവരെ യൊക്കെ അന്വേഷിച്ചു കണ്ടുപിടിച്ചാൽ പല മാന്യ ന്മാരുടേയും മുഖം മൂടി അഴിഞ്ഞുവീഴും.

ആദിവാസികോളനികളിൽ ഒന്ന് സർവ്വേയെടു ത്തു നോക്കൂ. അവർക്ക് പറയാൻ കുറേയുണ്ടാവും. കൂട്ടത്തിൽ ഒന്നുകൂടി പറയും. എന്തിനാ ഇതൊക്കെ നിങ്ങൾ വെറും സർവ്വേ മാത്രമല്ലേ എടുക്കുന്നുള്ളൂ. ഇവിടെ എത്ര പേര് വന്ന് സർവ്വേ എടുത്തതാ എ ന്നിട്ടും ഒരു ഗുണവുമില്ല എന്ന്. സർവ്വേ നടത്തിയിട്ട് ഒരു ഗുണവുമില്ലെങ്കിൽ പിന്നെന്തിനാണ് സർവ്വേ?

ഇവിടെ എഴുതിയത് വായിക്കുമ്പോൾ വായന ക്കാർക്ക് തോന്നും ഞാൻ സർക്കാരെ മാത്രമാണ് കുറ്റം പറയുന്നതെന്ന്. ഒരിക്കലുമല്ല. ആദിവാസിക ളുടെ ഈ ദുരിതങ്ങൾക്ക് സമൂഹവും മുഖ്യമായ പ ങ്ക് വഹിച്ചിട്ടുണ്ട്. ജാതി യില്ല എന്നു വിശ്വസിക്കു ന്ന ഇക്കാലത്ത് പല അവ സരങ്ങളിലൂടെയും ജാതി പുറത്തുവരുന്നുണ്ട്. ആദി വാസികളെന്നാൽ കുടിയ ന്മാരെന്നും കള്ളന്മാ രെന്നും കൊലപാത കികളെന്നുമാണ് ആളു കൾ ഇന്ന് വിശ്വസിക്കുന്ന ത്. സ്കൂളിൽ ചില പ്രവ ണതകൾ ഇന്ന് നാം ക ണ്ടുവരുന്നുണ്ട്. ആദിവാ സിക്കുട്ടികളോട് കൂട്ടുകൂ ടരുത്, കൂട്ടുകൂടിയാൽ നീ ചീത്തയാവും എന്നു പറ യുന്ന മാതാപിതാക്കളെ ഇന്ന് നമുക്ക് കാണാൻ ക ഴിയും.

ഞാനൊരിക്കൽ ആ ശുപത്രിയിൽ പോയ പ്പോൾ ക്യൂനിൽക്കുന്ന സ്ഥലത്തു നിന്ന് കേട്ട ഒരു കാര്യം പറയാം. ഞങ്ങളിങ്ങനെ ക്യൂ നിൽക്കു മ്പോൾ ഗർഭിണിയായ ഒരു ആദിവാസി സ്ത്രീ മുറു ക്കിക്കൊണ്ട് പോകുന്നുണ്ടായിരുന്നു. അപ്പോൾ എ ന്റെ മുന്നിൽ നിന്ന് ഒരു മുസ്ലിംസ്ത്രീ അവരുടെ കൂ ടെ വന്ന സ്ത്രീയോട് പറഞ്ഞു. ‘നോക്ക് അവൾടെ കോലം കണ്ടില്ലേ? ഇവർക്കൊക്കെ വേണ്ടി ഗവൺ മെന്റ് എന്തൊക്കെയാണ് ചെയ്യുന്നത്? എന്നിട്ടും എ ന്താ ഇവര് നന്നാവാത്തെ?‘

സമൂഹത്തിന്റെ ഈ ചിന്തയ്ക്കാണ് മാറ്റം സംഭ വിക്കേണ്ടത്. ആദിവാസികളെ സഹതാപ ത്തോടെയോ അവജ്ഞയോടെയോ പരിഹാസ ത്തോടെയോ ഒന്നുമല്ല നോക്കേണ്ടത്. അവരും നാമുമൊക്കെ ഒന്നാണ് എന്ന ചിന്തയാണ് വേണ്ടത്. അവർക്ക് നമ്മുടെ ഇടയിൽ മനുഷ്യരെന്ന പരിഗണ നയാണ് വേണ്ടത്.

ഞാനിവിടെ പറഞ്ഞ പല പ്രശ്നങ്ങളിൽ നിന്നും കുറിച്യരേയും അതുപോലെ തന്നെ ഉയർന്ന തട്ടിലുള്ള മറ്റു ചില ആദിവാസികളെയും ഒഴിവാക്കുന്നു. കാരണം അവരൊക്കെത്തന്നെ ഇന്ന് ഉയർന്ന നിലയിലാണ് ജീവിക്കുന്നത്.

തെക്കേ അമേരിക്കയിലും ആഫ്രിക്കയിലുമൊക്കെ ഇന്ന് ആദിവാസികളെ സംരക്ഷിക്കുന്നത് ഊർജ്ജിതമായിട്ടാണ്. അവരെ അവരുടെ തനത് ആവാസവ്യവസ്ഥയിൽ (കാട്ടിൽ) തന്നെ സംരക്ഷിക്കുന്നു. അവിടെ പുറമെയുള്ളവർക്ക് പ്രവേശനം അനുവദിക്കുന്നില്ല. ഈ ഒരു രീതി തന്നെയായിരുന്നു നാമും ചെയ്യേണ്ടിയിരുന്നത്. അതിനു പകരം ഇന്ന് അവരുടെ സ്ഥലത്ത് അതിക്രമിച്ചു കടന്ന് അവരുടെ ആവാസവ്യവസ്ഥ നശിപ്പിച്ചു. അവരോട് എന്തു ചെയ്താലും അതിന് പകരമാവില്ല. എന്നാലും നമുക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യണം.

ആദിവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങളിൽ ഇവയെല്ലാം ചിലതു മാത്രമാണ്. ഈ പ്രശ്നങ്ങളെക്കുറിച്ചെഴുതുമ്പോൾ ജനങ്ങൾക്കു തോന്നും ആദിവാസികളുടെ പ്രശ്നങ്ങളെക്കുറിച്ച് പറയുമ്പോൾ എന്നും ഇത് മാത്രമല്ലേ പറയുന്നുള്ളൂ. പക്ഷേ വായനക്കാരാലോചിച്ചിട്ടുണ്ടോ ഇത്ര വർഷം കഴിഞ്ഞിട്ടും ഈ പ്രശ്നങ്ങൾക്ക് എന്തുകൊണ്ടാണ് ഒരു മാറ്റവുമില്ലാത്തതെന്ന്?

---

കവിത

# 'ന്റെ' നെഞ്ചിലെ കനല്




**പ്രീത ജെ. പ്രിയദർശിനി**

*അധ്യാപിക ജി.എം.എച്ച്.എസ്.എസ്.*
*ചീരാൽ വയനാട്*


**കീഴാറ്റൂർ**

'ഇതെന്റെ നെല്ല് , ഇതെന്റെ വയല് ..
'ന്റെ' നെഞ്ഞിലെ കനലു വറ്റിച്ചാലേ
'ന്റെ' മ്പ്രാക്കളെ ങ്ങക്കീ വയലിൽ
മണ്ണിടാനാവൂ.' 'തെന്റെ' വയല്,
'തെന്റെ' മണ്ണ്. .. 'തെന്റെ' ഉയിര് ..
ചുണങ്ങ് പൊട്ടിയ തോളിൽ
മുഷിഞ്ഞ തോർത്ത് മുണ്ട് ചുറ്റി
വയൽ വരമ്പിൽ
നിന്ന് പാടുന്നു
വയൽച്ചുള്ളി കറുപ്പുമായ്
മ്മടെ സ്വന്തം 1*ജാമ്പേട്ത്തി.'
"നമ്മള് കൊയ്യും വയലെല്ലാം നമ്മുടേതാകും
പൈങ്കിളിയേ"
എന്നത് ഒരീണം മാത്രമല്ലെന്ന്
അവൾ തേട്ടി.

ഏറെ പ്രായമായില്ല 'പ്ലാച്ചിമടേടെ '
ചിനപ്പ് വറ്റിയ മണ്ണിൽ ചവുട്ടിയ
*പെണ്ണൊരുത്തി
ഊതി ,ഊതി പെരുപ്പിച്ചുപോയ
നേരുകൾക്ക്.

പെറ്റ മണ്ണിനെ സ്വന്തം നെഞ്ചകത്തിന്റെ
ഈണമാക്കുന്ന പെൺ പിറപ്പുകൾ .

മണ്ണു വിട്ടോടാത്ത
പെൺനുകങ്ങളുടെ പേരാണ്
* അതിരപ്പള്ളി,
മായാത്ത ഓർമ്മയാണ്
*എൻമകജെ .
ചാലക്കുടിയാറിന്റെ
കാനന വിശുദ്ധിയിൽ *അവളുറങ്ങട്ടെ ശാന്തമായ്.
ശാന്തി പെയ്യാതെ
പെയ്ത വിഷമഴയിൽ
തളരാതിരിക്കട്ടെ അവരുടെ ഊറ്റങ്ങൾ .
ഉഴവു ചാലിൽ പിറന്ന
പെൺപോരിമ
ചരിത്ര പുസ്തകത്തിൽ ഇല്ല .
കാരണം അവളുടേത് ചരിത്രമേ അല്ല.
ഒരിക്കൽ–
ആഭാസ നാടകശാല
പടിയടച്ച് പിണ്ഡം വച്ച് ,
ശിഖണ്ഡികൾ
സ്വതന്ത്രയാക്കി..* അവളെ .
മുലയരിഞ്ഞ് ഇലക്കീറിൽ വെച്ച്
സ്വയം വിമോചിതയായി *മറ്റൊരുവൾ.
സ്വാതന്ത്ര്യത്തിന്റെ, വിമോചനത്തിന്റെ
ഒരിലക്കിറ് മതി അവർക്കീ മണ്ണിൽ
നിന്നു പെയ്യാൻ .
എന്നിട്ടും ജീവന്റെ പച്ചയിൽ
തൊടീക്കാതെ
നാം ഇപ്പൊഴും
അകറ്റി നടുന്നുണ്ട് പെൺ മരങ്ങളെ .

സൂചകങ്ങൾ

1. *കീഴാറ്റൂർ സമരത്തിലെ നുമ്പ്രാടത്ത് ജാനകി*
2. *മയിലമ്മ*
3. *അതിരപ്പള്ളി പുഴ സംരക്ഷണ പ്രവർത്തക ഡോ. ലത*
4. *എൻഡോസൾഫാൻ വിരുദ്ധ പ്രവർത്തക – ലീലാകുമാരിയമ്മ*
   *ചരിത്രത്തിൽ നിന്ന് താത്രിക്കുട്ടി ,നങ്ങേലി*



സിന്ധു കൃഷ്ണദാസ്

# ഇല്ലായ്മയിലേയ്ക്ക് നീങ്ങുന്ന ആദിവാസി സമൂഹം



വയനാടൻ ആദിവാസികൾ ഇല്ലായ്മയിലേക്ക് നീങ്ങുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലമായി വയനാട്ടിലെ ആദിവാസി പെൺകുട്ടികളോട് കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ പല ഇടങ്ങളിലുള്ള മറ്റു ജനറൽ സമുദായക്കാർക്ക് ഒരുതരം പ്രേമം വന്നുപെട്ടിരിക്കുകയാണ്. ഈ പ്രേമം വിവാഹക്കച്ചവടത്തിലേയ്ക്കും കയറിപ്പറ്റി. ആദിവാസി പെൺകുട്ടികൾ ഇത്രയ്ക്ക് സുന്ദരികളോ എന്നാലൊരു കൈ നോക്കിക്കളയാം. ഊരുകളിൽ ഇപ്പോൾ ബ്രോക്കർമാരുടെ തിരക്കാണ്. സൗന്ദര്യവും വിദ്യാഭ്യാസവുമുള്ള പെൺകുട്ടികളെ വലവീശിപ്പിടിക്കാൻ. അവർക്കിപ്പോൾ നല്ല ഡിമാന്റും. വയനാട്ടിലെ ബെട്ടകുറുമ, അടിയ, പണിയ, കാട്ടുനായ്ക്ക എന്നീ വിഭാഗങ്ങളിലെ വിദ്യാഭ്യാസമുള്ള സുന്ദരികളായ പെൺകുട്ടികളെയാണ് ഇവർ വേട്ടയാടുന്നത്. രക്ഷിതാക്കൾക്ക് വൻ പാരിതോഷികവും സമ്മാനങ്ങളും പണവും വാഗ്ദാനം ചെയ്യുന്നു. കൂടാതെ വിവാഹച്ചിലവ് മുഴുവനായും ചെറുക്കന്റെ വീട്ടുകാർ നടത്തിക്കൊള്ളും നിങ്ങൾ ഒന്നും നോക്കേണ്ടതില്ല എന്നുപറയുന്നു. വലിയ വീടാണ്, നല്ല സ്വത്തുണ്ട്, സ്ഥലമുണ്ട്, നല്ല സുന്ദരനുമാണ്

എന്നെല്ലാം പറഞ്ഞ് മോഹിപ്പിക്കുന്നു. ഈ മോഹവലയത്തിൽ കൗമാരക്കാരായ ആദിവാസി പെൺകുട്ടികൾ പെട്ടുപോകുന്നു എന്നതാണ് സത്യം. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ പലയിടങ്ങളിലും ജനറൽ സമുദായത്തിൽപ്പെട്ട യുവാക്കൾക്ക് സ്വന്തം സമുദായത്തിൽ പെണ്ണിനെ കിട്ടാൻ ബുദ്ധിമുട്ടാണോ? ഇതൊരു ചോദ്യചിഹ്നമാണ്. അതോ ആദിവാസി പെൺകുട്ടിയെ വിവാഹം കഴിച്ചാൽ സംവരണവും വിവാഹ ധനസഹായവും കിട്ടുമെന്നു കൊടുക്കുക എന്ന പറയും തീർച്ച. എന്നാൽ ജോലിയുള്ള ഒരു ആദിവാസിയുവാവിന് പെണ്ണിനെ കിട്ടാന് ബുദ്ധിമുട്ടൊന്നും ഉണ്ടാവില്ല. കാരണം അവന് ജോലിയുണ്ട്, വിദ്യാഭ്യാസമുണ്ട്. പിന്നെ പോരെങ്കിൽ സംവരണവും കിട്ടും. പിന്നീട് ഒരിക്കിലും ആ യുവാവ് സ്വന്തം കുടുംബത്തെ തിരിഞ്ഞുപോലും നോക്കീന്ന് വരില്ല. നോക്കാൻ മനസ്സുണ്ടെങ്കിലും അവറ്റകൾ സമ്മതിച്ചെന്നും വരില്ല.

ഊരുകളിൽ ഇപ്പോൾ ഒരു ചോദ്യം ഉയർന്നുവന്നിരിക്കുകയാണ്. ആദിവാസിയുവാക്കളായ ഞങ്ങൾക്ക് വിവാഹം കഴിക്കാൻ ഇനി എവിടെ പെണ്ണ്? ഇങ്ങനെ പോയാൽ അന്യം നിന്നുപോകും ആദിവാസി എന്ന

**ഊരുകളിൽ ഇപ്പോൾ ഒരു ചോദ്യം ഉയർന്നുവന്നിരിക്കുകയാണ്. ആദിവാസിയുവാക്കളായ ഞങ്ങൾക്ക് വിവാഹം കഴിക്കാൻ ഇനി എവിടെ പെണ്ണ്? ഇങ്ങനെപോയാൽ അന്യം നിന്നുപോകും ആദിവാസി എന്ന സമൂഹം. ഇനിവരുന്ന തലമുറയ്ക്ക് ആദിവാസികുടുംബത്തെ മ്യൂസിയത്തിൽവെച്ച് കാണാം എന്നാകും. ഇതിനൊരു പരിഹാരം ഉണ്ടോ? അതോ അട്ടപ്പാടിയിലെ മധുവിന്റെ അനുഭവം ഇനിയൊരു മാധവിപെണ്ണ് അനുഭവിക്കേണ്ടിവരുമോ? ആലോചിക്കാം, ചിന്തിക്കാം നമുക്ക്.**



ള്ള വിശ്വാസമാണോ?

ഇവിടെ വിവാഹം കഴിച്ചെത്തിയ പെൺകുട്ടികൾ എത്രകണ്ട് സുഖജീവിതം നയിക്കുന്നുണ്ട് എന്ന് പരിശോധിച്ചറിയേണ്ടതുണ്ട്. എത്രയായാലും നീ ആദിവാസിയല്ലേ? നീ കുറുമാട്ടിയല്ലേ? നീ പണിയത്തിയല്ലേ? നായ്ക്കത്തിയല്ലേ? അടിയാത്തിയല്ലേ? എന്നുള്ള വിഷംപുരട്ടിയ കത്തിമുനപോലുള്ള വാക്കുകൾ കേൾക്കേണ്ടിവരാറുണ്ടോ? വലിയ വലിയ ചടങ്ങുകളില് നിന്ന് അകറ്റിനിർത്തപ്പെട്ടിട്ടുണ്ടോ? അതോ നാട്ടിൽ പറയുന്ന ചൊല്ലുപോലെ തരികിട ചെറുക്കന് ഒരുകൂട്ടും വീട്ടുജോലിക്ക് ഒരാളും ഇതാണോ? എന്താ ഇതൊന്നും പോരെങ്കിൽ പെണ്ണേ നീ ജനിച്ചുവളർന്ന സാഹചര്യം, ചുറ്റുപാട്, ഗോത്രാചാരചടങ്ങുകൾ, വിശ്വാസങ്ങൾ ഇവയെല്ലാം മറക്കാനാവുമോ? ഞങ്ങളുടെ ഊരിൽ ബൊമ്മന്റെ മകന് ഒരു ആദിവാസിയല്ലാത്ത വിദ്യാഭ്യാസവും സൗന്ദര്യവുമുള്ള ഒരു പെൺകുട്ടിയെ വിവാഹം കഴിക്കാൻ മോഹം. ആരെങ്കിലും പെണ്ണുകൊടുക്കുമോ? അവൻ ആദിവാസിയായ കള്ളുകുടിയനാ എന്ത് കണ്ടിട്ടാ അവന് പെണ്ണ്

സമൂഹം. ഇനിവരുന്ന തലമുറയ്ക്ക് ആദിവാസികുടുംബത്തെ മ്യൂസിയത്തിൽവെച്ച് കാണാം എന്നാകും. ഇതിനൊരു പരിഹാരം ഉണ്ടോ? അതോ അട്ടപ്പാടിയിലെ മധുവിന്റെ അനുഭവം ഇനിയൊരു മാധവിപെണ്ണ് അനുഭവിക്കേണ്ടിവരുമോ? ആലോചിക്കാം, ചിന്തിക്കാം നമുക്ക്.

ഒരുകാലത്ത് ആദിവാസികൾ അടിമകളായിരുന്നു. ഇതിന്റെ ഛായ ഇതുവരെയായിട്ടും മാറാതെ കിടക്കുകയാണ്. എന്തുകൊണ്ടോ കളങ്കമില്ലാത്ത ആദിവാസികളായ അച്ഛനമ്മമാർ ഇതൊന്നും അത്ര കാര്യമായി ചിന്തിക്കുന്നില്ല. തങ്ങളുടെ പെൺമക്കൾ അടുത്ത തലമുറയുടെ പാരമ്പര്യം നിലനിർത്തേണ്ടവരാണ്. ഇല്ലെങ്കിൽ ആദിവാസിയെന്ന പേരുപോലും ഈ ഭൂമുഖത്തുനിന്നും മാഞ്ഞുപോകും. ജാഗ്രതയോടെ ഓർക്കുക!



**കവിത**



**ഗ്രീഷ്മ കെ.**

# മഴയിലൂടെ

മുളങ്കാടിനെ ചുറ്റിവന്ന കാറ്റിന്
കുളിരുണ്ടായിരുന്നു...
ഒരു മഴയുടെ കുളിര്
എന്റെ കണ്ണുകൾ
ആർത്തിയോടെ ആകാശം തേടി
ഇരുണ്ടമേഘം പിന്നെയും എന്നെ
മോഹിപ്പിച്ചു;
ഞാൻ നിന്നെ നനയിക്കാം
കാത്തിരുന്നു
എന്റെ മണ്ണ്.
വെളുത്ത താളുകൾ മഷിനനയാൻ
കൊതിച്ചിരുന്നത് വിരൽ മറന്നു
കഥകളെ ഞാൻ തണുത്ത കാറ്റിനൊപ്പം
അലയാൻ വിട്ടു.
കവിതകളെ മഴപ്പാട്ടുമൂളി
ഉറക്കിക്കിടത്തി.
ചിന്തകളേ, മിണ്ടരുത്
നിശ്വാസമായ് ഉണരരുത്
ഞാനൊന്ന് നനഞ്ഞുവരാം
എനിക്ക്, നനഞ്ഞുണരണമായിരുന്നു.
കണ്ണുപൊത്തിക്കളിച്ച മഴ
ആർത്തുപെയ്തേയില്ല
ഇനിയിത, ഞാൻ പെയ്തുതുടങ്ങുന്നു
എന്റെ താളുകളേ... എനിക്കറിയാം
കാത്തിരിപ്പിന്റെ നൊമ്പരം
നിങ്ങൾ നനഞ്ഞുനിറയുക
ഞാൻ... തോരാതെ പെയ്യാം

## അതും നീയായിരുന്നു

ഇത്രയും കാലം
ഞാനൊരു കടംകഥയ്ക്കുള്ളിലായിരുന്നു.
നുണകളുടെ കുന്നിൽ, നീ നട്ട മുൾമരം
ഇന്നുമെനിക്ക് തണൽ തരുന്നുണ്ട്
കഥയ്ക്ക് ഉത്തരം തേടിയതും
ഈ തണലിൽ ഇരുന്നാണ്.
കടം കള്ളമായിരുന്നു.
കഥ ശരിയും.
അറിഞ്ഞപ്പോൾ തണലിലും ഞാൻ
ഒറ്റയ്ക്കാണ്.
കാരണം, കടംകഥ നീയായിരുന്നു.
ഇപ്പോൾ
ഈ തണൽ വെറും വിചാരമാണ്.





**രമ്യ ബാലകൃഷ്ണൻ**

*കോഴിക്കോട് കിർത്താഡ്സിൽ പ്രോജക്ട് ഫെല്ലോ,*
*മലവേട്ടുവഗോത്രാംഗം*

# ഞാൻ കറുപ്പാണ്

**ഞാ**ൻ കറുപ്പാണെന്ന് അംഗീകരിക്കാൻ എന്റെ മനസ്സ് ആദ്യം തയ്യാറായിരുന്നില്ല. അതുകൊണ്ടാണ് ഫെയർ&ലവ്‌ലിയും വിവൽ ക്രീമും വെളുക്കാൻ വേണ്ടി ഉപയോഗിച്ചത്. എല്ലാത്തിനും പരാജയമായിരുന്നു വിധി. എത്ര മായ് ച്ചാലും തേച്ചു വെളുപ്പിച്ചാലും മാറാത്ത കറുപ്പാണ് എന്റേതെന്ന് മനസ്സിലാക്കി കറുപ്പിനെ സ്നേഹിച്ചു തുടങ്ങാൻ ഞാനൽപ്പം വൈകിപ്പോയി.

യഥാർത്ഥത്തിൽ വെളുപ്പാണ് സൗന്ദര്യമെന്ന് എന്നെ പറഞ്ഞു പഠിപ്പിച്ചത് ആരായിരുന്നു? സ്കൂളിൽ പോകുമ്പോൾ കണ്ടുമുട്ടുന്ന വെളുത്തവരെ കാണുമ്പോൾ 'നല്ല പാങ്ങ് ഇല്ലേ ഓളെ കാണാൻ, എന്തൊരു വെളുപ്പ്' എന്ന് പറഞ്ഞ സഹപാഠികളോ? ഞാൻ കറുപ്പായതുകൊണ്ട് സ്കൂൾ കലോത്സവത്തിന് ഒപ്പനയിലും തിരുവാതിരക്കളിയിലും പിറകിൽ സ്ഥാനം തന്ന് കളിപ്പിച്ച ഡാൻസ് ടീച്ചറോ? ഞാൻ കണ്ട സിനിമകളിൽ വെളുത്ത നായികമാരെ കാണിച്ചുതന്ന സിനിമാക്കാരോ? അതിനെല്ലാമപ്പുറം ഞാൻ വളർന്ന എന്റെ ചുറ്റുപാടുകളോ? അതേ, ഇവരെല്ലാം തന്നെയാണ് വെളുപ്പാണ് സൗന്ദര്യമെന്ന് എന്നെ പറഞ്ഞു പഠിപ്പിച്ചത്! ഞാനൊരു ആദിവാസി ആണെന്നും കറുത്തവളാണെന്നും തിരിച്ചറിഞ്ഞതോടെ അനുഭവിച്ച അപകർഷതാബോധം വളരെ വലുതായിരുന്നു . പൊതു ഇടത്തിൽ നിന്ന് കുടുംബത്തിലെ മുതിർന്നവരെ കാണുമ്പോൾ എന്റെ ഗോത്രഭാഷ (മലവേട്ടുവ ഭാഷ) സംസാരിക്കാൻ നാണമായതിനെത്തുടർന്ന് മിണ്ടാതെ നടന്ന എന്റെ അപകർഷതാബോധത്തോട്, നാട്ടിൽ നിന്ന് "നീ ചെറുമ്പന്റെ മോളല്ലേ" എന്ന് ചോദിക്കുന്നവരോട്, "അല്ല ബാലകൃഷ്ണന്റെ മോള്" എന്നു മറുപടി പറയേണ്ടി വന്ന അപകർഷതാബോധത്തോട്, സ്കൂളിൽ ക്ലാസ്സ് മീറ്റിംങിനു വന്നിട്ട് കയ്യിലിരിക്കുന്ന പ്രോഗ്രസ് കാർഡ് നോക്കി നിസ്സഹായതയോടെ ഇരിക്കുന്ന വിദ്യാഭ്യാസമില്ലാത്ത അമ്മയെ കാണുമ്പോൾ തോന്നിയ അപകർഷതാബോധത്തോട്, സ്വന്തം ഗോത്രത്തിലെ പതിയിൽ പോകാതെ അമ്പലത്തിൽ പോയി പ്രാർത്ഥിച്ച് തീർത്ഥത്തിനും പ്രസാദത്തിനും കൈനീട്ടാൻ പ്രേരിപ്പിച്ച സവർണ ചിന്തയോടെല്ലാം എനിക്ക് കുറ്റബോധം തോന്നി തുടങ്ങിയത് മുതലാണ് കറുപ്പിനെ സ്നേഹിക്കാൻ

തുടങ്ങിയത്. ആദിവാസികൾ എന്നും മറ്റുള്ളവരുടെ അടിമയായി ജീവിക്കണമെന്നും ഒന്നിനും കഴിവില്ലാത്തവരാണ് എന്നുമുള്ള പൊതുബോധത്തെ തിരുത്തിയെഴുതേണ്ടത് എന്റെ ഉത്തരവാദിത്വമാണെന്നുമുള്ള സ്വബോധത്തിൽ നിന്നുമാണ് പലരോടും പ്രതികരിച്ചു തുടങ്ങിയത്.

സമപ്രായമുള്ള നാട്ടിലെ നായർ തറവാട്ടിലെ പെൺകുട്ടി എന്റെ അച്ഛനെ “ചെരുമ്പാ” എന്ന് വിളിച്ചപ്പോൾ അവരുടെ വീട്ടിലെ മുതിർന്നവരെ ഞാൻ പേരു വിളിച്ചു . ആ വിളി അവരുടെ ആത്മാഭിമാനത്തെ തകർത്തു എന്നറിഞ്ഞപ്പോൾ ചങ്കൂറ്റത്തോടെ പറഞ്ഞു “ഞങ്ങൾ ആദിവാസികൾ ആയോണ്ട് എന്തും വിളിക്കാം എന്ന വിചാരം മറന്നേക്ക്. ഞാൻ മുതിർന്നവരെ പേര് വിളിക്കാറില്ല. പ്രായത്തെ ബഹുമാനിക്കാൻ എന്റെ അച്ഛനും അമ്മയും എന്നെ പഠിപ്പിച്ചിട്ടുണ്ട്” എന്ന്. പി.ജി കഴിഞ്ഞു ബി.എഡിനു പോയപ്പോൾ “നിങ്ങളൊക്കെ പഠിച്ചിട്ട് കാര്യമില്ല ,പെൺപിള്ളേർ പഠിച്ചിട്ട് എങ്ങുമെത്താൻ പോണില്ല” എന്ന് നാട്ടിലെ പ്രമാണി പറഞ്ഞപ്പോൾ “പെൺപിള്ളേർ പഠിച്ചിട്ട് കാര്യമില്ലെങ്കിൽ നിങ്ങളുടെ പെൺമക്കളെ ഇനിമുതൽ വീട്ടിലിരുത്തിക്കോ, എന്നോട് പറയാൻ വരേണ്ട” എന്ന് മറുപടി പറയേണ്ടി വന്നു. ബി.എഡിന് ടീച്ചിംഗ് പ്രാക്ടീസ് സമയത്ത് ഗവണ്മെന്റ് സ്കൂൾ സെലക്ട് ചെയ്തപ്പോൾ നീ അവിടെ പഠിപ്പിക്കാൻ പോകേണ്ട. ആ സ്കൂൾ മുഴുവൻ മുസ്ലീംകുട്ടികളാ , നീ പോയാൽ കുട്ടികൾ ആരും പഠിക്കില്ല. അവിടെ തട്ടമിട്ട സ്റ്റുഡന്റ്സ് തന്നെ ട്രെയിനിങ്ങിന് പോകണമെന്ന് പറഞ്ഞ പ്രിൻസിപ്പാളിനോട് തട്ടമാണോ ടീച്ചിംഗിന്റ അടിസ്ഥാനമെന്നും, സാറിനെപ്പോലെ ഒരാളിൽ നിന്ന് ഇങ്ങനെ പ്രതീക്ഷിച്ചില്ലെന്നും മുഖത്തുനോക്കി പറഞ്ഞപ്പോൾ തോന്നിയ ആത്മസംതൃപ്തി പറഞ്ഞറിയിക്കാൻ വയ്യ.

പഠിത്തമൊക്കെ കഴിഞ്ഞ് ഇറങ്ങിയപ്പോൾ നിങ്ങൾ എസ്.ടി ആയതുകൊണ്ട് സംവരണം ഉണ്ടല്ലോ. പെട്ടെന്ന് ജോലി കിട്ടുമല്ലോ എന്നൊക്കെയുള്ള നാട്ടുകാരുടെ പ്രതികരണത്തിന് ‘ഞങ്ങൾക്ക് രണ്ടു ശതമാനം സംവരണം മാത്രമേ ഉള്ളൂ. ബാക്കി വരുന്ന 98 ശതമാനവും നിങ്ങൾക്കാണല്ലോ.അപ്പോൾ ഞങ്ങളെക്കാൾ നിങ്ങൾക്കല്ലേ ജോലി കിട്ടുക. പിന്നെ നിങ്ങൾക്കുള്ളത് പോലെ ആദിവാസി മാനേജ്മെന്റ് സ്ഥാപനങ്ങൾ ഞങ്ങൾക്ക് ഇല്ലാത്തതുകൊണ്ട് ഉറപ്പായും ജോലി കിട്ടു’മെന്ന് പരിഹാസത്തോടെ പറഞ്ഞപ്പോൾ ആ ചോദ്യങ്ങൾ നിന്നു .

വീടിന്റെ കോൺക്രീറ്റ് പണിക്ക് വന്ന അന്യസമുദായത്തിലെ സ്ത്രീകൾ വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കാതെ കുടിവെള്ളത്തിന് മാത്രം എന്റെ അടുത്തേക്ക് വന്നപ്പോ അമർഷത്തോടെ പറയേണ്ടി വന്നു ‘വെള്ളം ഞങ്ങളുടേത് അയിത്തമില്ലേ’ എന്ന്.

ജീവിതത്തിൽ ആദ്യമായി തോന്നിയ ആത്മാർ


**അതെ... ഞാനൊരു ആദിവാസി പെൺകുട്ടിയാണ്. എന്റെ കറുപ്പിനേയും എന്റെ ഗോത്രത്തേയും ഒരുപാട് സ്നേഹിക്കുന്ന ആദിവാസി പെൺകുട്ടി. ഇന്നെനിക്ക് ചങ്കുറപ്പുണ്ട്, എന്റെ ഗോത്രത്തെ ഇല്ലായ്മ ചെയ്യാൻ വരുന്നവനെ നേരിടാൻ... എനിക്ക് ധൈര്യമുണ്ട് ഞാനൊരു ആദിവാസി ആണെന്ന് ഈ ലോകത്തോട് വിളിച്ചുപറയാൻ.**

**ഇനിയുമൊരു ജന്മമുണ്ടെങ്കിൽ ഒരു ആദിവാസിയായി... മലവേട്ടുവ ഗോത്രത്തിൽ ജീവിക്കാൻ ഞാൻ ആഗ്രഹിച്ച് പോകുന്നു.**

ഥ പ്രണയത്തോട് ഗുഡ്ബൈ പറയാൻ മറിച്ചൊന്ന് ആലോചിക്കേണ്ടി വരാത്തത് കാമുകന്റെ വീട്ടുകാർക്കുള്ള ജാതീയ വിവേചനവും കറുപ്പിനോടുള്ള അവഗണനയുമായിരുന്നു.

ആദിവാസി ആണെന്ന് അറിഞ്ഞുകൊണ്ട് തന്നെ എന്നെ ചേർത്തുനിർത്തിയവരുണ്ട് ജീവിതത്തിൽ. ഓരോ ഗുണപാഠവും പറഞ്ഞു തന്നല്ല പ്രവൃത്തിയിലൂടെ കാണിച്ചു തന്ന നാലാം ക്ലാസ്സിൽ പഠിപ്പിച്ച പത്മിനി ടീച്ചർ. ‘നന്നായി ഹാർഡ് വർക്ക് ചെയ്യണം, ഉയരങ്ങളിൽ എത്തണം’ എന്നു പറഞ്ഞ് ഉപദേശിച്ച പി.ജി.ക്ക് പഠിപ്പിച്ച ഷാനവാസ് സർ, പ്രതിസന്ധിഘട്ടങ്ങളിൽ എന്റെ ചിന്താഗതിക്ക് ഊർജ്ജം പകർന്ന് ബി.എഡ് കോളേജിലെ ശങ്കരൻ നാരായണൻ സർ, ‘നീ ഉണ്ടാക്കിയ ഫുഡിന് നല്ല ടേയ്സ്റ്റ്’ ആണെന്ന് പറഞ്ഞ് എന്റെ പാത്രത്തിൽ നിന്ന് കൈയ്യിട്ടു വാരിക്കഴിക്കുന്ന പ്രിയ കോളേജ് സുഹൃത്തുക്കൾ. എല്ലാവരോടും മറക്കാനാവാത്ത കടപ്പാടുണ്ട്, എന്നെ ഞാനാക്കി തീർത്തതിന്... എനിക്ക് പ്രചോദനമേകിയതിന്...

അതെ... ഞാനൊരു ആദിവാസി പെൺകുട്ടിയാണ്. എന്റെ കറുപ്പിനേയും എന്റെ ഗോത്രത്തേയും ഒരുപാട് സ്നേഹിക്കുന്ന ആദിവാസി പെൺകുട്ടി. ഇന്നെനിക്ക് ചങ്കുറപ്പുണ്ട്, എന്റെ ഗോത്രത്തെ ഇല്ലായ്മ ചെയ്യാൻ വരുന്നവനെ നേരിടാൻ... എനിക്ക് ധൈര്യമുണ്ട് ഞാനൊരു ആദിവാസി ആണെന്ന് ഈ ലോകത്തോട് വിളിച്ചുപറയാൻ. ഇനിയുമൊരു ജന്മമുണ്ടെങ്കിൽ ഒരു ആദിവാസിയായി... മലവേട്ടുവ ഗോത്രത്തിൽ ജീവിക്കാൻ ഞാൻ ആഗ്രഹിച്ച് പോകുന്നു.



**സി. സോമി**
ബേഗൂർ കോളനി, കാട്ടിക്കുളം,
വയനാട്, ബെട്ടക്കുറുമഗോത്രാംഗം

# മണ്ണെഴുത്ത്

തമിഴ്നാട്ടിലെ നീലഗിരി മലനിരകളിലുള്ള ബിർഭിമല, മരുതമല എന്നിവിടങ്ങളിൽനിന്നും ഉടലെടുത്ത് കേരള, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ പല ഭാഗങ്ങളിലായി കണ്ടുവരുന്ന ഗോത്രസമുദായക്കാരാണ് ബെട്ടകുറുമർ. ആചാരാനുഷ്ഠാനങ്ങൾ, ഭാഷ, തൊഴിൽ, വസ്ത്രധാരണരീതി എന്നിവയിൽ നിന്നെല്ലാം തന്നെ മറ്റു ഗോത്രവിഭാഗങ്ങളിൽ നിന്നും ഇവർ വളരെയധികം വ്യത്യസ്തത പുലർത്തുന്നവരാണ്. കുന്നുകളിൽനിന്ന് കുന്നുകളിലേക്ക് മാറിമാറി താമസിച്ചും പുനഃകൃഷികളിലേർപ്പെട്ടും അവർ തങ്ങൾക്കാവശ്യമായ എല്ലാ സാധനങ്ങളും അവരുടെ കൈകളാൽ തന്നെ നിർമ്മിച്ചുകൊടുത്തും ഉപയോഗിച്ചും പോന്നു. ബെട്ടകുറുമഭാഷയിൽ കുന്ന് എന്നതിനെ 'ബൊട്ട്' എന്നാണ് പറയുന്നത്. ഈ നാമധേയത്തിൽ നിന്നുമാണ് ബെട്ടകുറുമൻ എന്ന പേരുതന്നെ ഉണ്ടായതും.

**ബെട്ടകുറുമന്റെ കുലത്തൊഴിലുകളിലൊന്നാണ് മൺപാത്രനിർമ്മാണം. ഈ തൊഴിലിന്റെ പ്രത്യേകത എന്നു പറഞ്ഞാൽ സ്വന്തം കൈകൾ കൊണ്ട് മാത്രമാണിതു ചെയ്തെടുക്കുന്നത് എന്നതാണ്.**



കേരളത്തിലെ ആർട്ടിസാൻ ട്രൈബ്സ് ആണ് ബെട്ടകുറുമൻ. അവരുടെ പാരമ്പര്യ കുലത്തൊഴിലുകളാണ്:

- മുളകൊണ്ടുള്ള കുട്ട, വട്ടി, മുറം, മറ്റുപകരണങ്ങളുടെ നിർമ്മാണം.
- മൺപാത്രനിർമ്മാണം
- കൊല്ലപ്പണി (ഇരുമ്പുപണി)
- ആശാരിപ്പണി
- പലതരം പുല്ലുകൾ കൊണ്ട് കരകൗശല വസ്തുക്കളും പായ, ചൂല് മറ്റുപകരണങ്ങളുടെ നിർമ്മാണം.

- കാട്ടുനാരുകൾ കൊണ്ട് കയർ നിർമ്മാണം
- ഏറുമാടങ്ങളുടെയും കുടിലുകളുടെയും നിർമ്മാണം
- വനവിഭവശേഖരണം
- വേട്ടയാടൽ എന്നിവ

തളിച്ച് ഉലക്ക ഉപയോഗിച്ച് ഇടിച്ച് പശവരുത്തുന്നു. എത്രകൂടുതൽ ഇടിക്കുന്നുവോ അത്രയും മണ്ണിന്റെ ഗുണം കൂടിക്കിട്ടും. ഇങ്ങനെ ഇടിച്ച് പാകപ്പെടുത്തിയ മണ്ണിനെ ഒരു ദിവസം മുഴുവനും നനഞ്ഞ തുണി ഉപയോഗിച്ച് മൂടിവെയ്ക്കും. പിന്നീട് ഓരോ പാത്രത്തിനും ആവശ്യമായ മണ്ണെടുത്ത് മുളയുടെ പാളയിൽ വെച്ച് കലത്തിന്റെ അടിഭാഗം നിർമ്മിക്കുന്നു. ഇതിനെ ഒന്ന് നീര് വലിഞ്ഞു കിട്ടാൻ വേണ്ടി കുറച്ച് മണിക്കൂറുകൾ മാറ്റിവെയ്ക്കും. തുടർന്ന് അതിനെ 'കെബൊലിയ്' ഉപയോഗിച്ച്



ചക്രങ്ങളോ മറ്റു യന്ത്രങ്ങളോ കൂടാതെയുള്ള ബെട്ടകുറുമന്റെ കൈവിരുതുകളാൽ മാത്രം രൂപപ്പെട്ടുവരുന്ന മൺപാത്ര നിർമ്മാണത്തെക്കുറിച്ച് നമ്മുക്ക് പരിചയപ്പെടാം. ബെട്ടകുറുമന്റെ കുലത്തൊഴിലുകളിലൊന്നാണ് മൺപാത്രനിർമ്മാണം. ഈ തൊഴിലിന്റെ പ്രത്യേകത എന്നു പറഞ്ഞാൽ സ്വന്തം കൈകൾ കൊണ്ട് മാത്രമാണിതു ചെയ്തെടുക്കുന്നത് എന്നതാണ്. മൺപാത്രനിർമ്മാണത്തിനാവശ്യമായ മണ്ണ് കണ്ടെത്തി ആഴത്തിൽ കുത്തി മേൽമണ്ണ് നീക്കം ചെയ്ത് അവർക്കാവശ്യമായ മണ്ണെടുക്കുന്നു. ഈ മണ്ണ് പാത്രനിർമ്മാണത്തിന് അനുയോജ്യമാണോ എന്നറിയാൻ രുചിച്ചുനോക്കുകയാണ് ചെയ്യാറ്. മണ്ണിന് ചെറിയ പുളിപ്പ് കലർന്ന രുചിയായിരിക്കണം. ചിലർ മണ്ണ് വെള്ളത്തിൽ കലങ്ങിയാൽ തെളിയുമ്പോൾ പാൽ നിറമാവുന്നതും ശ്രദ്ധിക്കാറുണ്ട്. ഇങ്ങനെനോക്കി കണ്ടുപിടിച്ച മണ്ണാണ് പാത്രനിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ശേഖരിച്ച മണ്ണ് കൊണ്ടുവന്ന് കല്ല് നീക്കം ചെയ്ത് വൃത്തിയാക്കുന്നു. പിന്നീട് ആ മണ്ണിനെ വെള്ളം



**മൺപാത്രനിർമ്മാണത്തിനാവശ്യമായ മണ്ണ് കണ്ടെത്തി ആഴത്തിൽ കുത്തി മേൽമണ്ണ് നീക്കം ചെയ്ത് അവർക്കാവശ്യമായ മണ്ണെടുക്കുന്നു. ഈ മണ്ണ് പാത്രനിർമ്മാണത്തിന് അനുയോജ്യമാണോ എന്നറിയാൻ രുചിച്ചുനോക്കുകയാണ് ചെയ്യാറ്. മണ്ണിന് ചെറിയ പുളിപ്പ് കലർന്ന രുചിയായിരിക്കണം.**

ഇളക്കിയെടുക്കുന്നു. പിന്നീടാണ് പാത്രത്തിന്റെ മുകൾഭാഗം നിർമ്മിക്കുന്നത്. 'ചട്ങ്കെ' എന്ന മര ക്കഷണം കൊണ്ട് തട്ടിതട്ടി മുകളിലേയ്ക്കുയർത്തു കയും കലത്തിന്റെ വക്കുകൾ നിർമ്മിക്കുകയും ചെയ്യുന്നു. ഇങ്ങനെ പല ആകൃതിയിലും വലിപ്പത്തി ലുമുള്ള കലങ്ങളുടെ രൂപങ്ങൾ ഉണ്ടാക്കിയതിനു ശേഷം 'സിലൂവ് കെബൊലിയ്' ഉപയോഗിച്ച് കല ത്തിന്റെ ഉൾഭാഗത്തെ മണ്ണ് നീക്കം ചെയ്യുന്നു. എല്ലാ ഭാഗവും ഒരേ ഘനത്തിൽ വരത്തക്കവണ്ണം വേണം മണ്ണെടുക്കുവാൻ. കലം ഇടയ്ക്കിടയ്ക്ക് 'ജെൽതികളെന്ത' എന്ന തുണി വെള്ളത്തിൽമുക്കി തുടച്ചെടുക്കും. ശേഷം 'മിൻക്ക് കല്ല്' ഉപയോഗിച്ച് മിനുക്കിയെടുക്കുന്നു. കലത്തിന് ഡിസൈൻ ചെയ്യു ന്നതിനായി 'പജ്ജെക്കോല്' കൊണ്ട് പലതരത്തിലു ള്ള കുത്തുകളും വരകളും പുള്ളികളും ചെയ്ത് അലങ്കരിക്കുന്നു.

നിർമ്മിച്ച കലത്തിനെ തണലിൽ തന്നെ മൂന്ന് നാല് ദിവസം ഉണക്കി പാകപ്പെടുത്തിയെടുക്കുന്നു. ബെട്ടകുറുമസ്ത്രീകളാണ് കൂടുതലായും കല നിർമ്മാണപ്രവൃത്തിയിൽ ഏർപ്പെടാറുള്ളത്. ഇങ്ങനെ ഉണക്കിയെടുത്ത കലങ്ങളേയും പാത്രങ്ങ ളേയും ചുട്ടെടുക്കണം. അതിനായി അവർ പ്രത്യേക തരത്തിൽ ചൂള തയ്യാറാക്കുകയും അതിലേക്ക് എല്ലാ വീടുകളിലും നിർമ്മിച്ച കലങ്ങളെ ഒരുമിച്ച് ചൂളയിലേയ്ക്ക് വെയ്ക്കുകയും ചെയ്യുന്നു. ചൂള യിൽ ആദ്യം മരുതിന്റെ വിറകും മുളയും അടുക്കു ന്നു. അതിലേക്ക് പന്തം (കുന്തിരിക്കം), ചന്ദനം തുട ങ്ങിയവ ഇടുന്നു. പിന്നീടാണ് കലങ്ങൾ പ്രത്യേക രൂപത്തിൽ നിരത്തുന്നത്. ശേഷം വിറക് കുത്തി നിർത്തി അടുക്കുന്നു. കലത്തിന് ചുവന്ന നിറം കിട്ടാനായി ഇവർ ചൂളയിൽ മുരുക്കിന്റെ വിറകും ഇടാറുണ്ട്. ഇങ്ങനെ അടുക്കിവെച്ച് ചൂള കത്തി ക്കുന്നതിനു മുമ്പായി പ്രാർത്ഥനാചടങ്ങ് നടത്താറു ണ്ട്. 'അജ്ജൻ അജ്ജർക്ക ബാജെകൊട്ഗ്' എന്നാണ് ഈ ചടങ്ങിനെ പറയാറ്. പിന്നീട് ചൂള യിൽ തീകത്തിച്ച് ഒരുദിവസം മുഴുവനും വെയ്ക്കു ന്നു. തീ നല്ലവണ്ണം തണുത്തതിനുശേഷം മാത്രമേ ചൂളപൊളിക്കാറുള്ളൂ. ബെട്ടകുറുമൻ തന്റെ കുഞ്ഞിന് ആദ്യകട്ടി ആഹാരം കൊടുക്കുന്നതിന് പോലും പ്രത്യേകം മൺപാത്രം നിർമ്മിച്ച് അതിൽ മുത്താറികുറുക്ക് ഉണ്ടാക്കിവേണം കൊടുക്കാൻ.

മൺപാത്രനിർമ്മാണത്തിന് ഉപയോഗിക്കുന്ന ഉപ കരണങ്ങളുടെ പേര്:-

? ചട്ങ്കെ
? മിൻക്ക്കൽല്ല്
? പലതരത്തിലുള്ള കെബൊലികൾ
? ജെൽതികത്തെ
? കേമൾപട്ടെ

ഇങ്ങനെനിർമ്മിച്ചെടുക്കുന്ന മൺപാത്ര ങ്ങൾ വിൽക്കുകയും വീടുകളിൽ ഉപയോഗിക്കു കയും ചെയ്തുപോന്നിരുന്നു. ഈ കലം വളരെ കാലം ഉപയോഗിക്കാൻ പറ്റുമായിരുന്നു. ഇപ്പോൾ ഈ തൊഴിൽ ചെയ്യുന്നതിന് ചില പ്രായോഗിക തട സ്സങ്ങൾ നേരിടുന്നു. വൈൽഡ് ലൈഫ് ആക്ട് വന്ന തോടുകൂടിയാണിത് സംഭവിച്ചതും. ഇപ്പോൾ ഈ തൊഴിൽ കൊശവന്മാരുടെ കൈകളിലേക്ക് മാറു കയും അവർ കലംനിർമ്മാണത്തിന് ചക്രങ്ങൾ ഉപ യോഗിക്കുകയും ചെയ്യുന്നു.

**ബെട്ടകുറുമസ്ത്രീകളാണ് കൂടുതലായും കലനിർമ്മാ ണപ്രവൃത്തിയിൽ ഏർപ്പെ ടാറുള്ളത്. ഇങ്ങനെഉണക്കി യെടുത്ത കലങ്ങളേയും പാത്രങ്ങളേയും ചുട്ടെടുക്ക ണം. അതിനായി അവർ പ്രത്യേക തരത്തിൽ ചൂള തയ്യാറാക്കുകയും അതി ലേക്ക് എല്ലാ വീടുകളിലും നിർമ്മിച്ച കലങ്ങളെ ഒരു മിച്ച് ചൂളയിലേയ്ക്ക് വെയ്ക്കുകയും ചെയ്യുന്നു. ചൂളയിൽ ആദ്യം മരുതിന്റെ വിറകും മുളയും അടുക്കു ന്നു. അതിലേക്ക് പന്തം (കുന്തിരിക്കം), ചന്ദനം തുട ങ്ങിയവ ഇടുന്നു. പിന്നീ ടാണ് കലങ്ങൾ പ്രത്യേക രൂപത്തിൽ നിരത്തുന്നത്.**



ചർച്ചാവിഷയം

സിന്ധുകൃഷ്ണദാസ്

# തായ്ബാജേ മർദോനു നഗമന്റ്

## (മാതൃഭാഷ മറക്കുന്ന ബെട്ടകുറുമൻ)

(ബെട്ടകുറുമഭാഷ)

ബാജെ ഒനൊൻ നാട്ടൽ മറൊലിൽ അജ്ജൻന്റ് ബിർദിബോർന്നി ബൊളെ. അത്നാ ആ മന്റ് ബൊൽക്കിജ്ൻ നട്ദനെ അത്ര് കൊല്ത്ത്ൽ ഇവ്വാത്ത്ര്ക്ക തമ്മായു ഗുണാ. ഈ ബാജിക്ക ഒൻതർത്ത്ലു മായ ബാർലിൽദെ കാത്ത്ൻ ബുട്ളയു കട്മ്മെ ഒനൊൻന്റാൾക്കു ഇവ്വുദു

(മലയാളം)

ഭാഷ ഓരോ നാടിന്റെയും ജനതയുടെ പൈതൃകമൂല്യങ്ങളടങ്ങുന്ന സംസ്കാരത്തിന്റെ സ്വത്താണ്. അത് ആ ഭാഷ സംസാരിക്കുന്ന ജനതയുടെ അഭിമാനമാണ്. ഇതിന് ഒരു തരത്തിലുള്ള കോട്ടങ്ങളും തട്ടാതെ കാത്തുസൂക്ഷിക്കേണ്ട ചുമതല ഓരോ വ്യക്തിയുടേതുമാണ്.

(ബെട്ടകുറുമഭാഷ)

ബൊയ്നാട്ടൽ ഒനൊൻ മൊത്കീറ്ൽ ഇന്നിവ്വാഗ് നഗമൻന്റ് മക്ക് സ്വൻത്ത ബാജിമ മർദ്ൻ ബന്തൊടിയോ. മെലാമോട്ത്ത്ര് കൊലാചാരനട്ത്തിപ്പ് ത്ര്ങ്ങ്നു ഇന്നെ അത്നദ്ര് ത്യ്യ്വുഗ്ര്ഹ്ല തമ്മയു ഗൊത്തിൽപ്പട്ഗ്ഗ് മാതിരി. തിർജ്ജ്ൻ നട്ദൊടിയോ? എറ്റ്തർത്ത്ഹ്ലൂ മൻസ്ന്റ്ര്ക്കു അത്റത്ത്ര്ക്ക സ്വൻത്ത ബാജെ ഉണ്ടോ. അത്ങാ കുൽമ്മെ ബിദ്ദിയു ഉണ്ടോ. അത്നമർദോലിൽ ദീറാ നംങ്. നങ്ങ് മക്ക്ൾക്ക ബോരി!

(മലയാളം)

വയനാട്ടിലെ പല ഊരുകളിലും ഇപ്പോഴത്തെ തലമുറയിലുള്ള ബെട്ടകുറുമർ (ഊരാളി) സ്വന്തം ഭാഷയെ മറന്നുതുടങ്ങിയിരിക്കുന്നു. മലയാളം അനുകരിച്ചനുകരിച്ച് അവരുടെ കുലദൈവങ്ങളെ പോലും തിരിച്ചറിയാത്ത അവസ്ഥ വന്നിരിക്കുന്നു. ഏതൊരു ഗോത്രജനതയ്ക്കും സ്വന്തമായൊരു ഭാഷയുണ്ട്. അതിനൊരു മൂല്യമുണ്ട്. കാത്തുസൂക്ഷിക്കാം നമ്മുക്ക് സ്വന്തം ഭാഷാസംസ്കാരത്തെ നമ്മുടെ പിൻതലമുറയ്ക്കുവേണ്ടി.

(ബെട്ടകുറുമ ഗോത്രഭാഷയിലെ കുറച്ച് വാക്കുകളും അതിന്റെ അർത്ഥങ്ങളും)

അബ്ബെ = അമ്മ
അമ്മുൻ = അച്ഛൻ
അജ്ജി = മുത്തശ്ശി
അജ്ജ്ൻ = മുത്തശ്ശൻ
നിച്ച് = ചോറ്
ഏക്കിരി = കറി
ക്..റെ = വീട്
ബങ്ങണ = വാതിൽ
കോട്ഗഹ്ല = അടുപ്പ്
കഹ്ല = പാത്രം, കലം
ദുഡ്ഢ് = പണം, രൂപ
പുല്ലി = വിറക്
ചിന്ന = സ്വർണ്ണം
ഓമ്പലിവുഗ് = സുഖമാണോ
ഉസാറിഹ്ല = സുഖമില്ല
ഈറുല്ലി = സവാള
കുംബ്ലായ് = മത്തൻ
പോക്കെ = തവള
പൊർന്നി = പുൽചാടി
ബിന്നി = മിന്നാമിനുങ്ങ്
തക്കയ് = ചക്ക

(ബെട്ടകുറുമഭാഷ)

ഈ നാട്ടൽ തമ്മയ് ആദിവാസിഗ്ര്ക്കു അത്റത്ത്ര് ബാജെ ബെർദ്ൻ രേഖൈമാന്ൺചീലയ് പൊത്തേസോ അത്ങാ നങ്ക് ഹ്ൻത്തിരു ഒന്റേതർത്ത്ൽ നീരീൻസാ...

(മലയാളം)

ഈ നാട്ടിലെ ഓരോ ഗോത്രജനതയ്ക്കും അവരവരുടെ ഭാഷാനിഘണ്ടു ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. അതിനായി ശ്രമിക്കാം.

**സിന്ധു കൃഷ്ണദാസ്**
തോൽപ്പെട്ടി ട്രൈബൽ പെരിപ
തതിക്ക് സ്കൂൾ അദ്ധ്യാപിക

# തറാവൊരി തൊവുലേക്കിരി

## (പലതരം ഇലക്കറികൾ)

പച്ചെ ബണ്ണ തൊവുലേക്കിരി
തറാവൊരി തൊവുലേക്കിരി
കദ്ദിലെ കാംമ്പേ, പൊയ്ഗാട്ട്ൽ കാംമ്പേ
തൊറേറ്ൽ, ക്റേറ്ൽ തൊവുലേക്കിർ കാംമ്പേ
കദ്ദിൽ കാംബുത് ഇമ്പൺണ്ടേക്കിരി
കദ്ദേറ്ൽ കാംബുത് സൗത്തേക്കിരി
തൊരേറ്ൽ കാംബുത് താഗൊരിയ്
ക്രേറ്ൽ കാംബുത് കടേക്കിരി
ചൊവ്വൂതൊവുലേക്കിരി, തറതറതൊലേക്കിരി
ഗംമ്മുന്നുണ്ടോ, കിപ്പുണ്ടോ
തീപ്പുണ്ടോ, പുലിയുണ്ടോ
തറ തറ തൊവുലേക്കിരി ചൊവ്വൂതൊലേക്കിരി
നീരേക്കീർക്കൂ തൊലേക്കിർ നൽത്
മുദ്ദേക്കിർക്കൂ തൊലേക്കിർ നൽത്
മദ്ദ്ങ്കൂ തൊലേക്കിർ നൽത്
നിച്ച്ങ്ക തൊലേക്കിരി, പുട്ട്ങ്കതൊലേക്കിരി
തിംബുതൂ തിംബുതൂ തൊലേക്കിരി
തറവൊരി തൊവുലേക്കിരി
ബിച്ച്ങ്ക ബുഡ്ഢൂതൊവുലേക്കിരിമാ
ക്ട്ച്ചാളു ബോടാ തൊവുലേക്കിരി മാ
നങ്ക്ജീമ ബെത്ക്ക്ലയ് തൊലേക്കിർ ബോടൂ
മിർഗ്ഗ് ജീമ ബെത്ക്ക്ലയു തൊലേക്കിർ ബേടൂ
പച്ചെ ബണ്ണ തൊവുലേക്കിരി
തറാവൊരി തൊവുലേക്കിരി
കദ്ദിലെ കാംമ്പേ, പൊയ്ഗാട്ട്ൽ കാംമ്പേ
തൊറേറ്ൽ, ക്റേറ്ൽ തൊവുലേക്കിർ കാംമ്പേ

*കവിതയുടെ സാരാംശം:-*

മനുഷ്യൻ കൃഷി ആരംഭിക്കുന്നതിനുമുമ്പ് കാടുകളിലേയും പുഴയോരങ്ങളിലേയും ചതുപ്പുനിലങ്ങളിലേയും ചെറുചെടികളുടെ ഇലകൾ ധാരാളമായി ഭക്ഷിച്ചുപോന്നിരുന്നു. ഇവയെല്ലാം പല രുചികളുള്ളവയാണ്. സുഗന്ധമുള്ളവയും, കയ്പ്പുള്ളവയും മധുരമുള്ളതും പുളിയുള്ളവയും അങ്ങനെ അനേകം ഇലക്കറികൾ അന്ന് ഭക്ഷിച്ചിരുന്നു. മരുന്നിനും, ജീവന്റെ നിലനിൽപ്പിനും കാട്ടിലെ മൃഗങ്ങൾക്കും ഇലകൾ ആവശ്യമാണ്. ധാരാളം ഇലക്കറികൾ ഭക്ഷിക്കൂ. ഇത് ശരീരത്തിന് നല്ലതാണ്. വിത്തിന് വെച്ചിട്ട് വേണം ഇവ ശേഖരിക്കാൻ. ഒരിക്കലും ഇതിനെ നശിപ്പിക്കരുത്.

*അർത്ഥം:*

പച്ചെ = പച്ച
ബണ്ണ = നിറം
തൊവുലേക്കിരി = ഇലക്കറി
തറാവൊരി = പലതരം
കദ്ദിലെ = വയലുകളിൽ
കാംമ്പേ = കണാം
പൊയ്ഗാട്ട്ൽ = കാടുകളിൽ
തൊറേറ്ൽ = പുഴക്കരയിൽ
ക്റേറ്ൽ = കുളത്തിന്റെ കരയിൽ
കാംബൂത് = കാണുന്നത്
ഇമ്പൺണ്ടേക്കിരി=പൊന്നാംകണ്ണിഇല
കദ്ദേറ്ൽ = വയൽവരമ്പിൽ
സൗത്തേക്കിരി = തകരഇല
താഗൊരിയ് = ചുരുളിയില,
ഒരുതരം പന്നൽചെടി
കടേക്കിരി = കാട്ടുകടകിന്റെ ഇല
ചൊവ്വ് = രുചി
തറതറ = പലപല, പലതരം
ഗംമ്മുനുണ്ടോ = സുഗന്ധമുണ്ട്,
മണമുണ്ട്
കിപ്പുണ്ടോ = കയിപ്പ്രുചിയുണ്ട്
തീപ്പുണ്ടോ = മധുരമുണ്ട്
പുലിയുണ്ടോ = പുളിരുചിയുണ്ട്
നീരേക്കിർക്കൂ = ചാറ്കറിക്കും
നൽത് = നല്ലത്
മുദ്ദേക്കിർക്കൂ = ഉപ്പേരി
മദ്ദ്ങ്ക = മരുന്നിന്
നിച്ച് = ചോറ്
പുട്ട് = റാഗികൊണ്ടുള്ള ഭക്ഷണം
തിംബുതൂ = ഭക്ഷിക്കണം,
കഴിക്കണം
ബിച്ച്ങ്ക = വിത്തിന്
ബുഡ്ഢൂ = നിർത്തണം, വിടണം
ക്ട്ച്ചാളുബോടാ = നശിപ്പിക്കരുത്
നങ്ക് = നമ്മുടെ
ജീമ = ജീവൻ
ബെത്ക്ക്ലയ് = നിലനിർത്താൻ
മിർഗ്ഗ് = മൃഗങ്ങൾ

(കാട്ടുനായ്ക്കഭാഷാ കുട്ടിക്കവിത)

# കൂകിതതെ കോളി

## [കൂവുന്നുണ്ട് കോഴി]

ഊഞ്ച കോളി കൂകിതതെ
ഒത്തരെക്കാ കൂകിതതെ
ബണക്കാകി ബത്തതെ അട്ടിയില്
അക്കി മ്ർക്ക പദന ക്ള് കാട്ല്
എല്ലാറ് എദിതരെ
ഒത്തരെക്കാ എദിതരെ
കെലസകാകി വോതതെ ആള്ഗാ
സണ്ണ മക്ക വോതതെ ആടലേ
ആടെ കോളി കെസകിതതെ
കോളി മ്റ്ക്ക തിനിതതെ
ബണക്കാകി ബത്തതെ അട്ടിയില്
ബാനഉദല് സൂര്യന്നോട് ന്ഗിയത്.

*കവിതയുടെ സാരാംശം:-* അതിരാവിലെ പൂവൻ കോഴി കൂവുന്നുണ്ട്. മുറ്റത്ത് ചെറുതായി നിലാവെളിച്ചം കാണാൻ തുടങ്ങി. കാട്ടിലാണെങ്കിൽ ചെറുപക്ഷികള് പാട്ടുപാടുന്നതും കേൾക്കാം. വീടുകളിലെ ആളുകളെല്ലാം എഴുന്നേൽക്കാൻ തുടങ്ങി. രാവിലെതന്നെ പണിക്കുപോകുവാൻ ആളുകൾ തയ്യാറായി. ചെറിയ കുട്ടികളാണെങ്കിൽ കളിക്കാൻ പോകാനുള്ള തിടുക്കത്തിലുമാണ്.

മുറ്റത്ത് പിടക്കോഴി കുഞ്ഞുങ്ങൾക്ക് തീറ്റക്കൊടുക്കുന്നതിനായി ചിക്കിചികയുകയാണ്. കുഞ്ഞുങ്ങൾ ആർത്തിയോടെ തിന്നുന്നു. നേരം പുലർന്നു. മാനത്ത് സൂര്യൻ ഇതെല്ലാം നോക്കിചിരിക്കുവാൻ തുടങ്ങി.



**കണികൃഷ്ണ കെ.സി.**
കാട്ടുനായ്ക്ക ഗോത്രാംഗം വയനാട്

# ഒളെ നീറ് [പുഴവെള്ളം]

(കാട്ടുനായ്ക്ക കുട്ടിക്കവിത)

പദനഹ്ളോടൂ ഒളെ നീറ് വോഗത്.
ഒളെ മൊദെല് കാണിതതെ ക്ല്ല്,
ക്ല്ല് ഉദല് ക്പ്പെ കുത്തോണാ
ക്പ്പെ മക്ക ഗോദമ ക്രിക്രീ
നീറുദ ഗൊദമ ക്രിക്രി
പദനഹ്ളോടൂ ഒളെ നീറ് വോഗത്
ഒളെ നീറ്ല് ഒശീ മീന്ഗ്ഗാ.
മീന് നോടോടൂ പോളെ കുത്തോണാ.
പോളെ മ്ർക്ക ബെളി ബെളി
നീറുദ ബെളി ബെളീ

കവിതയുടെ സാരാംശം:-

പാട്ടുപാടി ഒഴുകുന്ന പുഴയുടെ നടുവിലായി ഒരു കല്ല് കാണുന്നുണ്ട്. അതിന്റെ മുകളിലായി തവള കയറി ഇരിക്കുന്നു. വെള്ളത്തിലുടനീളം കറുകറുത്ത് തവളക്കുഞ്ഞുങ്ങളായ മാക്രികുട്ടന്മാരെയും കാണാം. പിന്നെയും പുഴ പാടിക്കൊണ്ട് ഒഴുകുകയാണ്. പുഴ നിറയെ മീനുകളും കാണാം. ഈ മീനുകളെ നോക്കിക്കൊണ്ട് വെള്ളകൊക്ക് ഒറ്റകാലിൽ ഇരിക്കുന്നു. പുഴയുടെ കരയോട് ചേർന്ന് കൊക്കിന്റെ മക്കൾ വെള്ള കുപ്പായം ഇട്ട് നിരനിരയായി ഇരിക്കുന്നുണ്ട്.



**മുത്തുലക്ഷ്മി**

*കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാല*
*തിരുവനന്തപുരം കേന്ദ്രത്തിൽ വേദാന്തവിഭാഗം അദ്ധ്യാപിക*

# അറിവിന്റെ ആശാത്തിയോടൊപ്പം



പത്മശ്രീ ലക്ഷ്മിക്കുട്ടിഅമ്മയെ കണ്ടുസംസാരിക്കാൻ സമയം ചോദിച്ചപ്പോൾ കിട്ടിയ നിർദ്ദേശം രാവിലെ ആറു മണിക്ക് എത്താനായിരുന്നു. രാവിലെ ആറുമണിക്ക് കാടിന് സമീപത്തേക്ക് എത്തുക എന്നത് നാട്ടുവാസിയായ/ നഗരവാസിയായ ഒരാളെ സംബന്ധിച്ച് എളുപ്പം നടപ്പുള്ള കാര്യമല്ല എന്ന് തോന്നിയെങ്കിലും ചിത്രകാരി സുഹൃത്ത് സജിത ശങ്കറിന്റെ കല്ലാറിലുള്ള താവളത്തിൽ തങ്ങി സജിതയോടൊപ്പം തന്നെ രാവിലെ ലക്ഷ്മിക്കുട്ടിയമ്മയെ കാണാൻ പോയി. അവർ പൂ വിരിയാൻ കാക്കുകയായിരുന്നു. പൂ പറിച്ച് കാവിൽ വെച്ചിട്ടാണത്രെ അവരുടെ ഒരു ദിവസം തുടങ്ങുന്നത്. പക്ഷേ പൂ വിരിയുന്നതിനുമുൻപേ ഞങ്ങളവിടെ എത്തി, താമസിയാതെ രോഗികളും തുടർച്ചയായി എത്തിത്തുടങ്ങി. പിന്നെ ഞങ്ങളുടെ സംസാരം അവരുടെ ദിനചര്യക്കൊപ്പമായി മാറി. ആദ്യം മനസ്സിലായ ഒരു കാര്യം അവരുടെ സമയക്രമവും താളവും ഒന്ന് വേറെതന്നെയാണ് എന്നതാണ്. ലക്ഷ്മിക്കുട്ടി അമ്മയുടെ വൈദ്യരീതികളും സംഭാഷണവും ഒന്നുംതന്നെ അവരുടെ ജീവിതചര്യകളിൽനിന്ന് വേറിട്ട്നിൽക്കുന്ന ഒന്നല്ല. നമ്മൾ ആ താളത്തിലേക്ക് സ്വയം പ്രവേശിക്കുകയേ നിവൃത്തിയുള്ളു. പെട്ടെന്ന് ചെന്ന് സംസാരിച്ച് കുറച്ച് വസ്തുതകൾ ശേഖരിക്കാം എന്ന് കരുതുന്നവർക്ക് തെറ്റി. അവരുടെ ഭാഷണങ്ങളിൽ വൈദ്യം, സംസ്കാരം, സാഹിത്യം, നാട്ടറിവുകൾ, സ്വന്തം ജീവിതാനുഭവങ്ങൾ, സമകാലികസമൂഹത്തോടുള്ള വിമർശനം എന്നിവ കൂടിക്കലർന്നുവരുന്നു. ഒന്നിനെ മറ്റൊന്നിൽനിന്ന്



വേർതിരിക്കാനാകാത്തവിധത്തിൽ. എല്ലാത്തിനുമപ്പുറത്ത്, പ്രസാദവതിയായ, ആധുനികനഗരസമൂഹത്തെ അഭിമുഖീകരിക്കാൻ കെല്പുറ്റ ഒരു ഗോത്രവർഗ്ഗസ്ത്രീയുണ്ട്. സൂക്ഷ്മമായ ഓർമ്മയും കാര്യങ്ങൾ വ്യക്തമായി പറഞ്ഞുതരാനുള്ള കഴിവുമുണ്ട്. ചുറ്റുപാടുകളെ നിരീക്ഷിക്കാനുള്ള അപാരമായ ശ്രദ്ധയുണ്ട്. അതാണ് ലക്ഷ്മിക്കുട്ടിഅമ്മയെ വ്യത്യസ്തയാക്കുന്നത്. വീണ്ടും അവരെ സമീപിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്.

ആരോഗ്യശാസ്ത്രത്തിന്, ചികിത്സാശാസ്ത്രത്തിന്, പാരമ്പര്യചികിത്സയിലൂടെ നൽകിയ സംഭാവനകൾ കണക്കിലെടുത്താണ് കാണിവർഗ്ഗത്തിൽപ്പെട്ട ലക്ഷ്മിക്കുട്ടിഅമ്മക്ക് രാജ്യം പത്മശ്രീ നൽകി ആദരിച്ചത്. ലക്ഷ്മിക്കുട്ടിയുടെ അമ്മ വയറ്റാട്ടിയായിരുന്നുവത്രെ. അമ്മാച്ചന്മാർ (അമ്മാവന്മാർ) വിഷഹാരികളും. ചുറ്റുവട്ടത്തുള്ള സ്ത്രീകൾക്ക് പ്രസവമടുക്കുമ്പോൾ അമ്മ പോയാണ് പ്രസവമെടുക്കുക. പ്രതിഫലമായി വല്ല മുറുക്കാനോ മറ്റോ കൊടുക്കും.  അമ്മക്ക് പോകാൻ വയ്യാതായപ്പോൾ സ്ത്രീകളെ അമ്മയുടെ അടുത്തേക്ക് കൊണ്ടുവരാൻ തുടങ്ങി. സ്വന്തം വീട്ടിൽ പ്രസവമെടുത്ത്, പത്താം ദിവസത്തെ ചടങ്ങും കഴിച്ചാണത്രെ അമ്മ അവരെ വീട്ടിലേക്ക് തിരിച്ചയക്കുക. അമ്മയുടെയും അമ്മാവന്മാരുടെയും കൂടെ നടന്ന് ലക്ഷ്മിക്കുട്ടിയും ചികിത്സയുടെ ആദ്യപാഠങ്ങൾ പഠിച്ചു. പ്രകൃതിയിലെ സകല ജീവജാലങ്ങളും ചുറ്റുപാടും കണ്ടാണ് കാര്യങ്ങൾ പഠിക്കുന്നത്. അതുപോലെയാണ് താനുമെന്നത് വളരെ സ്വാഭാവികമായി അവർ കാണുന്നു.

എന്താണ് ആരോഗ്യം എന്ന ചോദ്യത്തിന് ലക്ഷ്മിക്കുട്ടിക്ക് കൃത്യമായ മറുപടിയുണ്ട്. ആരോഗ്യശാസ്ത്രത്തിൽ ആരോഗ്യത്തെ ഇങ്ങനെ നിർവചിച്ചിരിക്കുന്നു- ബുദ്ധിപരമായും ശാരീരികമായും സമുദായത്തിന്റെയും സമൂഹത്തിന്റെയും വികസനം-അതാണ് ആരോഗ്യം. എട്ടുകാലി, തേൾ തുടങ്ങി പലതരം ജീവികളുടെ വിഷബാധക്ക് ഈ അമ്മയുടെ അടുക്കൽ ചികിത്സ തേടി വരുന്നവരെ കണ്ടു. വിഷബാധക്ക് മാത്രമല്ല, മൈഗ്രേയ്ൻ പോലെ മരുന്നിന് എളുപ്പം വഴങ്ങാത്ത രോഗങ്ങൾക്ക് ആശ്വാസം തേടിയും രോഗികൾ ഈ ചികിത്സകയെ സമീപിക്കുന്നു. ചില മരുന്നുകൾ അവ തയ്യാറാക്കേണ്ട വിധികളോടെ രോഗികൾക്ക്

**ആരോഗ്യശാസ്ത്രത്തിന്, ചികിത്സാശാസ്ത്രത്തിന്, പാരമ്പര്യചികിത്സയിലൂടെ നൽകിയ സംഭാവനകൾ കണക്കിലെടുത്താണ് കാണിവർഗ്ഗത്തിൽപ്പെട്ട ലക്ഷ്മിക്കുട്ടിഅമ്മക്ക് രാജ്യം പത്മശ്രീ നൽകി ആദരിച്ചത്.  ലക്ഷ്മിക്കുട്ടിയുടെ അമ്മ വയറ്റാട്ടിയായിരുന്നുവത്രെ.  അമ്മാച്ചന്മാർ (അമ്മാവന്മാർ) വിഷഹാരികളും.  ചുറ്റുവട്ടത്തുള്ള സ്ത്രീകൾക്ക് പ്രസവമടുക്കുമ്പോൾ അമ്മ പോയാണ് പ്രസവമെടുക്കുക.  പ്രതിഫലമായി വല്ല മുറുക്കാനോ മറ്റോ കൊടുക്കും.**

പറഞ്ഞുകൊടുക്കുന്നു. മറ്റുചിലപ്പോൾ കാട്ടിലെ ഇലകൾ പറിച്ച് സ്വയം തയ്യാറാക്കിയവ ഉപയോഗിക്കേണ്ട രീതികൾ നിർദേശിച്ചുകൊണ്ട് രോഗികൾക്ക് കൊടുക്കുന്നു.

വൈദ്യശാലയില്ലാത്ത വൈദ്യന്മാരെക്കുറിച്ച് അപൂർവമായെങ്കിലും കേട്ടിട്ടുണ്ട്. എന്നാൽ പാത്രമില്ലാത്ത അടുക്കളയെക്കുറിച്ച് കേട്ടിട്ടുണ്ടോ ? എന്നാൽ ലക്ഷ്മിക്കുട്ടി അത്തരം അടുക്കളയുടെ പ്രചാരകയാണ്. തിരുവനന്തപുരത്ത് ജൈവവൈവിധ്യബോർഡിന്റെ ക്യാമ്പ് നടന്നപ്പോൾ പാത്രമില്ലാത്ത അടുക്കളയെക്കുറിച്ച് ലക്ഷ്മിക്കുട്ടിയമ്മ സംസാരിച്ചു. ഈറയിൽ അരിവെച്ച് പൊതിഞ്ഞ് തീയിൽ വെച്ച് ചുടും. നന്നായി വെന്ത ആ ചോറിന് നല്ല രുചിയാണത്രേ. അതുപോലെ കാട്ടോല, പുന്നയില, കൂവയില എന്നിവയിലൊക്കെ മരച്ചീനിയും അരിയും ഒക്കെ പൊതിഞ്ഞ് ഉപ്പോ കാന്താരിയോ മറ്റോ ചേർത്ത് കനലിൽ പൊതിഞ്ഞ് വെക്കും. വെള്ളമൊന്നും ഒഴിക്കേണ്ട. തനിയെ വെള്ളമുണ്ടാകും. അരമണിക്കൂറിനകം പോഷകഗുണമുള്ള ആഹാരം റെഡി. ഞങ്ങളെങ്ങിനെയുംജീവിക്കും എന്ന ഉറപ്പ് ഇത്തരം അനുഭവപാഠങ്ങൾ നൽകുന്ന കരുത്ത്.

പാലോടുള്ള ബോട്ടാണിക്കൽ റിസർച്ച് സെന്ററിൽനിന്നും സർവകലാശാലകളുടെ സസ്യശാസ്ത്രവിഭാഗങ്ങളിൽനിന്നുമൊക്കെ ഗവേഷകർ നാട്ടറിവുകൾ തേടി ഈ എട്ടാംക്ലാസ്സുകാരിയെ  സമീപിക്കുന്നു. ലക്ഷ്മിക്കുട്ടിഅമ്മക്ക് ചെറുപ്പം മുതലുള്ള ജീവിതാനുഭവങ്ങൾ ധാരാളം മതി ഗവേഷകർക്ക് വേണ്ട അറിവുകൾ നൽകാൻ. കാട്ടിൽ പണിചെയ്തു നടന്ന് ദാഹിക്കുമ്പോൾ പുല്ലാനിയുടെ തണ്ട് ചവച്ച് നീര് കുടിച്ച് ദാഹമകറ്റുന്നതും മറ്റും നാം വായിച്ചല്ല അറിയേണ്ടത്, കൂടെ നടന്ന് അനുഭവിച്ചാണ്. തൃശ്ശൂരുള്ള നാട്ടറിവ് പഠനകേന്ദ്രം സമാഹരിച്ച കാട്ടറിവ് എന്ന ഡി.സി.ബുക്ക്സ് പ്രസിദ്ധീകരണത്തിൽ (2007) ലക്ഷ്മിക്കുട്ടി കാട്ടിലെ അപൂർവസസ്യങ്ങളെക്കുറിച്ചും മൃഗങ്ങളെക്കുറിച്ചും എഴുതിയ ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ലേഖനത്തിൽ പറയുന്ന പ്രകാരം കാണിക്കാരുടെ ഫാർമക്കോളജി (എത്ത്നോ ഫാർമക്കോളജി) അതിഗംഭീരമാണെന്നാണ് നാട്ടറിവ് കേന്ദ്രത്തിന് നേതൃത്വം നൽകുന്ന സി ആർ. രാജഗോപാലൻ മാഷ് ഓർമ്മപ്പെടുത്തുന്നത്. ആരോഗ്യപ്പച്ച എന്ന അമൂല്യമായ സസ്യൗഷധത്തെക്കുറിച്ചുള്ള അറിവ് നാട്ടിലേക്ക് പകർന്നുനൽകിയതും കാണിക്കാരാണെന്ന് മാഷ് പറയുന്നു. കേരളാ സർവകലാശാലയിലെ അന്താരാഷ്ട്രപഠനകേന്ദ്രത്തിലും ഈ പ്രകൃതിശാസ്ത്രജ്ഞ സംസാരിക്കാൻ എത്തിയിട്ടുണ്ട്.

കവിതയും പാട്ടും കഥാപ്രസംഗവും ഹരമാണ് ഈ കലാകാരിക്ക്. നോട്ടുപുസ്തകങ്ങൾ നിറയെ കവിതകളും കഥകളും വടിവൊത്ത കയ്യക്ഷരത്തിൽ എഴുതിവെച്ചിരിക്കുന്നു. ചെറുപ്പത്തിൽ അമ്മാവന്മാരോടൊപ്പം വീടുകളിൽ പുരാണം വായിക്കാൻ പോകുമായിരുന്നത്രെ. കമ്പരാമായണമാണ് വായിക്കുക. ലക്ഷ്മിക്കുട്ടി വായിക്കും, അമ്മാച്ചൻ കഥ വിസ്തരിക്കും. എന്നാലും പുരാണക്കാർ വരുന്നതിനു മുൻപേ ഈ കഥകൾ കാണിക്കാർക്ക് സ്വന്തമായിരുന്നുവെന്ന അഭിമാനം ഇവർ കാത്തുസൂക്ഷിക്കുന്നു. പൂമിദേവി അമ്മയുടെയും മാനാദേവിഅപ്പന്റേയും കഥ പറയുന്ന തോറ്റം പാട്ടിനെക്കുറിച്ച് ഇവർ



ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഈ കഥ തന്നെയാണത്രെ ഇവർ മന്ത്രത്തിലും ഉപയോഗിക്കുക.

കാണിക്കാർക്ക് മരുന്നും മന്ത്രവും നൽകിയ അഗസ്ത്യമുനിയാണ് ഇവരുടെ പരമഗുരു. ലോകഗുരുവായ അഗസ്ത്യർ നിർദേശിച്ച പ്രകാരം ജീവിക്കുന്ന ലക്ഷ്മിക്കുട്ടി എഴുപത്തിനാലാം വയസ്സിലും ക്ഷീണമില്ലാതെ, ഇരിക്കാതെ, ഉത്സാഹത്തോടെ മണിക്കൂറുകൾ സംസാരിക്കുന്നു. സ്ത്രീയെന്ന നിലയിലുള്ള പൊതുജീവിതവിഷമതകളെക്കുറിച്ച് സാന്ദർഭികമായി പറഞ്ഞുവെങ്കിലും അതവരെ അലട്ടാൻമാത്രം ജീവിതത്തെ ബാധിച്ചിട്ടുണ്ടെന്ന് തോന്നിയില്ല. കാട് സ്വന്തമായ/കാടിന് സ്വന്തമായ ഒരു സ്ത്രീയുടെ സന്തോഷവും സ്വാതന്ത്ര്യവും അവരുടെ വാക്കുകളിൽ തെളിയുന്നു. പത്രങ്ങൾ അവരെക്കുറിച്ച് തെറ്റായ വിവരങ്ങൾ എഴുതിപ്പിടിപ്പിക്കുന്നുവെന്ന വിമർശനം അവർക്കുണ്ട്. പുതുതലമുറയിലേക്ക് ഒരു സമൂഹത്തിന്റെ തനതായ അറിവുകൾ പകർന്നുനൽകാൻ കഴിയാത്തത് കുട്ടികൾ മുതിർന്നവരുടെ കൂടെനടന്ന് പണിയെടുത്ത് അറിവ് സമ്പാദിക്കുന്ന ഘടന ഇല്ലാതായതുകൊണ്ടാണ്. കുട്ടികൾക്ക് ജീവിതവിഷമതകളുടെ മുന്നിൽ പിടിച്ചുനിൽക്കാനാകാത്തതും അനുഭവങ്ങളുടെയും ക്രിയാത്മകതയുടെയും കുറവുകൊണ്ടാണെന്ന് കാട്ടിലെ ഈ ആശാത്തി അഭിപ്രായപ്പെടുന്നു.



മൃദുല ദേവി എസ്
പാഠഭേദം എഡിറ്റോറിയൽ ടീം അംഗം



# ഗോത്രാവകാശങ്ങളുടെ പ്രക്ഷോഭക–മംഗ്ലു ശ്രീധർ

അട്ടപ്പാടി കടുകുമണ്ണ സ്വദേശിയായ മധു എന്ന ആദിവാസി യുവാവിനെ മണിക്കൂറുകളോളം അടിച്ച് അവശനാക്കി കൊലപ്പെടുത്തിയതിനു ശേഷം സമൂഹമാധ്യമങ്ങളിൽ വ്യാപകമായി രണ്ട് തരത്തിലുള്ള അഭിപ്രായങ്ങൾ ഉടലെടുത്തിരുന്നു. ഒരു വിഭാഗം ജനങ്ങൾ മധുവിനൊപ്പം നിന്നപ്പോൾ മറ്റൊരു വിഭാഗം മധുവിനെതിരെ അഭിപ്രായപ്രകടനങ്ങൾ നടത്തി. ആ അവസരത്തിലെ സജീവമായ ഇടപെടലുകളുകൾ മംഗ്ലു എന്ന പണിയ യുവതിയെ അടുത്തിടെ കൂടുതൽ ശ്രദ്ധേയയാക്കി. പ്രസ്തുത സംഭവത്തെ തുടർന്ന് ഒരു ഫേയ്സ് ബുക്ക് കൂട്ടായ്മ ആദിവാസി മേഖലകളിലേയ്ക്ക് അരി, അടിവസ്ത്രം, നാപ്കിൻ ഇവ ശേഖരിച്ച് ഊരുകളിലെത്തിക്കുന്നതിനുള്ള പ്രചാരണം നടത്തിയപ്പോൾ അതിനെതിരേയും മംഗ്ലുവിന്റെ ശബ്ദം ഉയർന്നിരുന്നു. ആദിവാസി വിഭാഗക്കാർക്ക് ആരുടെയും ഔദാര്യം അല്ല വേണ്ടതെന്നും നഷ്ടപ്പെട്ട അവരുടെ ഭൂമിയും സ്വയംഭരണ അവകാശവും ആണ് വേണ്ടത് എന്നും മംഗ്ലു ശക്തമായി വാദിച്ചു. ഉപരിപ്ലവമായ മാറ്റങ്ങൾക്കുമപ്പുറം കാതലായ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു സമഗ്രമായ പരിഹാരം ഉണ്ടാക്കത്തിടത്തോളം ആദിവാസി വിഷയങ്ങൾ അരി പ്രശ്നവും തുണിപ്രശ്നവുമായി നീണ്ടുപോകുമെന്ന മംഗ്ലുവിന്റെ അഭിപ്രായം കൃത്യമായ ശ്രദ്ധ നേടി എന്നുള്ളത് തുടർന്ന് നടന്ന സംഭവവികാസങ്ങൾ തെളിയിച്ചു. അന്നവുമായി ആദിവാസി ഊരുകൾ സന്ദർശിക്കുവാൻ തുനിഞ്ഞിറങ്ങിയ സംഘങ്ങൾക്കുമേൽ ബോധവൽക്കരണവുമായി എത്തിയ പണിയ ഗോത്രവിഭാഗക്കാരിയായ മംഗ്ലുവിന്റെ ശബ്ദം വേറിട്ടതായി മാറിയത് അക്കാദമിക് മികവു കൊണ്ടല്ല മറിച്ച് അനുഭവ പരിജ്ഞാനം കൊണ്ടാണ്.

വയനാട് ജില്ലാ സ്വദേശികളായ റാണിയുടേയും ശ്രീധരന്റെയും മകളായ മംഗ്ലു പൊതുവിദ്യാഭ്യാസത്തിനായി പനമരം അഞ്ച്കുന്ന് ഗാന്ധിമെമ്മോറിയൽ സ്കൂളിൽ ചേർന്നെങ്കിലും ഒന്നാം ക്ലാസ്സു തന്നെ പൂർത്തിയാക്കുവാൻ സാധിച്ചില്ല. സ്കൂളിൽ മറ്റ് കുട്ടികൾ കളിയാക്കുകയും ചെറുതായി ഉപദ്രവിക്കുകയും ചെയ്യുന്നത് പതിവായിരുന്നതിനാൽ സ്കൂളിലേയ്ക്ക് പോകുകയെന്നുള്ളത് പേടിയുള്ള കാര്യമായിരുന്നു മംഗ്ലുവിനും സഹോദരി ലീലയ്ക്കും. വളരെ അകലെയായിരുന്ന സ്കൂളിലേയ്ക്കു മംഗ്ലുവിനെ എത്തിക്കുക എന്നുള്ളത് ചേച്ചിയായ ലീലയ്ക്കും ബുദ്ധിമുട്ടായിരുന്നു. ഇതിനിടയ്ക്ക് അച്ഛൻ നഷ്ടമായ മംഗ്ലുവിനും ലീലയ്ക്കും മുൻപിൽ പഠനം അവസാനിപ്പിക്കുക എന്നതല്ലാതെ മറ്റ് മാർഗ്ഗം ഉണ്ടായില്ല (മംഗ്ലുവിന്റെ സഹോദരി ലീല 'നിഴലുകൾ നഷ്ടപ്പെട്ട ഗോത്രം' എന്ന ഡോക്യുമെന്ററിയുടെ സംവിധായികയാണ്). അച്ഛന്റെ മരണശേഷം അദ്ദേഹത്തിന്റെ സ്ഥലമായ പാലുകുന്നിൽനിന്നും നടവയലിലുള്ള അമ്മയുടെ ബന്ധുക്കളുടെ അടുത്തേയ്ക്കുപോയി. അമ്മയുടെ ബന്ധുക്കളുടെ വീട്ടിൽ താമസമാക്കിയ മംഗ്ലുവിന്റെ ജീവിതത്തിൽ വഴിത്തിരിവായത് നാടുഗദ്ദിക എന്ന നാടകത്തിന്റെ റിഹേഴ്സൽ കാണാൻ കൂട്ടുകാരായ കുട്ടികളോടൊപ്പം പോയപ്പോൾ കെ.ജെ ബേബിയെ പരിചയപ്പെട്ട സംഭവമാണ്. റിഹേഴ്സൽ കഴിഞ്ഞുള്ള സമയത്ത് എല്ലാവരും ഒരുമിച്ചിരുന്നു പാട്ടുപാടുകയും കഥകൾ പറയുകയും ചെയ്യുമായിരുന്നു. ഈ സൗഹൃദകൂട്ടം പിന്നീട് കനവ് എന്ന വിദ്യാഭ്യാസ സ്ഥാപനമായി മാറി. 1994 ലാണ് കനവ് പ്രവർത്തനം ആരംഭിച്ചത്. കനവിലെ പഠനം അഭിരുചിയുള്ള മേഖലകളിലേയ്ക്ക് കുട്ടികളെ വഴിതിരിച്ചുവിട്ടു. നിർബന്ധിത വിദ്യാഭ്യാസത്തിന്റെ ചട്ടക്കൂടിൽ നിന്നു വിട്ടുമാറി കുട്ടിയുടെ വ്യക്തിത്വവികസനത്തിന് ഉതകുന്ന, സാമൂഹ്യജീവിതത്തിന് ഉപയുക്തമാക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം അവിടുന്ന് നേടിയ മംഗ്ലുവിന്റെ കാഴ്ചപ്പാടുകളിലും മാറ്റങ്ങൾ

ഉണ്ടായി. ചിത്രകല, നാട്ടുവൈദ്യം, സിനിമ, കൃഷി എന്നിങ്ങനെ പലമേഖലകളിലും മംഗ്ലുവും സംഘവും എത്തിച്ചേർന്നു. താനടങ്ങുന്ന ഗോത്രസമൂഹത്തിലെ വിദ്യാഭ്യാസത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുന്നതിനായി ശക്തമായ ഇടപെടലുകൾ നടത്തേണ്ടത് അത്യാവശ്യമാണെന്നു മനസ്സിലാക്കിയ മംഗ്ലു കർണാടക, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നിവടങ്ങളിലെ അനൗപചാരിക വിദ്യാഭ്യാസം നടത്തുന്ന വിവിധ സ്കൂളുകളിലൂടെ സഞ്ചരിച്ചു. അവരുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കി. തിരുവനന്തപുരം വെള്ളായണിയിലെ കാന്താരി എന്ന ഇൻസ്റ്റിറ്റ്യൂട്ടിൽ ലോകത്തിലെ പല രാജ്യങ്ങളിൽനിന്നും വന്നുചേർന്ന ആളുകൾക്കൊപ്പം ചേർന്നു പഠിച്ചു. അവിടുത്തെ കോഴ്സ് പൂർത്തിയാക്കിയതിനുശേഷം വയനാട്ടിൽ എത്തി തളിർ എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ചു. ഡ്രോപ് ഔട്ട് ആയ കുട്ടികളെ പഠനത്തിലെത്തിക്കുന്നതിനും, സ്കൂളിൽ പോകുന്ന കുട്ടികളെ അവരുടെ പഠനത്തിൽ സഹായിക്കുന്നതിനുമാണ് മംഗ്ലുവും രണ്ട് സുഹൃത്തുക്കളും ചേർന്ന് തളിരിന് രൂപം നൽകിയത്. 30 ഓളം കുട്ടികൾക്ക് അവരുടെ പഠനത്തിലും കലാകായിക വിഷയങ്ങളിലും മികച്ച പ്രോത്സാഹനം നൽകുവാൻ തളിരിന് സാധിക്കുന്നുണ്ട്.

ഡ്രോപ് ഔട്ട് അല്ലെങ്കിൽ (കൊഴിഞ്ഞുപോക്ക്) എന്ന അവസ്ഥയെ പലതരത്തിൽ വിദ്യാഭ്യാസവിചക്ഷണന്മാർ വിലയിരുത്തിയിട്ടുണ്ട്. ആദിവാസി മേഖലകളിലെ കൊഴിഞ്ഞുപോക്കിനെ അപകർഷതാബോധം, അക്കാദമിക് മികവു കുറവ്, സ്ഥായിയായ അലസത, ഉദാസീനത എന്നിങ്ങനെയുള്ള പൊതുബോധനിർമ്മിതികളിൽ ഒതുക്കിയിടുന്നതിനെ മംഗ്ലുവിലെ ആക്റ്റിവിസ്റ്റ് ശക്തമായി അപലപിക്കുന്നു. ആദിവാസി കുട്ടികളെ പഠിപ്പിക്കാൻ എത്തുന്ന അദ്ധ്യാപകരും കുട്ടികളും തമ്മിൽ ശക്തമായ ഭാഷാവിടവ് ഉണ്ടാകാറുണ്ട്. ഗോത്രഭാഷ അറിയാത്ത അദ്ധ്യാപകരും മലയാളം മാതൃഭാഷ അല്ലാത്ത കുട്ടികളും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടാകുന്നു. ആദിവാസി വിഭാഗത്തിലെ കുട്ടികൾ പഠിച്ചാൽ സ്കൂളിന്റെ 100 ശതമാനം നിലവാരം തകരും എന്ന ഭയപ്പാടിൽ കുട്ടികളോട് ഒട്ടുമേ ശിശുകേന്ദ്രീകൃതമല്ലാതെ നടത്തുന്ന ബോധനക്രമം ആദിവാസി വിഭാഗക്കാർക്കിടയിൽ സ്കൂളുകളോടുള്ള ഇഷ്ടം നഷ്ടപ്പെടുത്തി നിർബന്ധിത ഡ്രോപ് ഔട്ടിലേയ്ക്കു വഴിതെളിക്കുന്നു. സ്വന്തം ഭാഷയിൽ ആശയവിനിമയം നടത്താൻ സ്കൂളിൽ അവസരം കിട്ടാത്ത ആദിവാസിക്കുട്ടികൾ ഇതരകുട്ടികൾക്കിടയിൽ പരിഹാസപാത്രമാകുന്നു. ഇതിനെയെല്ലാം അപകർഷതാബോധം, കഴിവുകേട് എന്നീ ചരടുകളിൽ കൂട്ടിക്കെട്ടി അദ്ധ്യാപകർ ലഘൂകരിക്കുമ്പോൾ സ്വന്തം ആവാസവ്യവസ്ഥയ്ക്കിണങ്ങുന്ന വിദ്യാഭ്യാസം ഗോത്രസമൂഹങ്ങൾക്കിടയിൽ ഉണ്ടാകണമെന്ന ലക്ഷ്യം നടപ്പാക്കുന്നതിലാണ് ഇപ്പോൾ മംഗ്ലു കൂടുതലും ശ്രദ്ധിക്കുന്നത്.

അതേ സമയം മലയാളം, ഇംഗ്ലീഷ് ഈ ഭാഷകളെപ്പറ്റി മംഗ്ലുവിന് വ്യക്തമായ അഭിപ്രായമുണ്ട്. പണിയരുടെ ഗോത്രഭാഷ ആവില്ല ഇരുളരുടേത്. അതാവില്ല മുതുവാന്മാരുടേത്. ഓരോ ആദിവാസി സമൂഹത്തിനും വ്യത്യസ്തമായ ആചാരവും അനുഷ്ഠാനവും, ഭാഷയും ഉണ്ട്. എന്നാൽ ഇവരുടെയെല്ലാം പൊതുവായ പ്രശ്നങ്ങൾ ഒന്നുതന്നെയാണ്. പുറം സമൂഹത്തിന് എല്ലാവരും ആദിവാസികൾ. ഇവർക്കിടയിൽ പ്രവർത്തിക്കുവാനുള്ള ഒരു ഇടനില ഭാഷയായി മംഗ്ലു മലയാളത്തിനെയും ഇംഗ്ലീഷിനെയും കരുതുന്നു. സ്വന്തം ഭാഷയിൽ തനതുസംസ്ക്കാരത്തിൽ പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന ആദിവാസി സമൂഹത്തിന് കരുത്തുറ്റ വ്യക്തിത്വങ്ങളാകുവാൻ സാധിക്കുമെന്ന് മംഗ്ലുവിന്റെ ജീവിതം തന്നെ തെളിയിച്ചിട്ടുണ്ട്. തനിക്കു മുൻപ് കേരളത്തിന്റെ കരുത്തുറ്റ ശബ്ദമായ സി.കെ ജാനുവിന്റെ സമരങ്ങൾ മംഗ്ലുവിനു വലിയൊരു പ്രചോദനം തന്നെയായിരുന്നു. യാത്രകൾ ഇഷ്ടപ്പെടുന്ന മംഗ്ലു അതിനെയും തന്റെ ആക്റ്റിവിസത്തിന്റെ ഭാഗമായി ചേർത്തുപിടിക്കുന്നു. അതിൽനിന്നു കിട്ടുന്ന അറിവും ഊർജ്ജവും സ്വന്തം വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതായും ഗോത്രസമൂഹത്തിന് അറിവ് പകർന്നുനല്കുവാൻ സഹായകമാകുന്നതായും മംഗ്ലു കരുതുന്നു. മികച്ച കലാകാരി കൂടിയാണ് മംഗ്ലു. 1996 ൽ ഒ.കെ. ജോണി സംവിധാനം ചെയ്ത സി.കെ. ജാനുവിനെക്കുറിച്ചുള്ള ഡോക്യുമെന്ററിയിൽ ജാനുവിന്റെ കുട്ടിക്കാലം ചെയ്തത് മംഗ്ലുവാണ്. ജാനുച്ചേച്ചിയുടെ കുട്ടിക്കാലം ചെയ്യുവാൻ അവസരം കിട്ടിയത് അഭിമാനമായി തന്നെ മംഗ്ലു കരുതുന്നു. അതിനുശേഷം കനവിൽ നിർമ്മിച്ച ഗുഡ എന്ന സിനിമയിലെ ലച്ചു എന്ന പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചു (പ്രസ്തുത സിനിമയുടെ സഹസംവിധാനം മംഗ്ലുവിന്റെ സഹോദരി ലീലയാണ് നിർവ്വഹിച്ചത്). ഭൂമിയുടെ രാഷ്ട്രീയം പറയുന്ന രഞ്ജിത്ത് ചിറ്റാട് സംവിധാനം ചെയ്ത പതിനൊന്നാം സ്ഥലം എന്ന സിനിമയിലെ മംഗ്ലുവിന്റെ അഭിനയം ഏറെ ചർച്ച ചെയ്യപ്പെട്ടിരുന്നു. സ്വന്തം ഗോത്രവിഭാഗത്തിലെ പരമ്പരാഗത നൃത്തത്തിലും പ്രാവീണ്യം നേടിയിട്ടുണ്ട് ഇപ്പോൾ തിരുവനന്തപുരം സ്വദേശിനിയായ മംഗ്ലു. ഇരവാദത്തിന്റെ മുഖങ്ങളായല്ല ആദിവാസി വിഭാഗക്കാർ സമൂഹത്തിനു മുൻപിൽ നില്ക്കേണ്ടതെന്നും മറിച്ച് ആർജ്ജവമുള്ള വ്യക്തിത്വങ്ങളായാണെന്നും മംഗ്ലു കരുതുന്നു. കേവലം ഒന്നാംക്ലാസ്സ് പോലും വിദ്യാഭ്യാസം ഇല്ലാത്ത മംഗ്ലു തന്റെ ജീവിത അനുഭവങ്ങളിൽക്കൂടിയാണ് കരുത്തുറ്റ ആദിവാസി സ്ത്രീ പ്രക്ഷോഭകയായി സമൂഹത്തിലെ സഹതാപസാമൂഹ്യപ്രവർത്തനങ്ങളെ ചോദ്യം ചെയ്യുന്നത്. വംശീയ നിഷ്കാസനം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു ജനതയെ അരിയും തുണിയും കൊടുത്ത് പാട്ടിലാക്കാൻ ശ്രമിക്കാതെ അർഹതപ്പെട്ട ഭൂമി അവർക്ക് തിരികെ കൊടുക്കുക എന്ന് നിശ്ചയദാർഢ്യത്തോടെ പറയുവാൻ മംഗ്ലുവിന് കഴിയുന്നത് ഭൂമിയുടെ യഥാർത്ഥ അവകാശികൾ അവരാണെന്ന തിരിച്ചറിവ് ഉള്ളതുകൊണ്ടുതന്നെയാണ്. ആ തിരിച്ചറിവ് പൊതുസമൂഹത്തിൽ എത്തിക്കുകയെന്നതാണ് മംഗ്ലുവിന്റെ പ്രധാന ദൗത്യം.

പെൺപക്ഷം



അജിത കെ.

# ആദിവാസിയുടെ വംശനാശം –ഒരു തുടർക്കഥ

പാലക്കാട് അട്ടപ്പാടിയിൽ അടുത്തയിടെ ആൾക്കൂട്ടം അതിക്രൂരമായി മർദ്ദിച്ചു കൊലപ്പെടുത്തിയ മാനസികരോഗിയും പട്ടിണി കോലവുമായ മധുവിന്റെ ദാരുണമായ അന്ത്യം നമ്മുടെ മാധ്യമങ്ങളുടെയും പൊതുസമൂഹത്തിന്റെയും മനസാക്ഷി പിടിച്ചുകുലുക്കി. ഈ പ്രതികരണങ്ങൾ വളരെ ആശാവഹമായിരുന്നു. പക്ഷേ, അട്ടപ്പാടിയിലെ ആദിവാസി ജീവിതത്തെക്കുറിച്ചും ആ വിഭാഗത്തിനു നേരെ ദശകങ്ങളായി നടന്നുകൊണ്ടിരിക്കുന്ന ഭീകരമായ ചൂഷണങ്ങളെക്കുറിച്ചും കൃത്യമായ ബോധ്യമുള്ള സുഗതകുമാരി ടീച്ചർ പറഞ്ഞതു പോലെ ഇതൊരു ഒറ്റപ്പെട്ട സംഭവമേ അല്ല .അതിക്രൂരമായി ബലാത്സംഗം ചെയ്യപ്പെട്ട് ക്രൂരമായി കൊലചെയ്യപ്പെട്ട മരുതിയുടെ ആ കഥ ശൃംഖലയിൽ ഒരു കണ്ണി മാത്രമാണ്. ആദിവാസിക്കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യാനായി സർക്കാറുകൾ സ്ഥാപിച്ച ട്രൈബൽ ഹോസ്റ്റലുകളിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർതന്നെ ചെയ്തുകൊണ്ടിരുന്ന ലൈംഗികവും അല്ലാത്തതുമായ അതിക്രമങ്ങൾ POSCO നിയമം വരുന്നതുവരെ എങ്ങനെയാണ് കൈകാര്യം ചെയ്യപ്പെട്ടത് എന്ന് കാര്യങ്ങൾ നിരീക്ഷിക്കുന്നവർക്കറിയാം. വയനാട്ടിലെ ആദിവാസി സമൂഹങ്ങൾക്ക് നേരെ കുടിയേറ്റ സമൂഹം നടത്തുന്ന അക്രമങ്ങളുടെ ഭാഗമാണല്ലോ അവിവാഹിതരായ ആദിവാസി അമ്മമാരുടെ സമൂഹം തന്നെ. അട്ടപ്പാടിയുടെ ചരിത്രം ആദിവാസികളുടെ വംശനാശത്തിന് വന്തവാസികൾ അവരിലെ എല്ലാ നിറത്തിലും ഭാവത്തിലുമുള്ള രാഷ്ട്രീയനേതാക്കൾ എല്ലാവരും ചെയ്യുന്ന ഇടപെടലുകളാണ്. ആദിവാസി പുനരുദ്ധാരണത്തിന് എന്ന് അവകാശപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാറും സംസ്ഥാന സർക്കാറും കുറെയേറെ പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. ഇപ്പോഴും അതൊക്കെ അവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പക്ഷേ, ആദിവാസിയുടെ നിത്യജീവിതത്തിൽ നിന്ന് പട്ടിണിയും ദാരിദ്ര്യവും മാറ്റാൻ ഇത്തരം നടപടികൾക്കൊന്നും അടിസ്ഥാനപരമായി കഴിഞ്ഞിട്ടില്ല. കാരണം താൽക്കാലികമായ അപ്പക്കഷണങ്ങൾ അല്ലാതെ ശാശ്വത പരിഹാരത്തിന് സ്ഥാപിത താൽപര്യങ്ങളുള്ള ഇതരവിഭാഗങ്ങളും സർക്കാരും തയ്യാറായിട്ടില്ല. ആദിവാസിയുടെ അടിസ്ഥാന പ്രശ്നം അവരിൽ നിന്ന് ദശകങ്ങളും നൂറ്റാണ്ടുകളുമായി തട്ടിയെടുത്ത അവരുടെ ഭൂമി തന്നെയാണ്. അവർക്ക് അർഹമായ കൃഷിഭൂമി നൽകി അതിൽ വിളവിറക്കാൻ ധനസഹായവും സബ്സിഡിയും നൽകുകയെന്നത് ആത്മാർത്ഥമായും സത്യസന്ധമായും ലക്ഷ്യം വെക്കുന്ന ഒരു സർക്കാർ നയമുണ്ടാകേണ്ടതുണ്ട്. പകരം ഉപരിപ്ലവമായി പ്രശ്നപരിഹാരത്തിന് ശ്രമിച്ചാൽ ഒരിക്കലും അത് വിജയിക്കില്ല. സ്ഥാപിതതാത്പര്യങ്ങളുള്ള കുടിയേറ്റ വിഭാഗങ്ങൾ ഒരിക്കലും ഇങ്ങനെയൊരു പ്രശ്നപരിഹാരത്തിന് കൂട്ടുനില്ക്കില്ല. കാരണം കാലാകാലങ്ങളായി തട്ടിയെടുത്ത ആദിവാസി ഭൂമിയെ അവർ ഒരിക്കലും കയ്യൊഴിയാൻ തയ്യാറാവില്ല. വോട്ടുബാങ്കുകളെ ലക്ഷ്യം വെച്ച് അധികാരക്കളിയിൽ കടിച്ചുതൂങ്ങുന്ന രാഷ്ട്രീയപാർട്ടികൾ കുടിയേറ്റ ബാങ്കുകളെ പ്രീണിപ്പിക്കുകയെന്ന നയം സ്വീകരിക്കുന്നിടത്തോളം കാലം ഈ പ്രശ്നപരിഹാരത്തിന് ആത്മാർത്ഥമായ ഒരു ശ്രമം പ്രതീക്ഷിക്കുന്നതെങ്ങനെ? നല്ല നയങ്ങൾ ഉണ്ടായാൽ മാത്രം പോരാ അവ നടപ്പിലാക്കാൻ ഏല്പിക്കപ്പെട്ട സർക്കാർ സംവിധാനങ്ങളും പഴയ ബ്രിട്ടീഷ് സ്വഭാവം കൈവെടിയാൻ തയ്യാറാവാതെ ഒരു കാര്യവും നടക്കില്ല.

ചർച്ചാവിഷയം

## ബെട്ടകുറുമഭാഷാ കവിത



ദേവികൃഷ്ണ, ചെമ്പകപാടി

# കാട് ബോൾദിനിവ്വുന്നോ

ശീത്ത ക്യാറ്റ് ബീജിശങ്കാ
കായ്ൽ ഗ്ന്റി ആരൊടേ
ക്ൾൻ ഗുംപ്പുഗ് പാരൊട്ഗ് പിനാ
കാട് ബോൾദിനി കഥെ ക്ട്ടണൂ
ഓഓഹോ ഹോ ഹോ ഹോ
ആഹ ഹാഹാ ആഹഹാ
തീനി ത്ര്ൻ പാർദൂ
ദീറ ബാൻറ്റലെ മോട്ളേ
ത്ർക്ക്ൽ പേത്ത്ൻ ആട്ദൂ പിനാ
നീറ് കണ്ണനെതാൾളുലുദു
ദാവ് ബന്നനെ തൊറെ നീറ്
കുട്ശ്ൻ തീശന്ത്തിരി നീരാട്യോ പിനാ
കാൽ തള്ർച്ച്ലയ്, തെവെർച്ച്ലയു
പോപ്പു ബട്ട്ളേ മെർഗാട്
ഓഓഹോ ഹോ ഹോ ഹോ
ആഹ ഹാഹാ ആഹഹാ
തോന്റി കത്റ് തിന്ന്ലയ്
എങ്ങ്ക്ക ആശെ കൂരൊഡ്
ബോൾദിനി കാട് ഗ്യാൻറ്റ്ൽ ന്ർത്ത്
കെതാപ്പുദെങ്ങ്ക്കാ ബായ് നീറൂ
നിരീച്ച്ൻ നോട്ച്ചാ എങ്ങ് ഗൂംപ്പ്
നേക്ക്ൽ തമ്മെയു പേറാദാ
കണൊണ്ട എങ്ക് ബോൾഥിനികാട്
ചിന്ന ബണ്ണ നിക്കത്ത് മാരി
ഓഓഹോ ഹോ ഹോ ഹോ
ആഹ ഹാഹാ ആഹഹാ
ശീത്ത ക്യാറ്റ് ബീജിശങ്കാ
കായ്ൽ ഗ്ന്റി ആരൊടേ
ക്ൾൻ ഗുംപ്പുഗ് പാരൊട്ഗ് പിനാ
കാട് ബോൾദിനി കഥെ ക്ട്ടണൂ.



**കവിതയുടെ സാരാംശം:-**

കാട്ടിലുള്ള കിളികൾ തീറ്റതേടി പറന്ന് ദൂരെ ഒരിടത്തേയ്ക്ക് പോവുകയാണ്. വഴിയിൽവെച്ച് വേറൊരു കിളിയെ കണ്ടുമുട്ടി. അവൾ അവരോട് തങ്ങളുടെ നാട്ടിൽ ഇപ്പോൾ പാടങ്ങളെല്ലാം വിളഞ്ഞുനിൽക്കുകയാണെന്ന് പറഞ്ഞുകൊടുക്കുന്നു. ഇതുകേട്ട് കിളികൾക്ക് സന്തോഷമായി. എല്ലാവരും ചേർന്ന് ദൂരേയ്ക്ക് ദിക്ക് നോക്കി പറന്നു. വഴിയിൽ പലപല കാഴ്ചകളും കാണുന്നുണ്ട്. മനസ്സിലാണെങ്കിൽ കതിർകുലകൾ സ്വർണ്ണം പാകിയതുപോലെ തെളിഞ്ഞു നിൽക്കുന്നു. എല്ലാവർക്കും കൊതികൊണ്ട് വായിൽ വെള്ളമൂറി. ക്ഷീണിച്ചവശരായ അവർ കാട്ടരുവികളിൽ വെള്ളം കുടിച്ചും നീരാടിയും ഉല്ലസിച്ചുമാണ് യാത്രചെയ്യുന്നത്. ഒടുവിൽ അവർ വിളഞ്ഞ പാടം കണ്ടെത്തുന്നു. അവരുടെ സന്തോഷം എല്ലാവരും കൂടി ഇങ്ങനെ പങ്കുവെയ്ക്കുകയാണ്.




**അർത്ഥം:-**

ശീത്ത = തണുത്ത
ക്യാറ്റ് = കാറ്റ്
ബീജിശങ്കാ = വീശിയപ്പോൾ
കായ്ൽഗ്ന്റി = മുളംകാട്
ആരൊടേ = ആടുന്നുണ്ട്
ക്ൾൻ = തത്തകൾ, കിളികൾ
ഗുംപ്പുഗ് = കൂട്ടങ്ങൾ
പാരൊട്ഗ് = പാടുന്നുണ്ട്
പിനാ = പിന്നെയും
കാട് = പാടം (റാഗിപാടം)
ബോൾദിനി = വിളഞ്ഞ
കഥെ = കഥ
ക്ട്ടണൂ = ക്ട്ടിട്ട്
തീനി = തീറ്റ
ത്ർൻ = തേടി
പാർദൂ = പറക്കണം
ദീറ = ദൂരെ
ബാൻറ്റ്ലെ = മാനത്തുകൂടെ
മോട്ളേ = മേഘങ്ങൾക്കിടയിലൂടെ
ത്ർക്ക്ൽ = ചിറക്
പേത്ത്ൻ = വിടർത്തി
ആട്ദൂ = ആടണം
നീറ് = വെള്ളം
കണ്ണനെ= കണ്ടാൽ
താൾളുലുദു = താഴേയ്ക്കിറങ്ങണം
ദാവ് = ദാഹം
ബന്നനെ= വരുമ്പോൾ, തോന്നുമ്പോൾ
തൊറെ = പുഴ
കുട്ശ്ൻ = കുടിച്ച്
തീശനെ= തീർന്നാൽ
ഹ്ൻത്തിരി = എല്ലാം
നീരാട്യോ = കുളിക്കും
കാൽ = കാല്
തള്ർച്ച്ലയ് = വിശ്രമിക്കാൻ
തെവെർച്ച്ലയ് = വേദനമാറ്റാൻ
പോപ്പു = പോകുന്നു
ബട്ട്ളേ = വഴിയിൽ
മെർഗാട് = മരകൂട്ടം
തോന്റി = മുത്താറി, റാഗി
കത്റ് = കതിർ
തിന്ന്ലയ് = തിന്നാൻ
എങ്ങ്ക്കാ = ഞങ്ങൾക്ക്
ആശെ = ആശ, പൂതി
കൂരൊഢ് = കൂടുന്നുണ്ട്
ബോൾദിനികാട് = വിളഞ്ഞ പാടം
ഗ്യാൻറ്റ്ൽ = ഓർമ്മയിൽ, മനസ്സിൽ
ന്ർത്ത് = നിറച്ചും
കെതാപ്പുദ് = കൊതിയാണ്
എങ്ങ്ക്കാ = ഞങ്ങൾക്ക്
ബായ് നീറു = ഉമിനീർ
നിരിച്ച്ൻ = ഓർത്ത് നോക്കി
നോട്ച്ചാ = നോക്കി
ഗുംപ്പ് = കൂട്ടം
നേക്ക്ൽ = ഒരേ ദിശയിൽ, ശ്രദ്ധിച്ച്
തമ്മയു = എല്ലാവരും
പേറാദാ = പാറി
കണൊണ്ട = കണ്ടുപിടിച്ചു
എങ്ക് = ഞങ്ങൾ
ചിന്ന = സ്വർണ്ണം
ബണ്ണ = വർണ്ണം
നിക്കത്ത് = തുണി, സാരി
മാരി = പോലെ

ചർച്ചാവിഷയം / കഥ



ഗ്രീഷ്മ കെ.



# നിഴലേ നിന്നെ മറക്കാൻ....

മോഹിച്ച് സ്വന്തമാക്കിയ SLR ക്യാമറ ഫ്രെയിമിലേക്ക് നിലാവ് പെയ്യുന്ന രാത്രിയെ പകർത്തുകയാണ് ഞാൻ. ഇന്ന് പകൽ മുഴുവൻ പൊരിയുന്ന നഗരച്ചൂടിലൂടെ ക്യാമറയും തുറന്നുവെച്ച് ബൈക്കിൽ ചുറ്റിയടിച്ചതിന്റെ തളർച്ചയൊന്നുമില്ല. ചില നേരത്ത് എനിക്ക് തോന്നും ഞാൻ എന്നിൽനിന്നുംതന്നെ ഒളിച്ചോടുകയാണെന്ന്. എനിക്കു സംഭവിച്ച വലിയൊരു നഷ്ടത്തെയോർത്ത് വിഷാദരോഗിയായി മാറിയ മറ്റൊരു ഞാൻ എന്റെയുള്ളിലുണ്ട്. മൂന്ന് നാല് മാസങ്ങൾക്ക് മുൻപ് ബാലകിരണിനെവീണ്ടും കാണുന്നത് SLR കിട്ടിക്കഴിഞ്ഞാ. "ഇതാ ഞങ്ങൾ പറഞ്ഞത്. എന്തിലെങ്കിലും ഇൻവോൾവ് ആയാൽ നിനക്കു പഴയ നീ ആവാൻ കഴിയുമെന്ന്" – എന്റെ സുഹൃത്തുക്കൾ സന്തോഷത്തിലാണ്. അവരുടെ വിശ്വാസം ഇല്ലാതാക്കണമെന്നു എനിക്കു തോന്നിയില്ല. എന്റെയുള്ളിൽ ചെറിയൊരു കനൽ അവശേഷിക്കുന്നുണ്ടെന്നു മനസിലാക്കാൻ അവർക്കു സാധിക്കാതിരിക്കട്ടെ. ആ കനൽ, എന്റെ ഹൃദയസ്പന്ദനത്തിനൊപ്പം ജ്വലിച്ചുകൊണ്ടേയിരിക്കും.

ടെറസിൽ മദ്യസൽക്കാരമാണ്. കുടിച്ചില്ലെങ്കിലും അവരുടെ ഒത്തുകൂടലിൽ ഞാൻ പങ്കാളിയാവാറുണ്ട്. "പേരെടുത്ത ഫോട്ടോഗ്രാഫറായിട്ടും ഒരു കലാകാരന്റേതായ ദുശ്ശീലങ്ങളൊന്നും നിനക്കില്ലല്ലോ ബാലൂ... നീ ഇനിയും മാറേണ്ടിയിരിക്കുന്നു." ലഹരി തലയ്ക്കുപിടിച്ചാൽ അവരുടെ പതിവ് പരിഭവം. ഞാൻ ചിരിച്ചുകൊണ്ട് നിന്നതേയുള്ളൂ. Look Balu, what a structure!" മദ്യകുപ്പികൾക്കിടയിൽ നിന്ന് ഒരു മാഗസിൻ എടുത്ത് അവൻ എന്റെ നേർക്കു നീട്ടി. മികച്ച ഫാഷൻ ഡിസൈനറിന്റെ കരവിരുത് തെളിയുന്ന വസ്ത്രമണിഞ്ഞ് കവർമോഡൽ. അവളുടെ ദേഹത്തിന്റെ അഴകളവുകൾ



ഞാൻ ക്യാമറയുമെടുത്ത് മുറിയിലേക്ക് മടങ്ങി. കൂട്ടുകാർക്കൊപ്പം വാടകയ്ക്ക് എടുത്ത വീട്ടിലെ എന്റെ സാമ്രാജ്യമാണ് ഈ മുറി. മുൻപ് നഗ്നമായിരുന്ന മുറിയുടെ വെളുത്ത ചുമരുകളിൽ രവിവർമ്മയുടെയും ഡാവിഞ്ചിയുടെയും പെയ്ന്റിങ്ങുകൾക്കൊപ്പം ഞാനെടുത്ത ഫോട്ടോഗ്രാഫുകൾ. പലതിലും നിറഞ്ഞുനിൽക്കുന്നത് പ്രകൃതിയാണ്. എന്റെ വേരുകൾ പച്ചയായ ഗ്രാമതന്മയിൽ ഉറച്ചുനിൽക്കുന്നതായതിനാൽ ക്യാമറക്കണ്ണിലൂടെയും ഞാൻ കാണാനാഗ്രഹിക്കുന്നതും പച്ചയാണ്. പക്ഷേ, ഇപ്പോൾ അവ കാണുമ്പോൾ മനസിൽ നിറയുന്നത് രമേശന്റെ ഓർമകളാണ്.

കുഴിച്ചുമൂടിയ ചിന്തകളുടെ പിടിച്ചുകെട്ടാത്ത ചിറകുകളിൽ ജീവന്റെ ചലനം. ഞാൻ ലാപ്ടോപ്പിലേക്ക് പെൻഡ്രൈവ് ഘടിപ്പിച്ചു. അതിലെ ഫോട്ടോഗ്രാഫ്സ് എന്നെ നുള്ളിനോവിക്കുന്നതാണെന്നറിഞ്ഞിട്ടും അവ നോക്കി. പരസ്പരം തോളിൽ കൈയിട്ടുനിൽക്കുന്ന ഞാനും രമേശനും. ഞങ്ങളുടെ സൗഹൃദംപോലെ തന്നെ നുരഞ്ഞ് പതഞ്ഞൊഴുകുന്ന കാട്ടരുവിയുടെ കുളിരാണ് പശ്ചാത്തലത്തിൽ. രമേശൻ മരിച്ചിട്ട് നാല് മാസം പിന്നിടുന്നു. ആത്മാർത്ഥ സുഹൃത്തിനെ നഷ്ടപ്പെട്ട വേദന ഇപ്പോഴും നെഞ്ചിൽ പിടയുകയാണ്. അന്ന്, പല തിരക്കും മാറ്റിവെച്ച് വീട്ടിലെത്താനുള്ള എന്റെ തിടുക്കം. അത് വേണ്ടിയിരുന്നില്ല. ക്യാമറയും നെഞ്ചോടുചേർത്തുള്ള യാത്രകളുടെ ഇടവേളയിൽ നാട്ടിലേക്കു മടങ്ങാൻ മനസുപറയും. നേരം വൈകിയെങ്കിലും അന്നു നിശ്ചയിച്ച യാത്ര മാറ്റിവെയ്ക്കണമെന്നു തോന്നിയില്ല.  രാത്രി പത്തുമണി കഴിയും ടൗണിലെത്താൻ. നീ എന്റെ വീട്ടിൽച്ചെന്ന് ബൈക്കുമെടുത്ത് വരണം . ആ നിർദ്ദേശത്തിനുള്ള മറുപടി, നിറഞ്ഞ ചിരിയായിരുന്നു. അതായിരുന്നു രമേശനുമായുള്ള അവസാന സംഭാഷണം. പൊട്ടിപ്പൊളിഞ്ഞ റോഡിലെ ഇരുട്ടിൽ മരണം പതിയിരിപ്പുണ്ടായിരുന്നു.

പൊള്ളുന്ന യാഥാർത്ഥ്യം; രമേശന്റെ മരണം. എന്റെ മനസിനെ ഇപ്പോൾ വേട്ടയാടുന്നത് അവന്റെ

വ്യക്തമായും കാണാൻ കഴിയുന്നു. യൗവനത്തിന്റെ പെൺസൗന്ദര്യം ആകർഷകമാക്കുന്ന മാറിടഭംഗി. വെളുത്ത് മെലിഞ്ഞ ശരീരം. നിമിഷനേരംകൊണ്ട് മാഗസിൻ എല്ലാവരുടെ കൈകളിലേക്കുമെത്തി. അശ്ലീലം നിറഞ്ഞ കമന്റുകൾ, പൊട്ടിച്ചിരി.  "നാട്ടിലായിരുന്നെങ്കിൽ, ചില മോഹങ്ങൾ തോന്നുമ്പോൾ അടിവാരത്തെ കോളനീൽ ചെന്നാ മതിയായിരുന്നു." അവൻ തുടരുകയാണ്;  "നിറഞ്ഞ ചിരി മാത്രമാ ചെലവ്. ഇവിടെയിപ്പോ." അവന്റെ വാക്കുകളിൽ നിഗൂഢതകളൊന്നുമില്ലായിരുന്നു. പ്രായത്തിന്റെ പക്വത കാട്ടാനുള്ള ആവേശമാണ് ആ വാക്കുകളിൽ. ദേഹം ദേഹത്തിനുവേണ്ടി ദാഹിക്കുമ്പോൾ, അല്ല ആർത്തികാണിക്കുമ്പോൾ പരിഷ്കാരങ്ങളുപേക്ഷിച്ച് കാട്ടുമണ്ണിൽ കാലുകുത്തി പടർന്നു തൂങ്ങുന്ന കാട്ടുവള്ളിയിലെ പുഷ്പഭംഗി ആസ്വദിക്കാനും മറ്റു ചിലപ്പോൾ ആ ഇതളുകളിലെ അവസാനത്തെ മധുകണവും ഊറ്റിയെടുത്ത് ഊറിച്ചിരിക്കാനും മുതിരുന്ന മാന്യത. ചൂഷണമനോഭാവത്തിന്റെ മറ്റൊരു വശം. നിയമപരിരക്ഷകളുണ്ടായിട്ടും സമൂഹത്തിന്റെ അടിത്തട്ടിലുള്ളവർ പകൽമാന്യന്മാരുടെ നീചമായ അഭിലാഷനിർവൃതിക്കു പാത്രമാവുന്നു. ഒരു നിമിഷം ഞാൻ രമേശനെയോർത്തു. എന്റെ മനസ്സ് അസ്വസ്ഥമായി.

ചിന്തകളും അവൻ പങ്കുവെച്ച വേദനകളുമാണ്. അപരിഷ്കൃതസമുദായത്തിന്റെ പ്രതിനിധിയായിരുന്നുവെങ്കിലും രമേശന്റെ ചിന്തകൾക്ക് അർത്ഥമുണ്ടായിരുന്നു; ആഴമുണ്ടായിരുന്നു. തന്റെ ജനങ്ങളുടെ തിരിച്ചറിവില്ലായ്മയെയും നിഷ്കളങ്കതയെയും ചൂഷണം ചെയ്യാൻ വണ്ടികയറി എത്താറുള്ള ഭ്രാന്തന്മാരെപ്പറ്റി രമേശൻ പറയാറുണ്ടായിരുന്നു. കുറച്ചു മുൻപ് ഞാൻ കേട്ടത് അത്തരമൊരു ഭ്രാന്തന്റെ വാക്കുകളാണ്. രമേശന്റെ ഭയം എത്ര സത്യം. വന്യമൃഗങ്ങളെയോ ഇഴജന്തുക്കളെയോ അല്ല ഈ ഭ്രാന്തിനെയാണ് കാടിന്റെ മക്കൾ ഭയപ്പെടേണ്ടത്. രമേശനെപ്പറ്റിയുള്ള ഓർമകൾ എന്നെ മാടിവിളിക്കുന്നു; വനാതിർത്തിയിൽ നാണം കുണുങ്ങി നിൽക്കുന്ന എന്റെ ഗ്രാമനന്മയിലേക്ക്.

ശനിയാഴ്ച രാത്രിയുടെ മറപിടിച്ച് ഞാൻ നഗരം വിട്ട് ഒളിച്ചോടി. സമയബന്ധിതമായി ഒന്നും ചെയ്തുതീർക്കാനില്ലാത്ത ഞായറാഴ്ചയുടെ പുലരി. രാത്രിയുടെ മണിക്കൂറുകൾ അനന്തമായി നീളുന്ന ഇടനാഴിപോലെയായിരുന്നു. ഉറങ്ങാൻ കഴിഞ്ഞതേയില്ല. ഇരുട്ടിനെതുറിച്ചുനോക്കിക്കിടന്നു. ഒടുവിലിതാ, നേരം പുലർന്നിരിക്കുന്നു. അടുക്കളചായ്പ്പിന്നരികിലുള്ള കൂട്ടിൽ നിന്ന് അമ്മ ഓമനിച്ചുവളർത്തുന്ന പൂവൻകോഴിയുടെ നീട്ടിയുള്ള കൂവൽ.....അത് അശാന്തമായിത്തന്നെയുള്ള എന്റെ കിടത്തത്തെ പിന്നെയും ശല്യപ്പെടുത്തുന്നുണ്ട്. അമ്മ മുറ്റം തൂത്തുവൃത്തിയാക്കുന്നു. മുറ്റത്തുകൂടിയുള്ള ചൂലിന്റെ ക്രമാനുഗതമായ സഞ്ചാരത്തിന്റെ ശബ്ദം കേട്ടു കുറച്ചുനേരം കൂടി കിടന്നു. പിന്നെ എഴുന്നേറ്റ് വീടിനു പുറത്തിറങ്ങി; കൈയിൽ ക്യാമറയുമായി, സ്റ്റില്ലുകൾ തേടി.

ഈ ഗ്രാമത്തിന്റെ നാട്ടുവഴികളിലൂടെ കളിച്ചും കരഞ്ഞും ചിരിച്ചും ചിന്തിപ്പിച്ചും എനിക്കൊപ്പം വളർന്ന സൗഹൃദം വിധിയുടെ കുത്തൊഴുക്കിൽപ്പെട്ട് മരണത്തിന്റെ അഗാധതയിൽ മാഞ്ഞുപോയി... എന്റെ ഹൃദയത്തിന്റെ വേദനയാണത്... മുറ്റത്തിന്റെ ഓരത്തുള്ള മൺകയ്യാല ചാടിക്കടന്ന് ഞാൻ ഇടവഴിയിലെത്തി. രമേശനൊപ്പം ഞാൻ നടന്നുതീർത്ത ഇടവഴി. പുൽനാമ്പുകൾക്കിടയിലൂടെ കറുത്തനാടപോലെ ആ ഇടവഴി എനിക്കുവേണ്ടി മാത്രം നീണ്ടുപോകുന്നു. തെങ്ങിൻതോപ്പും അതിരായുള്ള കൈത്തോടും പിന്നിട്ട് ഈറ്റിക്കാടുകൾക്കിടയിൽനിന്ന് ഞാൻ മലഞ്ചെരുവിലേക്ക് നോക്കി. പേരറിയാത്ത കാട്ടുമരങ്ങൾക്കുള്ളിലേക്ക് ആ വഴി കയറിച്ചെല്ലുന്നു.   രമേശാ....   ആ വിളിക്ക് മറുപടി പാഞ്ഞുവരുന്ന കാൽപ്പെരുമാറ്റമാണ്. കുത്തനെയുള്ള വഴിയിൽ ഉയർന്നുനിൽക്കുന്ന ഉരുളൻകല്ലുകൾക്ക് മീതേ ചാടിയും ഓടിയും രമേശൻ എന്റെ മുൻപിലെത്തും.

കടുംപച്ചനിറമുള്ള ഇലകൾ ശിരസ്സിലേറ്റി നിൽക്കുന്ന മരങ്ങൾക്കിടയിലൂടെ എനിക്കു മുൻപിൽ വഴികാട്ടിയായി രമേശൻ. നഗരവിശേഷമറിഞ്ഞാൽ പിന്നെ രമേശന്റെ ഊഴമാണ്. കാടിന്റെ നൊമ്പരങ്ങൾ മാത്രമേ അവനും പറയാനുണ്ടാകാറുള്ളൂ. പ്രാകൃതമായിത്തന്നെ ജീവിക്കാനാഗ്രഹിക്കുന്ന സമുദായത്തിലെ ആളുകളെപ്പറ്റി, കുടിൽവ്യവസായമായി മാറുന്ന ചാരായത്തിന്റെ ഒഴുക്കിൽ കുത്തിയൊലിച്ച് പോകുന്ന കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിനെപ്പറ്റി, ലഹരിക്കടിമപ്പെട്ട് കുത്തഴിഞ്ഞ ജീവിതം നയിക്കുന്ന ചെറുപ്പക്കാരെപ്പറ്റി, ഇങ്ങനെ ഒരുപാട് വ്യാകുലതകൾ.. അമ്മ മരിച്ചതോടെ രമേശന് പഠനമുപേക്ഷിക്കേണ്ടിവന്നു. മദ്യപാനിയായിരുന്ന അച്ഛൻ കുടുംബകാര്യങ്ങളിൽ ശ്രദ്ധപുലർത്തിയിരുന്നില്ല. അനിയത്തി രാധമോളെ സംരക്ഷിക്കാൻ ആ പഠനമുപേക്ഷിക്കൽ അനിവാര്യമായിരുന്നു. പുറംലോകത്തിന്റെ വിശാലത രാധയിലൂടെ സമുദായത്തിന് കാട്ടിക്കൊടുക്കുവാൻ അവനു സാധിക്കുമെന്ന് ഞാൻ വിശ്വസിച്ചു. എന്നാൽ കാട്ടുമരത്തിന്റെ കാതൽ മോഷ്ടിക്കപ്പെട്ടതുപോലെ രമേശന്റെ ജീവൻ വിധി തട്ടിയെടുത്തു.

ഞാനും രമേശനും സമയം ചെലവഴിക്കാറുള്ള ഇടങ്ങളിലെ പല ദൃശ്യങ്ങളും ഞാൻ ക്യാമറയിലേക്ക് പകർത്തി. രമേശൻ നിഷ്പ്രയാസം കയറാറുള്ള മാവിൻചുവട്ടിലിരുന്ന് അരികിലുള്ള കൈതക്കൂട്ടത്തെ ഫോക്കസ് ചെയ്തു. അപ്പോഴാണ് ഫ്രെയ്മിലേക്ക് ഞാൻ പ്രതീക്ഷിക്കാത്ത ആൾ കടന്നുവന്നത്. കൈതച്ചെടികൾക്കപ്പുറത്ത് നോവുതിരുന്ന ചിരിയുമായി രാധ! ഞാനൊരു നിമിഷം പകച്ചുപോയി. എന്റെ ചുണ്ടിലെ ചിരി വികൃതമാണെന്നെനിക്ക് ബോധ്യമുണ്ടായിരുന്നു. എങ്കിലും അവർക്കുനേരെ ഞാൻ പുഞ്ചിരിച്ചു.   ബാലുവേട്ടൻ എപ്പോ വന്നു? ഇന്നലെ.   ഇനി ഞങ്ങൾക്കിടയിൽ സംഭാഷണത്തിനു സ്ഥാനമില്ല.


വേദനകളെ നേരിടാനുള്ള പക്വത ആ പതിനെട്ടുകാരിയുടെ നോട്ടത്തിൽപ്പോലും പ്രതിഫലിക്കുന്നു.   ഞാൻ പോട്ടെ . രാധ കാപ്പിത്തോട്ടത്തിനിടയിലേക്കു കയറിപ്പോയി... കൈതച്ചെടികൾക്കു സമീപത്ത് വളർന്നു നിൽക്കുന്ന വെള്ളിലവള്ളിയിലേക്കു ഞാൻ ക്യാമറ ഫോക്കസ് ചെയ്തു. അതിൽ നിറയെ കുഞ്ഞുപൂക്കൾ വിടർന്നുനില്പുണ്ടായിരുന്നു.

ചർച്ചാവിഷയം/കഥ



**സീന തച്ചങ്ങാട്**
*കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയിൽ എം.എ മലയാളം വിദ്യാർത്ഥിനി*

# കുഴിയാനകളുടെ ലോകം



ദേവിയെക്കുറിച്ചോർക്കുമ്പോൾ വല്ലാത്തൊരു സങ്കടമാണ് ചിലപ്പോഴൊക്കെ. കുഴിവെട്ടിദേവി, മണ്ണുമാന്തി ദേവി എന്നിങ്ങനെയൊക്കെ അവളെ വിളിക്കുന്നതു കേൾക്കുമ്പോൾ താനും ഒരു ശവമായിത്തീർന്നിരുന്നെങ്കിലെന്ന് ചിന്തിച്ചുപോവാറുണ്ട്. താനൊരു പുരുഷനല്ലേ? ഒരു പെണ്ണിന്റെ ചെലവിൽ കഴിഞ്ഞുകൂടുന്ന ഗതികേട്! എന്തൊക്കെ പറഞ്ഞാലും അതൊരു കൊറച്ചിലുതന്നെയാ എന്നൊക്കെ പുരുഷകേസരികൾ വന്നു പറയുമ്പോൾ അവളുരുകുന്നതിന്റെ ആഴം കാണാനാവുന്നു.

ശവപ്പറമ്പുകളിൽ കുഴിയൊരുക്കി നടക്കുന്ന ദേവി എന്ന മുപ്പത്തിയഞ്ചുകാരിക്ക് ജീവിതം തന്നെ കുഴിയായിരുന്നു. ശ്രദ്ധിച്ചു നടന്നില്ലെങ്കിൽ കാലിടറി വീണ് ആഴങ്ങളിൽ നിന്ന് ആഴങ്ങളിലേക്ക് പോകാവുന്ന ഒരു വലിയ കുഴി. എത്ര ദൂരം അങ്ങോട്ടുമിങ്ങോട്ടും നടന്നുവെന്നറിയാതെ രാത്രികളിൽ വെളിച്ചവും പകലുകളിൽ ഇരുട്ടും വന്നുപോവുന്ന ചില നേരങ്ങൾ ദേവിയുടെ കാതുകളെ മാത്രമല്ല മനസ്സിനെയും വറ്റിച്ചെടുക്കുന്നു.

തോമസ്, കിടക്കയിൽ മൂത്രമൊഴിക്കുന്നവനാണ്. കട്ടിലിനരികെത്തന്നെ ഒരു പ്ലാസ്റ്റിക് ബക്കറ്റ് വെച്ചിട്ടുണ്ടെങ്കിലും അങ്ങനെത്തന്നെ മലർന്നുകിടന്ന് മൂത്രമൊഴിക്കാനാണയാൾക്കിഷ്ടം. കിടക്കവിരി മാറ്റി, പുതിയത് വിരിച്ച് തന്നെ കുളിപ്പിച്ചുകിടത്തേണ്ടത് ദേവിതന്നെയാണെന്ന് ആളുകൾ അയാളെ പറഞ്ഞു വിശ്വസിപ്പിച്ചു. അയാളതു വിശ്വസിച്ചോ ഇല്ലയോ

എന്നുള്ളത് ആരും കാര്യമായെടുത്തില്ല.

ദേവി സുന്ദരിയാണ്. അവളുടെ കണ്ണുകൾക്ക് പോലും സംസാരിക്കാനറിയാം. അവളുടെ മടിത്തട്ടിൽ തലതിരിഞ്ഞ ആ രണ്ടു കുഞ്ഞുങ്ങളും ഒന്നിച്ചു കിടന്ന് സ്നേഹിക്കും. അവൾ അതുങ്ങളെ ഉമ്മവെച്ചുകൊണ്ടിരിക്കും. അവളുടെ ഉമ്മകൾ അവർക്കൊത്തിരി ഇഷ്ടമാണ്. അതുകൊണ്ടവർ അവളെ ഉമ്മാ എന്നു വിളിച്ചു.

അങ്ങനെയങ്ങനെ ദേവി, നദിയുടെയും നീരജിന്റെയും ഉമ്മയായിത്തീർന്നു. തോമസ്സിന് ആ ഇരട്ടക്കുട്ടികളോട് അത്രയ്ക്കൊന്നും അടുപ്പമുണ്ടായിരുന്നില്ല. കുട്ടികൾക്ക് തിരിച്ചും. അവരെ തോളത്തുകിടത്തി ഓമനിക്കാൻ തോമസ്സിനു കഴിയാത്തതുകൊണ്ടായിരിക്കാം ഇങ്ങനെയൊരു അകലമെന്ന് തോമസ്സിന്റെ അമ്മച്ചി കരുതിപ്പോന്നു. ഇങ്ങനെ എത്രയോ കരുതലുകളുടെയിടയിൽ ഒരു കുടുംബം തട്ടിമുട്ടി ജീവിച്ചുപോവുകയായിരുന്നു.

ഇടയ്ക്ക് തോമസ് ഉറക്കെക്കരയും. അതു കേൾക്കുന്ന കുഞ്ഞുങ്ങൾ വാതിക്കൽ ചെന്ന് എത്തിനോക്കും. അവർക്ക് ആ ശബ്ദത്തിന്റെ അർത്ഥംപോലുമറിയില്ല. അതുകൊണ്ട് രണ്ടുപേരും പുറത്തേക്കോടും, ശബ്ദമില്ലാതെ ചിരിക്കും. അവർക്കെന്നും ചിരിക്കാനാണിഷ്ടം.

ഡാ, തോമാ നിന്റെ കൊച്ചുങ്ങളെന്നതാടായിങ്ങനെ വകതിരിവില്ലാണ്ട് പെരുമാറുന്നോ? അയൽക്കാരനായ മമ്മദ് കുശലാന്വേഷണത്തിനിടെ ചിരിച്ചോണ്ട് ചോദിക്കുമ്പോൾ തോമസ്സിനു ചൊറിഞ്ഞു വരും. അയാൾ ദേഷ്യം മനസ്സിൽ വെച്ചോണ്ടിരിക്കും. സ്വന്തം സന്തതികൾ. അടുത്തെത്തുമ്പോൾ ശവങ്ങളേ, നശൂലങ്ങളേ, പണ്ടാരങ്ങളേ എന്നു വിളിച്ചു കലിപ്പുതീർക്കും. അവരതൊന്നും കേട്ടതേയില്ല, അവരെയതൊന്നും ബാധിച്ചതുമില്ല. നദിയും നീരജും അപ്പോഴും ചിരിക്കും. അഞ്ചുവയസ്സിന്റെ ആ കുരുന്നുകൾക്കല്ലാതെ മറ്റാർക്കാണ് ഇത്ര മനോഹരമായി ചിരിക്കാനാവുന്നത്?

നദി, നീരജിന്റെ പാന്റ്സും ഷർട്ടുമെടുത്തിട്ടു. നീരജ്, നദിയുടെ പാവാടയും ബ്ലൗസുമെടുത്തണിഞ്ഞു. കണ്ണെഴുതി, പൊട്ടുതൊട്ടു. ഷിമ്മിയിട്ടില്ലെന്നു പറഞ്ഞ് നദി, നീരജിനെ കളിയാക്കിയപ്പോൾ അവന് നാണം വന്നു. അവൻ ചിരിക്കുന്നതു കണ്ടപ്പോൾ അവൾക്കും ചിരി വന്നു. രണ്ടുപേരും ഉറക്കെച്ചിരിച്ചു. ഇക്കുറി ശബ്ദം അകലങ്ങളിലേക്കു പോയി.

കേൾക്കട്ടെ എല്ലാവരും കേൾക്കട്ടെ.

ദേവിയുടെ മൺവെട്ടികൾക്ക് ഒരു പ്രത്യേക ഇടമുണ്ട്. വീടിനു പിറകിൽ. ഒരു ചായ്പിൽ പണിയായുധങ്ങളുടെ ഒരു ശേഖരം തന്നെയുണ്ട്. അതിനിടയിൽ തന്നെ തോമസ്സിനെ തളർത്തിക്കിടത്തിയ വെട്ടുകത്തിയും മൺവെട്ടിയും. ദേവിക്ക് കരയാൻ തോന്നുന്നില്ല. എന്നാലും ഒന്നോർക്കണം. അഞ്ചു വർഷങ്ങൾക്കു മുൻപ് നടന്ന ആ ദുരന്തത്തെ.

വിവാഹം ഒരു മൈതാനത്തിൽവെച്ചു നടന്നു. പൂമാലയിടൽ, താലികെട്ട്, പുടവ കൈമാറൽ ഈവക സംഗതിയൊന്നുമുണ്ടായിരുന്നില്ല. അണിഞ്ഞൊരുങ്ങലിന്റെ ആർഭാടവുമുണ്ടായിരുന്നില്ല. രണ്ടുപേരും, ഒരേസ്വരത്തിൽ പറഞ്ഞു ഞങ്ങൾ വിവാഹിതരായി. ഞങ്ങൾ ഒന്നിച്ചു ജീവിക്കാൻ തീരുമാനിച്ചു.

തമാശയ്ക്കാണോ എന്നറിയില്ല കൂട്ടുകാരിലൊരുവൻ ചോദിച്ചു തെളിവ്? അടയാളങ്ങൾ?

അതിനു മറുപടി പറഞ്ഞത് തോമസ് ആയിരുന്നു.

ഞങ്ങൾ ഒരുമിച്ച് അടയാളപ്പെടുത്തും ഭാവിയിൽ ഒരു ചിഹ്നത്തെ .

തോമസ്സിന്റെ അമ്മച്ചി ആവലാതി പറഞ്ഞത് അയാൾ കണക്കിലെടുത്തില്ല. ദേവി അയാളെക്കാളും ഒരു വയസ്സിനു മൂത്തതാണ്. പ്രായം പ്രണയമാവുന്നതും പ്രണയം പ്രായമാവുന്നതും അവർക്കല്ലാതെ മറ്റാർക്കും മനസ്സിലായില്ല.

തോമസ്സിനു പ്രത്യേകിച്ചു പണിയൊന്നുമുണ്ടായിരുന്നില്ല. പറമ്പിൽ കിളച്ചുമറിക്കും. വിളവെടുക്കും, പുസ്തകങ്ങളെഴുതും. ഒന്നിച്ചു ജീവിക്കാൻ തുടങ്ങിയതിന്റെ ഒന്നാം വാർഷികത്തിലാണ് തോമസ്സസിന് ഒരു കയ്യും ഒരു കാലും നഷ്ടപ്പെട്ടത്. പറമ്പിൽ കിളച്ചുകൊണ്ടിരുന്ന തോമസ്സിനെഒരുകൂട്ടം ആളുകൾ ചേർന്ന് ചതച്ചരച്ചു. അയാൾ അവിടെ പെരുമാറിയിരുന്ന കത്തികൊണ്ട് കയ്യും കാലും വെട്ടിയെടുത്തു. മൺവെട്ടികൊണ്ട് ദേഹത്ത് ആഞ്ഞടിച്ചു. ജീവൻ ബാക്കിയായി. അതയാൾ നിലനിർത്തിപ്പോന്നു. തോമസ്സിന് എല്ലാമറിയാം. ആരാണവർ, എന്തിനാണവർ, ആർക്കുവേണ്ടിയാണവർ? പറഞ്ഞുകൂടാത്തതാണ്.

ദേവി, ആയുധങ്ങൾക്കൊപ്പം ഓർമ്മകളെയും പെറുക്കിക്കൂട്ടി വെച്ചു. ഇതങ്ങനെത്തന്നെയിരിക്കട്ടെ, ഇടയ്ക്ക് ഓർത്ത് വേദനിക്കാനെങ്കിലും ഈ ചിഹ്നങ്ങൾ ഇവിടെ വേണം.

ദേവി, തോമസ്സിന്റെയടുത്ത് ചെന്ന് അയാളുടെ വിരൽത്തുമ്പിൽ ഉമ്മവെച്ചു. അയാൾക്കു വേദനിച്ചു. വീണ്ടും ഉമ്മകൾ കിട്ടിയപ്പോൾ കരഞ്ഞുകരഞ്ഞ് വാ തുറന്നുപോയി. മുറിച്ചുമാറ്റപ്പെട്ട, അയാളുടെ നാവറ്റം വിവർത്തനം ചെയ്യാൻ ഒരു ശബ്ദത്തെ തിരഞ്ഞു.

നദിയും നീരജും പേനകൊണ്ട് മുറ്റത്ത് ചെറിയ കുഴികുത്തിക്കളിക്കുകയായിരുന്നു. അതിൽനിന്നും പുറത്തേക്കു വന്ന കുഴിയാനകൾ അവർക്കൊപ്പം കളിക്കാൻ കൂടി. കളിച്ചുമടുത്തപ്പോൾ ആ കുഞ്ഞുങ്ങൾക്കു വിശന്നു.

ഉമ്മാ... എന്നു വിളിച്ചുകൊണ്ട് ഒരാൾ അകത്തേക്കും ഒരാൾ പുറത്തേക്കും ഓടി...

അവർക്കും വിശക്കാറുണ്ട്.



**മിനി പ്രസാദ്**
*എഴുത്തുകാരി*


# ഓട്ടക്കാരാണ് കൂടുതൽ ആകർഷണീയർ


സൂസൻ ഗ്രിഫിൻ തന്റെ 'Women & Nature: The Roaring Inside Her' എന്ന ഗ്രന്ഥത്തിൽ സ്വയം ഒരു കുതിരയായി സങ്കൽപ്പിക്കുന്നുണ്ട്. പിതൃആധിപത്യ നുകത്തിനു കീഴെ അതിന്റെ ചാട്ടവാറിന്റെ അടികളേൽക്കാൻ വിധിക്കപ്പെട്ട സ്ത്രീയും ഭൂമിയുമാണ് അവിടെ ആവിഷ്ക്കരിക്കപ്പെട്ടത്. അതിലൂടെ സൂസൻ ഗ്രിഫിൻ ഒന്നുകൂടി പറഞ്ഞുവെച്ചു. ഭൂമിയുടെയും സ്ത്രീയുടെയും ഉള്ളിൽ സിംഹഗർജ്ജനങ്ങളേക്കാൾ ശക്തമായ ഗർജ്ജനങ്ങൾ നിറഞ്ഞുനിൽക്കുന്നുണ്ടെന്ന്. ആ ഓർമ്മ ഇപ്പോൾ പകർന്നു തന്നത്

'കുതിരവണ്ടിക്കാരാ
രൂപമില്ലാത്ത മൃഗമാണ് നീ
വിരുദ്ധ സാദൃശ്യങ്ങളാൽ
സൗമ്യപ്പെട്ടു നിൽക്കുമ്പോൾ
നീയറിയാതെ പോകുന്നു.
ഓടിക്കുന്നവർക്ക്
ഓടുന്നവരേക്കാൾ
ആകർഷണം കുറയുമെന്ന്' എന്ന ജാൻസി ജോസിന്റെ 'കുതിരക്കാരൻ' എന്ന കവിതയാണ് (നീ പെയ്ത മഴയിൽ എന്ന സമാഹാരം).

'ഓടിക്കുന്നവർക്ക് ഓടുന്നവരേക്കാൾ ആകർഷണം കുറയും' എന്ന് ജാൻസി പറയുമ്പോൾ തെളിക്കുന്നു നിയന്ത്രിക്കുന്നു എന്ന ബോദ്ധ്യത്തിൽ ജീവിക്കുന്ന യജമാനഭാവം സൂക്ഷിക്കുന്ന എല്ലാവർക്കും നേരെയുള്ള ഒളിയമ്പാണത്. ഈ സമാഹാരത്തിലെ മിക്കവാറും എല്ലാ കവിതകളിലും ഒരു സൂചനയായി ഈ ഭാവം കടന്നുവരുന്നുണ്ട്. പക്ഷേ, ആണധികാരം പെണ്ണിനോട് മാത്രമല്ല പ്രകൃതിയോടും അതേ ക്രൂരതകൾ ചെയ്തതായി ജാൻസി തിരിച്ചറിയുന്നുണ്ട്. അങ്ങനെ ഒരേ സമയം ആർദ്രമായതെല്ലാം നഷ്ടപ്പെട്ട ഈ സമൂഹത്തിന്റെ ചെയ്തികൾ ക്രൂരമാവുന്നതിന്റെ കാരണവും വേറെ ഒ

*ശേഷം പേജ് 48*



വഴിത്താരകൾ




**ജാനകി**

*കോഴിക്കോട് സർവ്വകലാശാല*

*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*


# കല്യാണിയേടത്തി



പരീക്ഷാചൂടിലാണ് ചീരു. തീർന്നു കൊണ്ടിരിക്കുന്ന പരീക്ഷകളും, വരാൻ പോകുന്ന വേനലവധിയും ചേർന്നൊരുക്കുന്ന ചൂടിന്റെ ഉത്സവമാണ് മാർച്ച് മാസക്കാലം. വേനൽച്ചൂടിൽ വെന്തുരുകുന്നതും ആഘോഷമാണ്. അണ്ണാറക്കണ്ണന്മാരോടും, കാക്കകളോടും, വവ്വാലുകളോടും മത്സരിച്ച് മാമ്പഴം തിന്നൊടുക്കുന്ന ദിവസങ്ങൾ.വേലകളും, പൂരങ്ങളും, അയ്യപ്പൻ പാട്ടുകളുമൊക്കെയായി മറ്റൊരു താളത്തിനനുസരിച്ച് രാപ്പലുകൾ നൃത്തമാടുന്ന സമയം. ചക്കപ്പഴം കഴിച്ച് തിമിർക്കുന്ന നാലുമണിനേരങ്ങൾ. പുഴകളും കുളങ്ങളും, കൊച്ചു കൈകാലുകളെയും, വികൃതി കൂട്ടങ്ങളെയും സ്നേഹവാത്സല്യങ്ങളോടെ കാത്തു കിടക്കുന്ന കാലം. അടുത്ത സ്കൂൾ വർഷം മുഴുവനും അയവിറക്കാനുള്ള കാഴ്ചാവിസ്മയങ്ങളുമായിട്ടാണ് ഓരോ വേനലും അവളെ മടക്കി അയക്കാറുള്ളത്.

ചീരു ഇതൊക്കെ ഓർത്തോർത്തു കൊണ്ടാണ് പഠിക്കാൻ ശ്രമിക്കുന്നത്. കണക്കിനോടും, സയൻസിനോടും, വ്യാകരണത്തിനോടും മല്ലിടുമ്പോഴും അവധിക്കാലത്തിന്റെ കുളിരാണുള്ളിൽ. അങ്ങിനെ മനസ്സ് നാട്ടിൻ പുറത്തും, ശരീരം നഗരത്തിലുമായി എരിപൊരി കൊള്ളുന്നതിനിടയിലാണ് ഒരു ഫോൺവിളിയുടെ ശകലങ്ങൾ അവളുടെ കാതിൽ വന്നു പതിക്കുന്നത്.ആൾജിബ്രക്കും, ജ്യോമിട്രിക്കും ഇടയിലൂടെ അമ്മയുടെ ഞെട്ടലും ഏങ്ങലടിയും കലർന്ന 'അതെയോ?' എന്ന ശബ്ദം ഞൊടിയിട കൊണ്ട് അവളെ ഫോണിനടുത്തെത്തിച്ചു. "കല്യാണിയേടത്തി മരിച്ചു", റിസീവർ തിരിച്ചു വെച്ച് , മറ്റൊരു ലോകത്തേക്ക് കയറിപ്പോയ മുഖവുമായി അമ്മ അകലേക്കു നോക്കിയിരുന്നു.

'കല്യാണിയേടത്തി' എന്ന് അമ്മ വിളിക്കുന്ന സ്ത്രീയെ ചീരുവും കണ്ടിട്ടുണ്ട്. നീണ്ട് മെലിഞ്ഞ്, സൗമ്യമായി ചിരിക്കുകയും, മൃദുവായി പതിഞ്ഞ ശബ്ദത്തിൽ സംസാരിക്കുകയും ചെയ്യുന്ന ആ വല്യമ്മയോട് അവൾ ഇതുവരെ



വര : സംഗീത

സംസാരിച്ചിട്ടില്ല.കാരണങ്ങൾ  പലതുണ്ട്. ചില വിപുലമായ കുടുംബസദസ്സുകളിൽ മാത്രമാണ് ഇവരെ കാണാറുള്ളത്. എന്നിട്ടും അവർ അവളെ  അമ്പരപ്പിച്ചിട്ടുണ്ട്.അവളുടെ  ഓർമ്മകൾ  അടുത്ത നിമിഷം ഉണർന്നത്, മനസ്സിൽ ഇന്നും മാറാതെ നിന്ന ഒരു  അയ്യപ്പൻ വിളക്കിന്റെ ആരവങ്ങളിലേക്കാണ്. കുരുത്തോലയും, ഉടുക്ക് കൊട്ടും, സാമ്പ്രാണിപ്പുകയും, പൊട്ടിച്ചിരികളും, പട്ടുപാവാടകളും,  വാളെടുത്ത വെളിച്ചപ്പാടും ഒക്കെ  ചേർന്നുണരുന്ന മാന്ത്രികമായ അന്തരീക്ഷം! നെയ്യപ്പത്തിന്റെയും പായസത്തിന്റെയും അന്യായമായ, മത്തുപിടിപ്പിക്കുന്ന ഗന്ധങ്ങൾ. കർപ്പൂരവും, നെയ്യും ,പൂക്കളും കൂടി ചേർന്നൊരുക്കുന്ന മണങ്ങളുടെ മറ്റൊരു പ്രപഞ്ചം.അവയിലേക്ക് ലയിച്ചു ചേരുന്ന ചിരികൾ, ആർപ്പുവിളികൾ,സന്നാഹങ്ങൾ, പരിഹാസങ്ങൾ, പരിഭവങ്ങൾ, മേനിനടിക്കലുകൾ, ആളാവലുകൾ അങ്ങിനെ പലതും കണ്ട് ചീരു വെറും ഒരു കാഴ്ചക്കാരിയായി അലക്ഷ്യമായി ചുറ്റിക്കൊണ്ടിരുന്നു.





ആ മാന്ത്രികതക്ക് പതിന്മടങ്ങ് പ്രഭ ചൊരിഞ്ഞത് കല്യാണിയേടത്തിയാണ്.

പിടികിട്ടാത്ത കൂട്ടുകുടുബ ബന്ധങ്ങളുടെ ശേഷിപ്പുകളായ ചില കൂടിച്ചേരലുകളിൽ ഒന്നായിരുന്നു ആ അയ്യപ്പൻ വിളിക്കും. ഈ ആചാര അനുഷ്ഠാനങ്ങളുടെ മുഖ്യ ആകർഷണം വെളിച്ചപ്പാടിന്റെ വരവാണ്.  പൂജകളും ഭജനകളും കൊട്ടിക്കേറുന്ന രാവിന് നാടകീയത പകർന്നു കൊണ്ടാണ്  വെളിച്ചപ്പാടിന്റെ പ്രവേശനം. അതിനായി എല്ലാവരും  കാത്തു നിൽക്കുമ്പോഴാണ് സ്ത്രീകൾക്കിടയിൽ അടക്കം പറച്ചിൽ ഉയർന്നത്. “കല്യാണിയേടത്തിക്ക് ഇളകും. ഒന്നു ശ്രദ്ധിക്കണം”. ചീരുവിന് ഒന്നും മനസ്സിലായില്ല. ചെറിയൊരു സംഭ്രമത്തോടെ അവൾ  അമ്മയുടെ സാരിത്തുമ്പിന്റെ തണലിലേക്ക് നീങ്ങി. എന്തോ പന്തികേടുണ്ടെന്ന് അവൾക്ക് തോന്നിത്തുടങ്ങി.

പൂജകൾ മുറക്ക് നടന്നു കൊണ്ടിരുന്നു. അവൾക്ക് പിടി കിട്ടാത്ത മന്ത്രോച്ചാരണങ്ങളും, ശരണംവിളികളും, സാഷ്ടാംഗനമസ്കാരങ്ങളും ഒക്കെ കണ്ട് ചീരു മിഴിച്ചു നിൽക്കുമ്പോഴാണ് വെളിച്ചപ്പാട്  ഉറഞ്ഞു തുള്ളി ത്തുടങ്ങിയത്.അത്രയും നേരം ഭയഭക്തി ബഹുമാനങ്ങളോടെ തൊഴുതു നിൽക്കുന്ന സ്ത്രീകളുടെ ഇടയിൽ  ഒരു കോളിളക്കം കണ്ട് നോക്കിയപ്പോൾ ചീരു കണ്ടത് ശരീരമാസകലം വിറച്ചു കൊണ്ട്, രൂപഭാവങ്ങൾ പ്രകടമായി മാറിയ കല്യാണിയേടത്തിയെയാണ്. അവൾ അമ്മയെ നോക്കി. അമ്മമ്മയെ നോക്കി.മറ്റു സ്ത്രീകളെ  നോക്കി. എല്ലാവരും ഒരു  അകലം പാലിച്ച്  ഏടത്തിക്ക് ഇടമൊരുക്കുകയാണ്. ദേവീചൈതന്യം നിറഞ്ഞു തുളുമ്പുന്ന അവർ വെറുമൊരു മനുഷ്യസ്ത്രീ അല്ലാതായി.ആരോ അവരുടെ കയ്യിൽ ഒരു  വാൾ വെച്ച് കൊടുത്തു.  ചുവന്ന അഗ്നിനാളം പോലെ ജ്വലിച്ചു കൊണ്ട് അവർ വെളിച്ചപ്പാടിനടുത്തേക്ക് പാഞ്ഞുചെന്നു.എന്തൊക്കെയോ ഉറക്കെ  വിളിച്ചു  പറഞ്ഞു. തന്നോട് മുഖാമുഖം  നോക്കി നിന്ന ഏടത്തിയുടെ മേലെ ഭസ്മമെറിഞ്ഞ്  വെളിച്ചപ്പാട് അവരെ  ശാന്തയാക്കി. ഒടുവിൽ തന്റെ തന്നെ ഊർജ്ജം താങ്ങാനാവാത്തതു പോലെ അവർ കുഴഞ്ഞു വീഴുന്നത്   കണ്ട് ചീരു തരിച്ചു നിന്നു.

അയ്യപ്പൻ വിളക്ക്  വീണ്ടും പൂജയും, ഭജനയും, നെയ്യപ്പവുമൊക്കെയായി തുടർന്നു. എന്നാൽ ചീരുവിന്റെ കണ്ണുകൾ കുഴഞ്ഞു വീണ ആ രൗദ്രരൂപിണിയെ തേടിക്കൊണ്ടിരുന്നു. ദുരിതങ്ങൾ കനിഞ്ഞനുഗ്രഹിച്ച ജന്മമാണ് കല്യാണിയേടത്തിയുടേതെന്ന് അവൾ  പറഞ്ഞു കേട്ടിട്ടുണ്ട്. അങ്ങിനെയുള്ള അനവധി ജന്മങ്ങൾ ആ നാട്ടിൻ

പുറത്തുണ്ട്.പക്ഷേ കുടുംബകഥകളിൽ ഇവർ മാത്രമേ തന്റെ തീരാവ്യഥകളേയും, ഏറ്റുവാങ്ങിയ സങ്കടങ്ങളേയും ഈ രീതിയിൽ സ്വയം ഉച്ചാടനം ചെയ്ത് ശുദ്ധയായിരുന്നുള്ളൂ.അച്ഛൻ മകൾക്ക് പകർന്നു നൽകിയ സിദ്ധിയായിട്ടാണ് വിശ്വാസികൾ ഈ പ്രതിഭാസത്തെ കണ്ടത്. ചികിത്സിച്ച് മാറ്റേണ്ട അവസ്ഥയായി ഇതിനെ കണ്ട യുക്തിവാദികളെ ആരും ഗൗനിച്ചില്ല.

ഇവർക്കെന്താണ് പുതുമ? സ്ത്രീകൾ കോമരങ്ങൾ ആകുന്നത് ചീരു കണ്ടിട്ടുണ്ട്. ചുവപ്പു പട്ടുടുത്തു, വാളും ചിലമ്പും ഏന്തി, ജട കെട്ടി , നാടിളക്കിമറിച്ച് മീനമാസത്തിൽ വീടുകൾ തോറും നടന്നു അരിയും, തേങ്ങയും വാങ്ങി കൊടുങ്ങല്ലൂർക്കു പുറപ്പെടുന്നവർ. തിരിച്ചു വരുമ്പോൾ മഞ്ഞളും ചെമ്മീൻപൊടിയും പ്രസാദമായി കൊണ്ടുതരുന്നവർ. അവരുടെ കണ്ണുകളിലെ തിളക്കം, ഉടലുകളിലെ ചലനം തീർത്ത കാന്തിക വലയം! "നമ്മുടെ സ്ത്രീകൾ ഊരുചുറ്റാറില്ല. അത് അവരുടെ അവകാശമാണ്".

"വലിയ മുത്തശ്ശി പറയും.അവർ തുള്ളുന്നത് ചീരു കണ്ടിട്ടില്ല. വേഷത്തിലെ ചുവപ്പു അവളെ മോഹിപ്പിച്ചിട്ടുണ്ട്. അങ്ങിനെ ചിലമ്പണിഞ്ഞ് വാളുമായി സംഘം ചേർന്ന് ഊരുചുറ്റാൻ രസമായിരിക്കും എന്നവൾക്കു തോന്നിയിട്ടുണ്ട്. എങ്ങിനെയാണ് അവർ അവരും, നമ്മൾ നമ്മളും ആയതെന്നു ചീരുവിന് ആരും പറഞ്ഞു കൊടുത്തിരുന്നില്ല. ജാതി ചോദിക്കാതെ തന്നെ അവൾ ജാതി അറിയുകയായിരുന്നു.പക്ഷെ അന്ന് കല്യാണിയേടത്തിയുടെ ഉറഞ്ഞുതുള്ളൽ കണ്ടതിനു ശേഷം അവൾക്കു തോന്നി:
"ഒരുപക്ഷെ, ഒരു കോമരമായി ചുവപ്പു ചേല ചുറ്റി, വാളും ചിലമ്പുമായി ഇറങ്ങി നടക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ,ഊര് ചുറ്റിയിരുന്നെങ്കിൽ, കല്യാണിയേടത്തി അയ്യപ്പൻ വിളക്കിൽ മാത്രം എരിഞ്ഞു തീരുമായിരുന്നില്ല."

---

*പേജ് 45 തുടർച്ച*

ന്നല്ല എന്ന ബോദ്ധ്യവും ഈ രചനകളിലുണ്ട് 'ഭൂമി തൊടാതെയുള്ള ജീവിതം/ഏതു ദേവന്റെ അനുഗ്രഹമാണെന്ന്' സംശയിച്ച് പോവുന്നത് അതുകൊണ്ടാണ്. ഈ കത്തി എരിയുന്ന സാമ്രാജ്യത്തിൽ ഇരുന്നും ഭരണാധികാരികൾ വീണമീട്ടുകയാണ് എന്നതിനാൽ അവയൊന്നും ഒരു സംരക്ഷണവും തനിക്കോ സമൂഹത്തിനോ നൽകുന്നില്ല എന്ന ബോദ്ധ്യവും ഈ ആഖ്യാതാവിനെ നയിക്കുന്നുണ്ട്. 'പല കുറി പാടിയ ചൊല്ലുകൾ പാഴിലായ്' - ഇനിയെന്നറിക നീ എന്ന കവിത - എന്നതും താൻ നിൽക്കുന്നത് ഒരു പഞ്ചാഗ്നി മദ്ധ്യത്തിലാണ് എന്ന സൂചന നൽകുന്നുണ്ട്.

മണിമാളിക പണിയുവാനായ് മല വെട്ടിനിരത്തുകയും കുപ്പികൾ നിറയ്ക്കാൻ നീരുറവ വറ്റിക്കുകയും കിടന്നുറങ്ങാനൊരു മഞ്ചം തീർക്കാനായി മരങ്ങൾ വെട്ടുകയും ചെയ്തവരുടെ നീതിയാണ് വിയർക്കാതെ ആ സത്യം നേടി വിജയിച്ചതെന്നും അവൾ തിരിച്ചറിയുന്നു. അതിന്റെ ബാക്കി പത്രം കൂടി ഓർമ്മപ്പെടുത്തുന്നയിടത്ത് ജാൻസിയുടെ കവിത സമകാല കവിതകളിൽ നിന്നു വേറിട്ടു നിൽക്കുന്നു. 'മർത്യാ നിനക്കുള്ളത് ' എന്ന കവിതയിൽ

'കാലിലൊഴിച്ചും
കല്ലിലൊഴിച്ചും
നീർത്തടങ്ങൾ വറ്റിക്കുമ്പോൾ
അറിയാതെ പോവുന്നു
ദൈവങ്ങളോടു പോലും
മാപ്പിരക്കാനാവാതെ
ഉഷ്ണിച്ചു നിൽക്കുന്നു' എന്നെഴുതുമ്പോൾ ഈ ബോദ്ധ്യമാണ് മുഖ്യം.

അവസാനം ഒരു വലിയ തിരിച്ചറിവുണ്ട്. മണ്ണ് കൊണ്ട് ഉണ്ടാക്കിയവൻ എല്ലുകൊണ്ട് ഉണ്ടാക്കിയവളെ അത്രയ്ക്ക് ക്രൂരതയോടെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കരുത് എന്ന് ഓർമ്മപ്പെടുത്തുന്നത് എല്ലധികാരവും മണ്ണധികാരത്തിന്റെ പൊരുളാണെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് തന്നെയാണ് നീ നഷ്ടപ്പെടുത്തിയതും മറന്നുവെച്ചതും താൻ നേടിയിട്ടുണ്ട് എന്ന് ഊറ്റം കൊള്ളുന്നതും. ഇത് പെണ്മയുടെ ആകെയുള്ള ഊറ്റം കൊള്ളലാണ്. വെറും പെണ്മ എന്നുപറഞ്ഞാൽ പോരാ 'ഞാനാര്' എന്ന പൂർണ്ണ ബോധ്യമുള്ള പെണ്മ. ചക്കര, പൊന്ന്, കരള് ഇത്തരം സംബോധനകൾക്കു പിന്നിലെ വലിയ കെണികൾ തിരിച്ചറിഞ്ഞവരുടെ കൂട്ടമാണത്. 'ഇലയും മുള്ളും' എന്ന പരമ്പരാഗത പറച്ചിലുപോലും ഇവിടെ പുതിയ ഒരു അർത്ഥ തലം തേടുന്നു.

'മുള്ളുകൊള്ളാത്തയിലക്കായ്
വഴികളിൽ വനങ്ങളിൽ
കാട്ടുപൊന്തകളിൽ
പാതി ചത്ത ഹൃദയവുമായ്
മുള്ളുകൾ കാത്തു നിൽക്കുന്നു.' ഈ വരികളിലൂടെ നമ്മുടെ സമൂഹത്തിന്റെ മൊത്തം ഹൃദയശൂന്യത വ്യക്തമാക്കുന്നു.

ഭാരതീയർ പാടി ആഘോഷിച്ച പുരാണകഥകളെ ജാൻസിയുടെ കവിതകൾ ചോദ്യം ചെയ്യുന്നു. 'ഇത് സീതായനം' , 'നവവാത്മീകം', 'ശകുന്തള ഹസിച്ചു തുടങ്ങി', 'കാത്തിരിപ്പ്' തുടങ്ങിയ കവിതകളിലെല്ലാം ഇന്നത്തെ അവസ്ഥകളെ ചേർത്ത് ആ കാത്തിരിപ്പുകളേയും പാതിവ്രത്യത്തിന്റെ സൂക്ഷിപ്പുകളെയും പുനർവായിക്കുന്നുണ്ട്. അത്തരം വിഡ്ഢിത്തത്തിന്റെ ആഘോഷങ്ങൾക്കൊപ്പം നീങ്ങാൻ ഞങ്ങളില്ല എന്ന ഓർമ്മപ്പെടുത്തലുമാണത്.

ഈ വാക്കുകളുടെ അർത്ഥതലങ്ങളിലൂടെ കടന്നു പോവാൻ അല്പം ക്ഷമയോടു കൂടിയ വായന വേണം. ഒരു അലസവായന കൊണ്ട് ഇവയിലേക്ക് കടന്നു പോവാനാവില്ല. ഒട്ടും മയമില്ലാതെ ഈ വാക്കുകൾ പറയേണ്ടി വരുന്നത് ലോകം അവൾക്കായി അത്തരം വാക്കുകൾ മാത്രം കരുതിയതിനാലാണ്.





**എം.ലക്ഷ്മിക്കുട്ടി അമ്മ**

*തിരുവനന്തപുരം വിമൻസ് കോളെജിലും എറണാകുളം മഹാരാജാസ് കൊളെജിലുമായി മലയാളഭാഷയിൽ ബിരുദവും ബിരുദാനന്തരബിരുദവും. മനോന്മണിയം സുന്ദരനാർ സർവകലാശാലയുടെ കീഴിലുള്ള കുഴിത്തുറ ശ്രീ ദേവി കന്യാകുമാരി വിമൻസ് കോളേജിൽ ദീർഘകാലം മലയാളം അധ്യാപികയായി പ്രവർത്തിച്ചു. 1993–ൽ പ്രിൻസിപ്പാൾ ആയി വിരമിച്ചു. ജ്യേഷ്ഠനായ കവി അയ്യപ്പപ്പണിക്കരെക്കുറിച്ചെഴുതിയ 'നിറവേറിയ വാഗ്ദാനം' എന്ന കൃതി 2014–ൽ പ്രസിദ്ധീകരിച്ചു.*

# പണ്ടത്തെ കൊയ്ത്തുത്സവം

കന്നിനിലാവുമിളംവെയിലും വന്ന് ചന്ദനം ചാർത്തുന്ന ദിക്കിൽ–

വെള്ളപ്പൊക്കവും മഴയുമെല്ലാം കഴിഞ്ഞ് പാടമെല്ലാം കുറേശ്ശെ വെള്ളമായി കിടക്കുന്നു. ഇളംമഞ്ഞിൻ തണുപ്പ് പുലർകാലത്ത് സുഖസുന്ദരമായി വ്യാപിച്ചിരിക്കുന്നു. പാടങ്ങളിൽ കൃഷിപ്പണി തുടങ്ങാറായി. പഴയ കാലം.

ആദ്യം തന്നെ വരമ്പുറപ്പിക്കണം. മഴയും കാറ്റടിയുമെല്ലാമായി ആകെ അലങ്കോലപ്പെട്ടുകിടപ്പിലാണ് വരമ്പുകൾ. ഇടയ്ക്കിടെ പൊട്ടിയും പൊളിഞ്ഞുമൊക്കെ പോയിട്ടുണ്ട്. അതെല്ലാം കമ്പും കൊമ്പും ഇലച്ചില്ലകളുമായി 'കാടു'കൊണ്ടുവന്ന് വയ്ക്കോലുമെല്ലാം കൂട്ടിച്ചേർത്ത് ചെളിയും വച്ച് വരമ്പുറപ്പിക്കണം. ചിറപോയിടത്തെല്ലാം അതു പൂർത്തിയാക്കി ബലപ്പിക്കണം. തെങ്ങിൻകുറ്റിയും കമുകിൻകുറ്റിയും വാരിക്കമ്പുകളുമെല്ലാം ചേർത്ത് ബലവത്താക്കി വരമ്പിനകത്തേക്ക് തോട്ടിൽനിന്നോ ആറ്റിൽനിന്നോ വെള്ളം പാടത്തേക്ക് കയറിവരാത്തവണ്ണം വരമ്പുറപ്പിച്ച് ബലവത്താക്കണം.

പാടത്തിനകത്തുകിടക്കുന്ന വെള്ളമെല്ലാം പുറത്തേക്ക് തോട്ടിലേയ്ക്കോ ആറ്റിലേക്കോ തേകിക്കളയണം. അതിന് വണ്ടിച്ചക്രം പോലെ ആരക്കാലുകളുള്ള മരച്ചക്രങ്ങളാണു പയോഗിക്കുന്നത്. അത് വരമ്പത്തുറപ്പിച്ച് ചക്രത്തിൽ ആൾ കയറിനിന്ന് ആരക്കാലുകളിൽ ചവിട്ടി വെള്ളം പാടത്തിനകത്തുനിന്ന് വെളിയിലേക്ക് തള്ളിവിടണം. ഇങ്ങനെ ചക്രം ചവിട്ടുന്ന സമയത്ത് പാടാനുള്ള പാട്ടുമുണ്ട്. അക്കാലത്ത് പുലർകാലത്ത് ഉണരുമ്പോൾ ചക്രംചവിട്ടുപാട്ടും ചവിട്ടിവെള്ളം തള്ളിക്കളയുന്ന ശബ്ദവും എല്ലാം ഞങ്ങളുടെ വീട്ടിൽ കിടന്നാൽ കേൾക്കാമായിരുന്നു. ഞങ്ങളുടെ വീട്ടിലിരുന്നാൽ കായലിലെ വിശേഷങ്ങളും ശബ്ദവുമൊന്നും കേൾക്കുകയില്ല. കായൽപ്പാടങ്ങൾ വളരെ ദൂരെയാണ്. കാവാലത്തിന്റെ കിഴക്കുവശത്ത് ഞങ്ങളുടെ രണ്ടുമൂന്നുവീട്ടിനപ്പുറത്ത് "കരപ്പാടം" ഉണ്ട്. കാവാലം കിഴക്കുപുറം എന്നാണ് അതിന് പറയാറ്. ആ പാടത്ത് ചക്രം ചവിട്ടിത്തേകുമ്പോൾ അതിന്റെ താളത്തിനൊത്തു പാടുന്ന പാട്ടുകൾ വീട്ടിൽ കിടന്നാൽ വെളുപ്പിന് കേൾക്കാം. പാട്ടൊന്നും ഇപ്പോൾ ഓർമ്മയില്ല. നേരം പുലർന്നാൽ വെയിലാകുന്നതുകൊണ്ട് പുലർച്ചയ്ക്കേ ചക്രം ചവിട്ടും.

വെള്ളമെല്ലാം തള്ളിക്കളഞ്ഞുകഴിഞ്ഞാൽ പിന്നെ കുഴിയും തടവുമായികിടക്കുന്ന പാടം ഒരുക്കണം. കൃഷിയ്ക്കുപയുക്തമായതരത്തിൽ (ലെവലാക്കി) നിരപ്പാക്കണം. കാളയേയോ പോത്തിനേയോ കൊണ്ടുവന്ന് കലപ്പ കഴുത്തിൽ ചേർത്തുവച്ച്കെട്ടി ഉഴവുകാർ അതിൽ പിടിച്ച്

പോത്തിനോടും കലപ്പയോടുമൊപ്പം കൂവുന്നപോലൊരു ശബ്ദം കേൾപ്പിച്ച് കാളയെ (പോത്തിനെ) നേരെ നടത്തി ഓടുന്നപോലെ പുറകെ വേഗം നടക്കും , ഉഴവുകഴിഞ്ഞാൽ നിലം നിരപ്പാക്കാൻ 'മരമടി'ക്കും. അതും ഏകദേശം ഉഴവുതന്നെ.

ഇന്ന് അതിനൊരു മാറ്റം വന്നു. യന്ത്രം ഉപയോഗിച്ച് എൻജിൻവച്ച് ആണ് ഇന്ന് വെള്ളം വറ്റിക്കുന്നത്. നിലം ഒരുക്കിക്കഴിഞ്ഞാൽ പാടത്തിൽപറ്റിയ ഒരു സ്ഥലംനോക്കി ഒരു ഞാറ്റടി തിരുത്തി എടുക്കും. അവിടെ വിത്തു വിതയ്ക്കും. ഞാറ്റടിയിലെ വിത്തുകിളിർത്ത് ഞാറായിക്കഴിഞ്ഞാൽ ഞാറ് (ചെറിയനെൽച്ചെടികൾ) കൃഷിത്തൊഴിലാളികൾ പിഴുതെടുത്ത് പാടം മുഴുവൻ വരിവരിയായി നടും . കായൽപ്പാടങ്ങൾ വളരെ വിശാലമായതിനാൽ ധാരാളം ജോലിക്കാരെ ആവശ്യമാകും. ആ സ്ഥലത്തെ സ്ത്രീത്തൊഴിലാളികൾ മതിയായില്ലെങ്കിൽ ദൂരെനിന്നും കൊണ്ടുവരും. ഞാറുനടുമ്പോൾ പാടുവാനും പാട്ടുണ്ട്.

ഞാറുനടുന്നേരം പാടുന്ന പാട്ടൊന്നീ–
ണത്തിൽ പാടെടീ പുന്നാരപ്പെണ്ണേ—

ഇങ്ങനെ നിരനിരയായി നിന്ന് ഞാറുനടുമ്പോൾ പാട്ടുപാടും. നടിച്ചിലിനും കൊയ്ത്തിനുമെല്ലാം പാട്ടുണ്ട്. പാട്ടുകാർക്ക് പ്രത്യേകം കൂലി കൂടുതലുണ്ട്.

തെയ്യനം തെയ്യനം തെയ്യനം താരോ
തെറ്റനം തെയ്യന്നം തെയ്യനംതാരോ

തൈകൾ കുറച്ചുവലുതായിക്കഴിഞ്ഞാൽ കളയെടുക്കുകയും വെള്ളംകുറവായാൽ തോട്ടിൽനിന്നും ആറ്റിൽനിന്നും പാടത്തേക്ക് വെള്ളം കയറ്റുകയും ഇറക്കുകയുമൊക്കെ ചെയ്ത് അതിനെകാത്തുകൊള്ളണം. കുറച്ചുവലുതായിക്കഴിഞ്ഞാൽ ചുവട്ടിൽനിന്നും കളയെടുക്കണം. വളമിടണം, ഇലയിലെ പ്രാണികളെ ഓടിച്ചകറ്റാൻ ഇക്കാലത്ത് വിഷമടിക്കണം. ഇപ്രകാരമുള്ള ശുശ്രൂഷകളൊക്കെ കാലാകാലങ്ങളിൽ ചെയ്ത് കാത്തിരിക്കണം.

അങ്ങനെ വളർന്ന് ഇളം പച്ചനിറമുള്ള നെൽക്കുലകൾ ഉണ്ടായിവരും. പക്ഷികൾ (ഇരണ്ടകൾ, കൊക്കുകൾ മുതലായവ) കൂട്ടമായി വന്ന് കൊത്തിത്തിന്നാതെയും നോക്കണം. പുഴുവോ കൃമികളോ വല്ലതും വന്നാൽ നെല്ല് കുലയാകുന്നതിനുമുമ്പേ കീടനാശിനി അടിക്കണം. കുലച്ചുകഴിഞ്ഞാൽ വിഷമടിക്കുന്നത് കഷ്ടമാണ്. നെല്ലുകുത്തി അരിയാക്കി ഉണ്ണാനുള്ളതാണല്ലോ. രാസവളമോ വിഷമോ ഉപയോഗിക്കുന്നത് സൂക്ഷിക്കണം. ജൈവവളമോ, ചാണകം, ചാരം മുതലായവയൊക്കെ ഇടാം.

നെല്ലുകുലച്ചുകഴിഞ്ഞാൽ പിന്നീട് കുറച്ചുദിവസങ്ങൾക്കുശേഷം വിളഞ്ഞു വിളഞ്ഞുവരും. മൂന്നുമാസം വരെയുള്ളതും അതിലും കുറവുള്ളതുമായി വിളഞ്ഞുമൂത്തുവരും. നെൽക്കുലകൾക്ക് നല്ല നിറമായിതണ്ടും മഞ്ഞനിറമായി വരുമ്പോഴേയ്ക്കും നെല്ലുവിളഞ്ഞ് കൊയ്യാൻ പാകമാകും. വിത്തിനങ്ങളുടെ ഗുണമനുസരിച്ച് കുറച്ചുദിവസത്തെ വിളവുള്ളതും കൂടുതൽ ദിവസത്തെ വിളവുള്ളതുമായി പലതരത്തിലുണ്ട്. ഏകദേശം ഒരേവിളവുള്ള വിത്തുകൾ വേണം ഒരു പാടശേഖരമാകെ പാകാൻ. പലരും ചേർന്നുചെയ്യുന്നനെടുംകൃഷി സമ്പ്രദായമായതിനാൽ പല ഉടമസ്ഥരുണ്ടാകും. വിളവുകൾ പലതരത്തിലുള്ളതായാൽ ഒരു വയലിലെ പ്രാണികൾ അവിടത്തെ കൊയ്ത്തുതീരുമ്പോൾ മറ്റിടങ്ങളിലേക്കും വരും. നെല്ലിന്റെ അകത്തെ പാൽ (ഉറിഞ്ചി) ഊറ്റിക്കുടിക്കുന്ന ചാഴികൾ പോലെ പല പ്രാണികളും കീടങ്ങളും നെല്ലിനെ നശിപ്പിക്കാൻ വന്നുചേരും. അതുകൊണ്ടുതന്നെ പാടശേഖരം മുഴുവൻ (കായലിലെ പാടങ്ങൾ വളരെ വിസ്തൃതമാണ്. ഒരു പ്രദേശം മുഴുവനും പലരുടേതും ചേർന്ന വലിയ വലിയ പാടങ്ങളായിരിക്കും) ഏകദേശം ഒരേതരം വിത്തുകൾ വിതയ്ക്കേണ്ടിവരും. അങ്ങനെ നെൽമണികൾ വിളഞ്ഞ് സ്വർണ്ണനിറമായി, കുനിഞ്ഞ് വിനയത്തോടെ ഭൂമിയിലേയ്ക്കുനോക്കി നിൽക്കും; കൊയ്യാറായി.

ഈ അനേകം ഏക്കർവിസ്തീർണ്ണമുള്ള പാടങ്ങൾ കൊയ്യാൻ വളരെയധികം പേരെ ആവശ്യമായി വരുന്നതിനാൽ ദൂരെസ്ഥലങ്ങളിൽ നിന്നെല്ലാം കൊയ്ത്താളുകളെ കൊണ്ടുവരേണ്ടിവരും. കുട്ടനാട്ടിലേയ്ക്ക് മിക്കപ്പോഴും ഓണാട്ടുകര പ്രദേശത്തുനിന്ന് (കാർത്തികപ്പള്ളിതാലൂക്കിൽനിന്ന്) ആണ് കൊണ്ടുവരാറ്. വലിയ കെട്ടുവള്ളങ്ങളിൽ മൂപ്പനും തലപ്പുലയനും ആയിട്ടുള്ള തൊഴിലാളികൾ കർഷകരുടെ ആവശ്യമനുസരിച്ച് ആളന്മാരെ (ആളുകളെ) കൊണ്ടുവരാൻപോകും. അവരും കാത്തിരിക്കുകയായിരിക്കും. ആണിനെയും പെണ്ണിനെയും ചേർത്ത് 'ആളന്മാർ' എന്നാണ് പറയുന്നത്. 'ആണാളും' 'പെണ്ണാളും' എല്ലാരുമുണ്ടാകും. ഏകദേശം ഒരു മാസത്തിലധികം താമസത്തിനായി അരകല്ലും (അമ്മിക്കല്ലും കുഴവിയും) മരഉരലും ഉലക്ക, മുറം, വട്ടികളും മറ്റുമായി കായൽ വരമ്പത്തുവന്നിറങ്ങും. പയറ്, മുളക്, ഉപ്പ്, തേങ്ങ, ചിരവ, ചട്ടി, കലം, തവി എന്നിങ്ങനെതാമസത്തിനുവേണ്ടതും കൊയ്ത്തരിവാളും എല്ലാമായി വന്നിറങ്ങും. ഓലയും മുളയും (കഴുക്കോലും) മറ്റും കൊണ്ട് വരമ്പോടുചേർത്ത് സൗകര്യമായഭാഗത്ത് നെടുനീളത്തിൽ 'പന്ത' (ഷെഡ്) കെട്ടും. ഉടമസ്ഥനും താമസിക്കാൻ കല്ലുകെട്ടി ബന്തവസ്സാക്കിയ ഒരു വലിയ മുറി അവിടെ കെട്ടിയിരിക്കും. അതിന് 'ആപ്പീസ്' എന്നു പറയും. വർഷം മുഴുവൻ ആ ആപ്പീസ് അവിടെ ഉണ്ടായിരിക്കും. ആ മുറിയിലാണ് കൃഷിക്കാരൻ മുതലാളി കൊയ്ത്തുകാലത്ത് താമസിക്കുന്നതും ഉറങ്ങുന്നതും. തൊഴിലാളികളിലാർക്കെങ്കിലും

**തോട്ടിലോ ആറ്റിലോ നിന്ന് ചൂണ്ടയിട്ട് പിടിച്ചെടുത്ത മീനിനെകറിവെക്കും. കൊയ്തെടുത്ത സ്ഥലങ്ങളിൽനിന്നും ഉതിർന്നുവീണ കതിരുകൾ പെറുക്കിയെടുത്ത് വാട്ടികുത്തി അരിയാക്കി ചോറുവെക്കുകയും ചെയ്ത് അവർ ആഹാരം കഴിച്ചുകൊള്ളും. ഇപ്പോൾ ഇക്കാര്യങ്ങളൊക്കെ വളരെ വ്യത്യസ്തമായിരിക്കും.**

ചെറിയകുഞ്ഞുങ്ങളുണ്ടെങ്കിൽ ചിറയിൽ വീതിയുള്ള കരയിലോ, പന്തയ്ക്കകത്തോ ആറിന്റേയോ, തോടിന്റേയോ വക്കത്ത് ചിറപിടിച്ച് തെങ്ങുകൾക്ക് നടുവിലായി തൊട്ടിലുകെട്ടി ആട്ടിയുറക്കും. തോട്ടിലോ ആറ്റിലോ നിന്ന് ചൂണ്ടയിട്ട് പിടിച്ചെടുത്ത മീനിനെകറിവെക്കും. കൊയ്തെടുത്ത സ്ഥലങ്ങളിൽനിന്നും ഉതിർന്നുവീണ കതിരുകൾ പെറുക്കിയെടുത്ത് വാട്ടികുത്തി അരിയാക്കി ചോറുവെക്കുകയും ചെയ്ത് അവർ ആഹാരം കഴിച്ചുകൊള്ളും. ഇപ്പോൾ ഇക്കാര്യങ്ങളൊക്കെ വളരെ വ്യത്യസ്തമായിരിക്കും. പരസ്പരം കൊടുക്കൽ വാങ്ങലുകളും സഹകരണവുമായി ഒരു മാസത്തിലധികംകാലം ഉള്ളതുകൊണ്ട് ഓണം പോലെ അവർ കഴിയും.

കൊയ്ത്തുകഴിഞ്ഞാൽ കൊയ്തതിനുള്ള കൂലി അളന്ന് തൊഴിലാളിക്ക് കൊടുക്കും. ഉടമസ്ഥന് പത്ത് അളന്നുകഴിഞ്ഞാൽ ഒരളവ് തൊഴിലാളിക്ക് (കൊയ്ത്താളിന്) കൊടുക്കും. അതിന് 'പതം' എന്നാണ് പറയുക. പതിനൊന്ന് പതം പിന്നീട് എട്ടിനൊന്ന് പതമായി. എന്റെ ഓർമ്മയിൽ അഞ്ചിനൊന്നുപതം വരെയായി. പിന്നീട് നെല്ലെല്ലാം ഉണക്കി കുന്നുപോലെ കൂട്ടിയിടും. അതിന് പൊലി എന്നു പറയും. പാട്ടുപാടുന്നവർക്ക് പ്രത്യേകം കൂലിയുണ്ട്. കൂലി അളക്കുന്ന വലിയ അളവുപാത്രത്തിന് താപ്പ് എന്നും, ചെറിയപാത്രത്തിന് കൂലിയാൻ എന്നും പറയും. പാട്ടുകാർക്ക്, കൂലി അളന്നശേഷം രണ്ടോ മൂന്നോ കൂലിയാൻ കൂടുതൽ അളന്നുകൊടുക്കും. ഞാറുനടുമ്പോഴും കറ്റകൊയ്യുമ്പോഴും പാടാൻ പാട്ടുണ്ട്. വടക്കൻപാട്ടുകളാണ് മുമ്പൊക്കെ കൊയ്ത്തുപാട്ടായി പാടുന്നത്. പിന്നീട് ചെറിയ രാഷ്ട്രീയ കാര്യങ്ങളും ഉൾപ്പെടുത്തി പാട്ടുകൾ ഉണ്ടാക്കി പാടുമായിരുന്നു.

ആ മീശപിരിച്ചവനാരാണ്–
അതു പി.റ്റി.ചാക്കോ
ആസ്സാരിയുടുത്തവളാരാണ്–
അത് കെ.ആർ.ഗൗരി എന്നിങ്ങനെ! ! ..
ഇപ്പോഴെങ്ങനെയോ ——

കൊയ്ത്ത് കഴിഞ്ഞാൽ വീണുകിടക്കുന്ന നെല്ലുതിന്നാൻ താറാവിനെയിറക്കും. സ്വല്പം വെള്ളം കയറ്റിയാൽ താറാവും താറാവിൻമുട്ടയും കരിമീനും കായലിൽ ധാരാളമാകുന്നു. താറാവുകാർ ഉടമസ്ഥനും കുറെ മുട്ടയും മീനും താറാവിനെയും കൊടുക്കും.

വെള്ളം വറ്റിക്കുന്നത് ഇപ്പോൾ എൻജിൻവച്ചാണ്. അതുപോലെ പലതിനും മാറ്റം വന്നു. ഉഴാനും, നടാനും കൊയ്യാനും മെതിക്കാനും പതിരുപിടിക്കാനുമൊക്കെ ഇപ്പോൾ യന്ത്രങ്ങളുണ്ട്. വളരെ ചെലവുള്ള പണിയാണ് കായൽകൃഷി. എല്ലാ ചെലവുകളും കഴിഞ്ഞ് വരുമ്പോൾ കിട്ടുന്ന നെല്ലുവിറ്റുവേണം അവർക്ക് വിദ്യാഭ്യാസം, കല്യാണം, പ്രസവം മറ്റുവിശേഷങ്ങൾ എല്ലാം കൊണ്ടാടുവാൻ. "ഇൻഡ്യൻ കർഷകൻ കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുന്നുവെന്ന്" ഒരു ചൊല്ലുണ്ട്. ഇന്നും കർഷകആത്മഹത്യകൾക്ക് കുറവില്ലല്ലോ. പലകർഷകരും കൃഷി തുടങ്ങുമ്പോൾ ചെലവിന് വീട്ടിലുള്ളവരുടെ ആഭരണങ്ങൾ പണയം വയ്ക്കുകയോ വില്ക്കുകയോ ചെയ്യേണ്ടിവരും. കൊയ്ത്തുകഴിഞ്ഞ് അവയെല്ലാം തിരിച്ചെടുക്കും.

ഒരു വിധം സമൃദ്ധമായ, ഐശ്വര്യമുള്ള ജീവിതമെന്നു പറയാം. വലിയ ദാരിദ്ര്യം കൂടാതെ സാധാരണജീവിതം മുമ്പോട്ടുകൊണ്ടുപോകാം. പക്ഷേ വെള്ളപ്പൊക്കമോ മഞ്ഞുവീഴ്ചയോ ഒക്കെയായ കെടുതികൾ വന്നാൽ പിന്നെ ദാരിദ്ര്യവുമാകും. അല്ലെങ്കിൽ വിത്തെടുത്ത് ഉണ്ണേണ്ടിവരും. മഹാകഷ്ടമാകും.

ഒരിക്കൽ ഒരു രാത്രിയിൽ ഞാൻ കാവാലത്തുള്ളപ്പോൾ പള്ളിയിൽനിന്നും കൂട്ടമണിയടിച്ചു. നാടുമുഴുവൻ ഉണർന്നു. ആളുകൾ ഓടുകയും ഉറക്കെ സംസാരിക്കുകയും ചെയ്യുന്നു. "മംഗലംകായലിൽ മട വീണേ, ഓടിവായോ"– എന്ന് മൈക്കിൽകൂടിയും (പള്ളിയിൽനിന്ന് ) വിളിക്കുന്നത് കേട്ടു. ആളുകൾ വിളിയും ഓട്ടവും. അതേ, നാടിന് ഉണ്ണുവാൻ വേണ്ട നെല്ലാണ് വെള്ളത്തിൽ മുഴുവൻ പോകുന്നത്. തെങ്ങ്, കമുക് ഇവയുടെ കഴ, മറ്റുതരം തടിസാധനങ്ങൾ, കുറ്റികൾ, ചെറ്റകൾ എല്ലാമെല്ലാം ആരുടേതെന്നുനോക്കാതെ എല്ലാം എടുക്കും. ആരും അരുതെന്നു പറയില്ല. വള്ളവും തുഴയും കഴുക്കോലുമൊക്കെയായി 'ഓടിവായോ' എന്നുവിളിച്ചുകൊണ്ട് ഓടുകയാണ്. എല്ലാവരും മംഗലം കായലിലേക്ക് പാഞ്ഞു. ആരുടേതെന്നില്ല. ഏതുവീട്ടിലെ സാധനവും കൊടുക്കും. നാട്ടുകാർ ഒന്നായി ദുഃഖിച്ചിരിക്കുന്നു. സ്ത്രീകൾ വീടിനുവെളിയിൽ വന്നു സങ്കടപ്പെട്ട് നിൽക്കുകയാണ്. ആരെന്നില്ലാതെ എല്ലാവരും കഷ്ടം എന്നുപറഞ്ഞ് മൂക്കിൽ കൈവച്ചുനിൽക്കുകയാണ്. കൊയ്യാറായ

പാടമാണെങ്കിൽ അതിലും വലിയ കഷ്ടം! നഷ്ടം!

രണ്ടുദിവസം കഴിഞ്ഞ് ബോട്ടിൽ ഞാൻ പോരുമ്പോൾ മംഗലം കായൽ മടവീണ് കരയും ആറും പാടവും എല്ലാം ഒന്നായി 'ഓളങ്ങൾ തള്ളി പുളിനം പിളർക്കുന്ന'മാതിരി കിടക്കുന്നു. വിശാലമായ കായലിലെ ഓളങ്ങളിളകുന്നതുകണ്ടപ്പോൾ അതിന്റെ ഉടമസ്ഥന്റെ നെഞ്ചുതിളയ്ക്കുന്നതാണെന്നാണ് എനിക്ക് തോന്നിയത്. എന്റെ ചേച്ചിയുടെ ഭർത്താവ് കൃഷിചെയ്യുന്ന ഞങ്ങളുടെ മതികായലിലും ഒരിയ്ക്കൽ മടവീണു. ചേട്ടൻ 'ആപ്പീസിൽ' മടവീണപാടത്തേക്ക് വെള്ളം ഇരച്ചുകയറുന്ന ശബ്ദത്തിന്റെ ഇരമ്പം കേട്ടുകൊണ്ട് നിസ്സഹായനായി കിടന്നുപോയെന്നുപറഞ്ഞു.

കൊയ്യുമ്പോൾ പാടത്തുവീണുകിടക്കുന്ന നെൽക്കതിരുകൾ കൊയ്ത്തുകാരുടെ പിറകെ നടന്ന് കുട്ടികളും വലിയ ആളുകളും പെറുക്കും. അതിന് 'കാലപെറുക്കുക' എന്നു പറയും. മിടുക്കുള്ളവർക്ക് ഓരോ പറനെല്ലുവീതം കിട്ടിയേക്കാം.

എല്ലാം മറന്ന് കർഷകൻ അടുത്തവർഷവും കൃഷിക്കൊരുങ്ങും. വരമ്പുവെക്കാനും വെള്ളം വറ്റിക്കാനും വിത്തുവിതയ്ക്കാനും ഞാറുനടാനും വളമിടാനും. എല്ലാം കഴിഞ്ഞ് നെല്ലുവിളയുമ്പോൾ കൊയ്ത്തുതുടങ്ങും.

കൊയ്ത്തുതുടങ്ങുമ്പോൾ ആദ്യം തലപ്പുലയൻ അഥവാ മൂപ്പൻ വയലിലിറങ്ങി കുറെയേറെ നെൽക്കതിർ കൊയ്തെടുത്ത് വലിയ ഒരു കറ്റ മാറ്റിവെയ്ക്കും. അതിനുശേഷം തൊഴിലാളികൾ വയലിലിറങ്ങി കൊയ്യാൻ തുടങ്ങും. കൊയ്തെടുത്തനെല്ല് ഓരോതൊഴിലാളിയും വരിവരിയായി അവരവരുടെ നെല്ല് പ്രത്യേകം പ്രത്യേകമായി വെയ്ക്കും . എല്ലാം കൊയ്തെടുത്തുകഴിഞ്ഞ് നെല്ല് മെതിച്ച് കറ്റയിൽനിന്നും വേർതിരിച്ച് പതമളന്നശേഷം കുന്നുപോലെ പൊക്കത്തിൽ കൂട്ടിയിടുന്ന നെല്ലിന് 'പൊലി' എന്നു പറയും. പ്രത്യേകമായി ഇട്ട് വളരെപ്പൊക്കത്തിൽ നാലുവശത്തുനിന്നും കുട്ടകളിൽ നെല്ല് കോരിയെറിഞ്ഞ് ഒരു വലിയ കൂനയുണ്ടാക്കും. അതിന് 'മൂഡ' എന്നു പറയും. പൊക്കത്തിലുള്ള കൂനയുടെ മുകളിൽ തലപ്പുലയൻ (മൂപ്പൻ) ആദ്യം കൊയ്തെടുക്കുന്ന വലിയ കറ്റകൊണ്ടുവന്നുവെക്കും . പിന്നീട് 'ഒരു വലിയപായകൊണ്ട് മൂടിയിടും. ആദ്യത്തെ കറ്റ ഒടുവിലേ എടുക്കുകയുള്ളൂ.

താപ്പ് എന്നുപറയുന്ന വലിയ പറകൊണ്ട് പതം അളന്നുകഴിഞ്ഞ് നെല്ലും പതിരും വേർതിരിയ്ക്കും. അതിന് പതിരുപിടിക്കുക എന്നു പറയും. നെല്ലുവാരികാറ്റത്ത് പൊക്കിയെറിഞ്ഞ് പതിരുപിടിക്കും. പതിര് പിടിച്ചനെല്ല് വീട്ടിലേയ്ക്ക് കൊണ്ടുവരും.

ഓരോ തൊഴിലാളിയും അവരുമെതിച്ച നെല്ലിൽ നിന്നും കൂലി അളന്നുകൊടുക്കും. ഇതിന് പതമളക്കുക എന്നാണ് പറയുന്നത്. 10 അളവ് നെല്ല് മുതലാളിക്ക് അളന്നാൽ ഒന്ന് തൊഴിലാളിക്ക് എന്ന കണക്കിലാണ് അളക്കുന്നത്. ആദ്യമൊക്കെ പതിനൊന്നായിരുന്നെങ്കിൽ പിന്നീട് എട്ടിനൊന്ന്, പിന്നീട് ഏഴിനൊന്നും പതങ്ങളായി. അളവുപാത്രത്തിന് – ചെറിയ പാത്രത്തിന് 'കൂലിയാൻ' എന്നും പറയും. ഞാറു നടുന്നതിനും കൊയ്ത്തിനുമൊക്കെ പാടിയവർക്ക് ഒന്നോ രണ്ടോ കൂലിയാൻ നെല്ല് കൂടുതലുണ്ട്.

കൊയ്ത്തുകഴിഞ്ഞ് ഓരോരുത്തരുടെയും കറ്റകൾ വേറെവേറെയായി നിരത്തി അടുക്കിഭംഗിയാക്കിവെയ്ക്കും. കറ്റകളുടെ നിരയുടെ നടുക്ക് രണ്ട് വലിയ പൊക്കത്തിലുള്ള നാല്ക്കാലികളിട്ട്, രണ്ടു വശത്തും ഓരോ ആൾ നിന്ന് രണ്ടുവശത്തേക്കും ഓരോ കൂർപ്പൻ കുട്ടകളിൽ നെല്ലുകോരിക്കോടുക്കുകയും നാല്ക്കാലിമേൽ അവർ നെല്ലുയർത്തി മുകളിലേയ്ക്കു പിടിച്ച് താഴേക്ക് കുറേശ്ശെയായി ഇട്ട് കുടഞ്ഞിടുകയും ചെയ്യും. അങ്ങനെപതിരുപിടിക്കും. കഴുക്കോലും മുളയും കമ്പുകളും വെച്ച് ചേർത്ത് ഉണ്ടാക്കിയ പാലംപോലുള്ള സ്ഥലത്ത് മുളയിൽ പിടിച്ചും അതിനുള്ളിലും പുറത്തും നിന്ന് മുളയിൽ പിടിച്ച് കറ്റയിൽ ചവിട്ടിനിന്നുകൊണ്ട് കറ്റചവിട്ടിമെതിക്കും.

പുൽപ്പായകൊണ്ട് മൂടിയിട്ടിരുന്ന 'മൂഡ' യിലെ നെല്ല് വെയിലത്ത് നന്നായി ഉണക്കും. ഉണങ്ങിയ നെല്ല് പിന്നീട് വീട്ടിലേക്കുകൊണ്ടുപോകും. ആദ്യത്തെകറ്റ മൂപ്പൻ വിടർത്തി പിരിച്ച് വട്ടത്തിൽ ചുറ്റി ജിമിക്കയുടെ ആകൃതിയിൽ പിന്നി ഭംഗിയാക്കി എടുക്കും. ഇതിന് 'കതിരുമാടം' എന്നു പറയും. കതിരുമാടം കൊണ്ടുപോയി അറവാതിലിനുമുന്നിൽ തൂക്കിയിടും– ഐശ്വര്യത്തിന്റെയും അലങ്കാരത്തിന്റെയും പ്രതീകമായി. പിന്നീട് വയലിൽ കുറച്ചുവെള്ളം കയറ്റി താറാവിനെഇറക്കും. വയലിൽ വീണുകിടക്കുന്നനെല്ലെല്ലാം താറാവിന് നല്ല തീറ്റ ആയിരിക്കും. കർഷകനും പുലയനുമൊക്കെ കുറെ താറാവിൻ മുട്ടയും താറാവിനെയും കൊടുക്കും. വെള്ളത്തിൽ ധാരാളം കരിമീനുകളും ഉണ്ടാകും. അതും കുറെ കൃഷിക്കാരനും പണിക്കാരനുമൊക്കെ കൊടുക്കും. ഇതോടുകൂടി ആ വർഷത്തെകൃഷിപ്പണി കഴിയും.

വീടും പറമ്പുമെല്ലാം കൊയ്ത്തും മെതിയുമായിപതിരുപിടിക്കലും അളക്കലും കൊടുക്കലും വാങ്ങലുമെല്ലാം കൂടെ വളരെ ബുദ്ധിമുട്ടും കഷ്ടപ്പാടുകളും ഒക്കെയായി അങ്ങനെകുറെമാസം കഴിയും. കൃഷിക്കാരും തൊഴിലാളികളും എല്ലാവരും വളരെക്കാലത്തെ ആഘോഷംപോലെ കുറെനെല്ലുകളുമായി തൃപ്തിയോടുകൂടി ഒരുത്സവം കഴിഞ്ഞപ്രതീതിയോടെ വീടുകളിലേയ്ക്കു പോകും.

"താദൃശോത്സവമുണ്ടോ കഥിപ്പിൻ
താരകകളേ നിങ്ങൾതൻ നാട്ടിൽ".



# വാസ്തവം



ഡോ.ജാൻസി ജോസ്

ഇക്കഴിഞ്ഞ പ്രാദേശിക രാജ്യാന്തര ചലച്ചിത്ര മേളയിൽ (കോഴിക്കോട്- മാർച്ച് 8 - 15) ചിന്തിക്കുന്ന സ്ത്രീകളെ ഇരുത്തി ചൂടോടെ ചർച്ച ചെയ്ത വിഷയം ചലച്ചിത്ര മേളകളിലെ സ്ത്രീ പങ്കാളിത്തം എന്നതായിരുന്നു. ചലച്ചിത്രമേളകൾ മാത്രമല്ല ഒരു മേളകളും സ്ത്രീകൾക്ക് വേണ്ടിയല്ല എന്നത് എല്ലാവർക്കുമറിയാം. എഴുത്തുകാരികളോ 'ഫെമിനിച്ചി'കളോ ആയ വളരെക്കുറച്ച് സ്ത്രീകൾ മാത്രമേ മേളകളിൽ പങ്കെടുക്കാറുള്ളൂ. വീട്ടിലൊതുങ്ങിപ്പോയ സ്ത്രീകളെ കൂട്ടി ആഘോഷയിടങ്ങളിലെല്ലാം നടക്കുമെങ്കിലും ഇവിടങ്ങളിലൊന്നും വീട്ടിലുള്ളവരെ കൊണ്ടുവരാൻ ആരും തയ്യാറാവുന്നില്ല.

സ്ത്രീകൾ രാജ്യാന്തരസിനിമകൾ കാണുന്നതിന്റെ ആവശ്യകതയാണ് യഥാർത്ഥത്തിൽ നാമിവിടെ ചർച്ച ചെയ്യേണ്ടത്. എല്ലാ സ്വാതന്ത്ര്യവും അനുഭവിച്ച് പൊതുമൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിച്ചവരാണെങ്കിലും വിവാഹശേഷം പലരും ഭൂപടത്തിലില്ലാതെ വരുന്നു എന്നത് കാണാതിരിക്കാനാവില്ല. പൊതുപരിപാടി കളിലും ചലച്ചിത്രമേളകളിലും കൈകോർത്തു നടന്ന് ആസ്വദിച്ച് ,ചർച്ച ചെയ്ത് പാറി നടന്നവർ പോലും വിവാഹശേഷം സ്ത്രീകളെ കൂടെ കൂട്ടുന്നത് കാണാറില്ല. ചിന്തിക്കുന്നവരും ചർച്ച ചെയ്യുന്നവരും മാറ്റം ആഗ്രഹിക്കുന്നവരുമൊക്കെയാണ് ഇത്തരം സിനിമകൾ കാണാനെത്തുന്നവർ. വിരലിലെണ്ണാവുന്ന ആളുകളേ തങ്ങളടെ വീട്ടിലുള്ള സ്ത്രീകളെ ഇത്തരം സിനിമ കാണാനാവദിക്കൂ. എത്ര പ്രബുദ്ധരാണെങ്കിലും വീടിന്റെ ഉത്തരവാദിത്തം സ്ത്രീകൾക്കു തന്നെയാണ് എന്നതാണ് അതിനു കാരണം. സീരിയൽ, വാണിജ്യസിനിമകൾ, ഉത്സവങ്ങൾ, പെരുന്നാളുകൾ, വിവാഹങ്ങൾ എന്നിവയിൽ മാത്രം സ്ത്രീകളുടെ സ്ഥാനം ഉറപ്പിച്ചിട്ടുള്ളവർ ഏറെയാണ്. അല്ലാത്തവർ ആ ബോധത്തിന് മൗനാനുകൂല നിലപാടെടുക്കാൻ ശ്രമിച്ചു വരുന്നതായും കാണാം

കലാമൂല്യം തികഞ്ഞവ മാത്രമല്ല ഈ മേളകളിൽ പ്രദർശിപ്പിക്കുന്ന ചിത്രങ്ങൾ. ജീവിതവും അതിന്റെ വൈവിധ്യവും ചർച്ച ചെയ്യപ്പെടുന്നവ കൂടിയാണത്. പ്രശ്നങ്ങളെ നമ്മുടെ മുന്നിൽ കൊണ്ടു വന്നിട്ടുതരുന്നു. മാറ്റങ്ങളെ ഉൾക്കൊള്ളേണ്ട വിധം, ആവശ്യം എന്നിവ മുന്നോട്ടു വെക്കുന്നു. നമ്മുടെ പൊള്ളത്തരങ്ങൾ പാടേ തകർത്തു കളയുന്നു. ലൈംഗികതയുടെ മേൽ നാം നിർമ്മിച്ചു വെച്ചിരിക്കുന്ന അനാവശ്യ ബോധങ്ങളെ തൂത്തെറിയുന്നു. ഇങ്ങനെ ലോകമാറ്റങ്ങളെ ചർച്ച ചെയ്യാൻ പറ്റുന്ന തലച്ചോറിന്റെ പരിണാമമാണ് ഇവിടുന്ന് സാധ്യമാകുന്നത്. ചിന്തയുടെ മണ്ഡലങ്ങളിൽ സ്ത്രീകളെ കൂട്ടാത്ത ഒരു ജനതയുടെ പിന്നാക്കം പോക്കു തന്നെയാണ് ചലച്ചിത്രമേളകളിലെ സ്ത്രീ പങ്കാളിത്തക്കുറവ്. സ്ത്രീകൾ അനുവാദത്തിനു കാത്തു നില്ക്കാതെയും അവസരങ്ങൾക്ക് കീഴ്വഴങ്ങാതെയും പങ്കെടുത്ത് പുതുമണ്ഡലത്തിലേക്ക് കാലെടുത്തു വെക്കേണ്ട കാലമായി. മാത്രമല്ല അതിൽ പങ്കെടുക്കുന്നവരെങ്കിലും വീട്ടിലെ സ്ത്രീകളെ പങ്കെടുപ്പിച്ചാൽ ചലച്ചിത്രമേളകൾ ആൺമേളകളുടെ പട്ടികയിലേക്ക് കടന്നു വരാതിരിക്കും.



**ജൂലിയ ഡേവിഡ്**
*എറണാകുളം മഹാരാജാസ്*
*കോളേജിൽ മലയാളവിഭാഗം*
*അദ്ധ്യാപിക*



# തിരണ്ടിരിക്കുമ്പോൾ

ഉടലിൽ
തിരകളടിച്ചു കയറുന്നത്
ചെറു ചെറു ഭൂകമ്പങ്ങൾക്കൊടുവിലാണ്.
അതിനു മുമ്പേ
കടലിലൊരു കുടിൽ കെട്ടി
ഇരമ്പിയാർത്ത്
ഒഴുകാറുണ്ട്.
ഒഴുക്കു നിലച്ച കണ്ണുകളിൽ
ഇരുട്ട് കയ്ക്കുന്നത്
അതും കഴിഞ്ഞാണ്.

തിരശ്ശീലയില്ലാതെ
നാടകം തുടങ്ങുന്നത്
വെള്ളിപ്പൂകകളുടെ
മറവിലാണ്.
മറവിലിരുന്ന്
ഓർമ്മകൾ ചുവക്കുന്നത്
ഇടതു ചെവിക്കരികിലൂടാണ്.
ചെവിയിറങ്ങിയൊഴുകിയത്
ഈയക്കടലാണ്.
തിരണ്ടിരിക്കുന്നത്
ഇങ്ങനെ
പലതാണ്.

രാസക്കടലുകൾ
ദൂരെയൊഴിഞ്ഞ്
കരവിട്ടകന്നിരിപ്പാണ്.
ചുവന്ന അലുക്കുകൾ
മിന്നുന്ന തിരപ്പാവാടകളിൽ
ചേർത്തു വച്ചിട്ടുണ്ട്.

ഈയലുകൾ
കടൽക്കമ്പികളിലെ
ഇല്ലാത്ത വെളിച്ചത്തിനു
ചുറ്റി പാറിപ്പറക്കുന്നുണ്ട്.
ചിറകു പൊഴിഞ്ഞ്
ഇഴഞ്ഞു നീങ്ങുമ്പോൾ
കരയിലൊരാൾക്കൂട്ടം
പടമെടുത്ത് നില്പാണ്.

കടൽവെള്ളം
ആഞ്ഞു തുപ്പി
തിരിച്ചു കരകയറുന്നത്
തിരണ്ടിരിക്കുന്ന
വാരത്തിനൊടുവിലാണ്.

## ക്ഷമാപണം

കഴിഞ്ഞ ലക്കത്തിൽ ഈ ലേഖനം അപൂർണ്ണമായി ചേർത്തു പോയതിൽ ഖേദിക്കുന്നു. പൂർണ്ണരൂപം പുന:പ്രസിദ്ധീകരിക്കുന്നു.



# ഞാൻ എന്ന സ്ത്രീ

**ഗീത**

*എഴുത്തുകാരി*

സ്ത്രീവാദി എന്ന വാക്കിനു മുമ്പ് എന്റെ ജീവിതത്തെയും ബോധങ്ങളെയും ഇളക്കിമറിച്ചത് പെണ്ണെഴുത്തു വാദമായിരുന്നു എന്നതാണ് സത്യം . പട്ടാമ്പി കോളേജിലെ 'മാനുഷി'ക്കാലത്തെ തൊട്ടും വിട്ടും സഞ്ചരിച്ച ഒരു തലമുറയുടെ പ്രതിനിധിയെന്ന നിലക്ക് ജീവിതമാകെ കീഴ്മേൽ മറിഞ്ഞ ചരിത്രസന്ദർഭം തന്നെയായിരുന്നു അത്. ഞാൻ ഗീത എന്ന കേവല വ്യക്തിയായിരിക്കുക എന്നതു തന്നെ ഒരു പ്രതിബദ്ധരാഷ്ട്രീയ പ്രവർത്തനമാണെന്ന തിരിച്ചറിവിലേക്കെത്തുന്നത് ആ കാലത്തു തന്നെയായിരുന്നു. അന്നോളമറിഞ്ഞതും ധരിച്ചതുമൊന്നും അതായിരുന്നില്ല. കുടുംബം സമൂഹം രാഷ്ട്രം എന്നിവയുടെ സംഘസ്വഭാവത്തോടനുബന്ധിച്ചു മാത്രം നില്നിൽക്കുന്ന ഒരു സ്വത്വം മാത്രമായിരുന്നു ഞാൻ എന്ന സ്ത്രീ.അവൾക്ക് സ്വന്തമായ നിലനില്പും വ്യക്തിത്വവും മാത്രമല്ല സ്വാഭിമാനവും സാധ്യമാണ്. എന്റെ വ്യക്തി ബന്ധങ്ങളും കുടുംബ ബന്ധങ്ങളും രാഷ്ട്രീയമാണ്, അവയോടുള്ള കലാപങ്ങൾ രാഷ്ട്രീയ പ്രവർത്തനമാണ് എന്നതൊന്നും മൂന്ന് പതിറ്റാണ്ടു മുമ്പ് ഒരു സ്ത്രീക്ക് നിസ്സാര തിരിച്ചറിവുകളോ അനുഭവങ്ങളോ ആയിരുന്നില്ല.

അത്തരമൊരു തിരിച്ചറിവ് ഒരു പെണ്ണിന്റെ സമസ്ത ലോകങ്ങളെയും മാറ്റിത്തീർക്കും. അന്നോളം അവൾ കണ്ട സിനിമയല്ല പിന്നീടവൾ കാണുന്നത് , അന്നോളം വായിച്ച സാഹിത്യമല്ല പിന്നീടവൾ വായിക്കുന്നത്, അന്നോളം ആസ്വദിച്ച കഥകളിയും നൃത്തങ്ങളും സംഗീതവും ചിത്രങ്ങളുമല്ല പിന്നീടവൾ തെരഞ്ഞെടുക്കുന്നത്. എന്തിനധികം എല്ലാം മാറിക്കഴിഞ്ഞു. സംവേദനഭാവുകത്വങ്ങൾ മറ്റൊന്നായി.

മാത്രമല്ല ജീവിതം, ബന്ധങ്ങൾ എല്ലാം അവൾ പുനർനിർണ്ണയിച്ചു തുടങ്ങുന്നു. പുരികക്കൊടികൾ ഒന്നുയർത്തി നേരെ നോക്കി എന്തേ ആരാ എന്നൊക്കെ അവൾ ഉറപ്പിച്ചു ചോദിച്ചു തുടങ്ങുന്നു. ചിലത് വേണ്ട, മതി, അരുത് എന്നൊക്കെപ്പറഞ്ഞും തുടങ്ങുന്നു. അതോടെ അവൾ അഹങ്കാരിയും ധിക്കാരിയുമായി മാറുന്നു. അധിക്ഷേപസ്വരത്തിൽ അധികാരിയായ പുരുഷൻ അവളോടു ചോദിക്കുന്നു, നീ ഫെമിനിസ്റ്റാണോ ?! രണ്ടാം ലോകമഹായുദ്ധകാലത്ത് ലോകത്താകമാനമുള്ള പ്രതികരിക്കുന്ന യുവാക്കൾ അഭിമുഖീകരിക്കേണ്ടി വന്ന അക്രമോത്സുകമായ ആക്രോശം നീ കമ്യൂണിസ്റ്റാണോടാ എന്നായിരുന്നുവല്ലോ . തത്തുല്യമായ ഒരാക്രമണമാണ് സ്വത്വബോധത്തിലേക്കുണരാൻ തുടങ്ങിയ കേരളീയസ്ത്രീകൾ എൺപതുകളുടെ ഉത്തരാർദ്ധത്തോടെ കേട്ടു തുടങ്ങിയത്.

ആദ്യമാദ്യം 'അതെ, ഞാൻ ഫെമിനിസ്റ്റു തന്നെ' എന്നു പറയാൻ സങ്കോചിച്ചിരുന്ന സ്ത്രീകൾ ക്രമേണ 'അതെ, ഞാൻ ഫെമിനിസ്റ്റാണ് ' എന്നും പിന്നീട് 'നിങ്ങളും ഫെമിനിസ്റ്റാവു ' എന്നും ഉറച്ചു പറഞ്ഞു. അതോടെ വീണ്ടും സംഗതികൾ കീഴ്മേൽ മറിഞ്ഞു. 'ഇതൊന്നുമല്ല യഥാർത്ഥ ഫെമിനിസം ഞങ്ങൾ പഠിപ്പിച്ചു തരാം' എന്ന് ആണുങ്ങൾ . സ്ത്രീവാദത്തിന്റെയും സ്ത്രീസ്വാതന്ത്ര്യത്തിന്റെയും മേൽവിലാസമുപയോഗിച്ചു തന്നെ തങ്ങൾക്കനുകൂലരും വിധേയരുമായ സ്ത്രീകളെ ഉണ്ടാക്കിയെടുക്കാൻ ആണധികാരത്തിനു സാധിച്ചു. മാത്രമല്ല ആ ദൃശ്യത നല്ല വിപണിസാധ്യതയുമായി മാറി. ഇതിനോടു ചെറുത്തുനിന്നവരെ ഓരത്താക്കിക്കൊണ്ട് വിധേയസ്ത്രീകളുടെ ദൃശ്യത വ്യവസ്ഥകളോടു കലഹിച്ചു നിവർന്നുവന്ന സ്ത്രീവാദം അന്ധമായ പുരുഷ വിരോധമാണെന്നും അത് അപകടകരമാണെന്നുമുള്ള ധാരണ രൂഢമൂലമാക്കാൻ സമീപകാലത്ത് നവ മുതലാളിത്ത ആണധികാരത്തിനു സാധിച്ചു.

ഇത്തരമൊരു പ്രതിസന്ധി ഘട്ടത്തിലൂടെയാണ് കേരളത്തിലെ മറ്റേതു സ്ത്രീവാദിയെയും പോലെ ഞാനും കടന്നു പോയിക്കൊണ്ടിരിക്കുന്നത്. നിന്ദയും അപവാദപ്രചരണങ്ങളും ആക്രോശങ്ങളുമായി ആൺകൂട്ടം പുറകെയല്ല, ഒപ്പം തന്നെയുണ്ട്. പക്ഷേ എനിക്കുറപ്പുണ്ട് പുതു ലോകത്തെ പണിഞ്ഞു കൊണ്ട് യഥാർഥ സ്ത്രീവാദികളായ മക്കൾ - ആണോ പെണ്ണോ ടിജിയോ ആകട്ടെ - ഉണ്ടായി വരിക തന്നെ ചെയ്യും.

ആൺ-പെൺ , നല്ലവൾ - ചീത്തവൾ എന്നു വേണ്ട സർവ ദ്വന്ദ്വങ്ങളെയും നിരാകരിച്ചു കൊണ്ടു മാത്രമേ സ്ത്രീവാദത്തിനു പ്രവർത്തനനിരതമാകാൻ കഴിയൂ. അങ്ങനെയൊരു ദ്വന്ദ്വനിരാസത്തിന്റെ കൂടി കാലമാണ് വന്നുകൊണ്ടിരിക്കുന്നത്. സർവവ്യവസ്ഥകളെയും സ്ഥാപനങ്ങളെയും ജനാധിപത്യവത്കരിക്കുന്ന ആ മഹത് പ്രക്രിയയിൽ പങ്കാളിയാവുകയല്ലാതെ എനിക്കു മറ്റൊന്നും ചെയ്യാനില്ല .ആയതിനാൽ ഇതുമായി ബന്ധപ്പെട്ട നുണപ്രചരണങ്ങളെ ആ നിലയ്ക്കു തള്ളിക്കളയാനും അക്രമോത്സുകതയെ നേരിടാനും എനിക്കു ചരിത്രപരമായ ബാധ്യതയുണ്ട് എന്നു തന്നെ ഞാൻ കരുതുന്നു. ചരിത്രമെന്നത് മുന്നിലേക്കും പിന്നിലേക്കും ഒറ്റനോക്കിൽ കാണുകയോ അളക്കുകയോ ചെയ്യാവുന്ന കേവല വർഷക്കണക്കല്ലല്ലോ. അതിന് വലിയൊരു രാഷ്ട്രീയമുണ്ട്. ആ രാഷ്ട്രീയത്തിൽ ഇടപെടുക മാത്രമേ ഒരു സ്ത്രീവാദിയെന്ന നിലക്ക് എനിക്ക് ചെയ്യാനുള്ളൂ.



**ദിവ്യ എൻ.**
*(ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയിലെ മുൻഗവേഷകയും ഇപ്പോൾ തൃശ്ശൂർ ശ്രീ കേരളവർമ്മ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപികയുമാണ് )*



# ഒരു നക്ഷത്രം പാടുമ്പോൾ : സസ്നേഹം നന്ദിതയ്ക്ക്

ജനുവരി പതിനേഴ് നന്ദിത കെ എസ് എന്ന നമ്മുടെ പ്രിയപ്പെട്ട കവയത്രിയുടെ ചരമദിനമാണ്. സർഗാത്മകതയുടെ സ്നേഹസ്പർശത്തിലിന്നും ചില ഒറ്റനക്ഷത്രങ്ങൾ തിളങ്ങുന്നു. ഏകാന്തതയുടെ ജലമർമ്മരങ്ങളിലെവിടെയോ തങ്ങളുടെ സ്വപ്നനഗരത്തിലൂടെ സഞ്ചരിച്ച ഏകാകിനികളായ എഴുത്തുക്കാരികളുടെ അടർന്നു പോയ വരികൾ പ്രകാശിച്ചിരുന്നു.മരണാനന്തരം ആഘോഷിക്കപ്പെട്ട ഒരുപാട് എഴുത്തുകാരികൾ എന്തേ ജീവിച്ചിരിക്കുമ്പോൾ  അംഗീകരിക്കപ്പെട്ടില്ല അല്ലെങ്കിൽ സാഹിത്യ സൃഷ്ടിയുടെ മുൻപന്തിയിൽ വന്നിട്ടില്ലെന്ന് പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ഒരു കാലഘട്ടത്തിൽ ശക്തമായി എഴുതുകയും പിന്നീട് സ്ത്രീയെന്ന നിലയിൽ ഏറ്റെടുക്കേണ്ടി വന്ന പ്രാരാബ്ധങ്ങളും ചുമതലകളും കാരണം സർഗാത്മകതയുടെ വിസ്മൃതിയിലേക്ക് ആണ്ടു പോകുകയും ചെയ്ത് എഴുത്തുകാരികളും നമുക്ക് ധാരാളം ഉണ്ട്. മുഖ്യാധാരാ എഴുത്തുക്കാരെ വിസ്മയിപ്പിക്കുന്ന സർഗപ്രതിഭ ഇവരിൽ പലരുടെ രചനകളിലും നമുക്ക് കാണാം. തോമസ് ഗ്രേ തന്റെ The Elegy written in a country churchyard എന്ന കവിതയിൽ വിശേഷിപ്പിച്ച പോലെ ഇവരിൽ ചിലരെങ്കിലും ‘mute inglorious Miltons’ അല്ലെങ്കിൽ ശക്തമായ സർഗപ്രതിഭ ഉണ്ടായിട്ടും അതിനെ പ്രശസ്തിയുടെ വെള്ളി വെളിച്ചത്തിലേക്ക് കൊണ്ട് വരാൻ അമിതമായി ആഗ്രഹിക്കാത്തവരാണ്. മരണവുമായി തീർത്ത സൗഹൃദത്തിൽ കാലയവനികയ്ക്ക് പിന്നിൽ മറഞ്ഞ പ്രശസ്തരുമല്ലാത്തവരുമായ എഴുത്തുക്കാരികൾ മലയാള സാഹിത്യത്തിൽ ഉണ്ട്. ഇവരിൽ പലരും നേരിട്ട ഏറ്റവും വലിയ വെല്ലുവിളി ഒരു പക്ഷേ എസ് ശാരദക്കുട്ടി “സ്ത്രീ സ്വന്തം ജീവിതമെഴുതുമ്പോൾ” എന്ന ലേഖനത്തിൽ പറഞ്ഞത് പോലെ ’ സ്ത്രീയായിരിക്കുന്നത് ഒരു തെറ്റാണെന്നും ഏകയായ സ്ത്രീയാവുക എന്നത് അതിലും വലിയ തെറ്റാണെന്നും ഏകയും തന്റേടിയും ബുദ്ധിമതിയുമായ സ്ത്രീയാവുക ഏറ്റവും വലിയ തെറ്റാണെന്നും മൂല്യ നിർണ്ണയം



നടത്തുന്ന ഒരു സമൂഹത്തിൽ സ്ത്രീക്ക് സ്വത്വാവിഷ്ക്കാരം പുരുഷന്റെയത്ര എളുപ്പമല്ല" എന്നതുമായിരിക്കാം. ആയിരത്തിത്തൊളായിരത്തി അറുപത്തി ഒൻപതു മെയ് ഇരുപത്തി ഒന്നിന് വയനാട് മടക്കി മലയിൽ ജനിച്ച നന്ദിത.കെ. എസിന്റെ രചനകൾ ഇന്നും ആരാധകർക്ക് ഒരു വിസ്മയമാണ്. ആരെയും അതിശയിപ്പിക്കുന്ന രീതിയിൽ ബഹിർമുഖയെന്ന് പലപ്പോഴും മറ്റുള്ളവരെ തോന്നിക്കുകയും എന്നാൽ ഉള്ളിൽ സർഗാത്മകത ഒളിപ്പിച്ചു വച്ച് നടക്കുകയും ചെയ്തിരുന്ന നന്ദിതയുടെ ജീവിതവും കവിതകളും ഇന്നും ഒരു പ്രഹേളികയായി തുടരുന്നു.

ഡോ.എം. എം.ബഷീർ നന്ദിതയുടെ കവിതകൾക്ക് എഴുതിയ "ചിതയിലെരിയുന്ന മനസ്സ്" എന്ന ലേഖനത്തിൽ നന്ദിത കവിതയിലൂടെ "ആത്മഹർഷം മാത്രം അഭിലഷിച്ചു. കവിതകൾ മറ്റാരെയും കാട്ടാതെ , പ്രസിദ്ധീകരണത്തിനു നൽകാതെ, പ്രശസ്തി മോഹം അശേഷമില്ലാതെ സ്വന്തം ഡയറികളിൽ ഒളിപിച്ചുവെച്ചതിന് മറ്റൊരുത്തരമില്ല. സ്വന്തം പ്രേമം പോലെ കവിതയും സ്വകാര്യമായ അനുഭൂതിയായും ഹർഷോന്മാദമായും ആ പെൺകുട്ടി കരുതി" എന്ന് രേഖപെടുത്തുന്നു. "നേർത്ത വിരലുകൾ കൊണ്ട് ആത്മാവിനെ തൊട്ടുണർത്താൻ ഇന്ദ്രിയങ്ങൾക്കപ്പുറത്തു നിന്നും ഒരു സ്വപ്നം പോലെ ഇനി നിനക്ക് കടന്നു വരാം" എന്ന് നന്ദിത എഴുതുമ്പോൾ സ്നേഹത്തിൻറെ നനുത്ത വിരൽ സ്പർശത്തിനു കാതോർക്കുന്ന എഴുത്തുക്കാരിയെ നമുക്ക് അവിടെ കാണാൻ സാധിക്കുന്നു. സ്നേഹവും വേർപാടും മനോഹരവും ശക്തവുമായി ചിത്രീകരിച്ച അപൂർവ്വം എഴുത്തുകാരികളിൽ ഒരാളാണ് നന്ദിത . നന്ദിത മരണത്തെയും പ്രണയത്തെയും ഒരു പോലെ സ്നേഹിച്ചെന്നു നന്ദിതയുടെ കവിതകൾ വായിച്ചവർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും ജീവിതത്തിലെ പരുഷയാഥാർത്ഥ്യങ്ങൾ ആണ് അവരെ മരണത്തിന്റെ സ്വീകാര്യതയെ കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചത് എന്ന് വിശ്വസിക്കുന്ന ധാരാളം വായനക്കാരും ഉണ്ട്. നന്ദിതയുടെ കവിതകളിലെ മരണത്തിനെന്നും യാത്രയുടെ രൂപകം ആയിരുന്നു. നീണ്ട യാത്രയുടെ ആരംഭത്തിൽ/ കടിഞ്ഞാണില്ലാത്ത കുതിരകൾ കുതിക്കുന്നു/ തീക്കൂനയിൽ ചവുട്ടി വേവുന്നു, ഇനി നമ്മളെങ്ങോട്ടുപോകാൻ...?" എന്ന നന്ദിതയുടെ വരികളിൽ ദിശ നഷ്ടപ്പെട്ട മനുഷ്യരുടെ അസ്തിത്വവ്യഥ തുടിക്കുന്നു. ശക്തമായ അന്തർമുഖത്തിന്റെ ആവരണം നന്ദിതയുടെ കവിതകളിൽ നമുക്ക് കാണാം സ്വന്തം ആത്മാവിലേക്കുള്ള അന്വേഷണങ്ങൾ ആയിരിക്കും ഒരു പക്ഷെ വരികളായി നന്ദിതയുടെ തൂലിക തുമ്പിൽ നിന്ന് വീണത് .' ഇനിയെന്റെ യാത്ര, കാലങ്ങൾക്കപ്പുറം ശിരസറ്റു/ ജനനിയുടെ ഗർഭപാത്രത്തിലേക്ക്" എന്നു നന്ദിത കുറിക്കുമ്പോൾ മരണം ഒരു തിരിച്ചു പോക്ക് കൂടിയായി മാറുന്നു. എപ്പോഴോ എഴുതിയ ' വഴിയേറെ ഇനിയും പോകേണ്ടിയിരിക്കുന്നു" എന്ന വരിയിലൊരു ജീവിത കാമന ഒളിഞ്ഞിരിപ്പുണ്ട്. ഡോ എം എം ബഷീർ നന്ദിതയുടെ കവിതകൾക്ക് എഴുതിയ "ചിതയിലെരിയുന്ന മനസ്സ്" എന്ന ലേഖനത്തിൽ "നന്ദിതയ്ക്ക് സാധാരണയിൽ കവിഞ്ഞ കവിത്വശക്തിയുണ്ടായിരുന്നു. അവൾ സ്വന്തം ജീവിതാനുഭവങ്ങളെ കാവ്യബിംബങ്ങളായി പരിവർത്തിപ്പിച്ചു" എന്ന് അഭിപ്രായപ്പെടുന്നു.

ചങ്ങമ്പുഴയുടെയും ഇടപ്പള്ളി രാഘവൻ പിള്ളയുടെയുമോക്കെ രചനകളിലുള്ളത് പോലെ , ഒരിക്കലും സ്നേഹവും ആശ്വാസവും നൽകാത്ത ഒരു ലോകത്തിനോടുള്ള എതിർപ്പ് നന്ദിതയുടെ കവിതകളിൽ നമുക്ക് കാണാം "നിന്റെ മൂഢതയോർത്ത്/ ലോകം അട്ടഹസിക്കുന്നു;/ നിന്നെ ഭ്രാന്തിയെന്ന് വിളിക്കുന്നു" എന്ന വരികളിൽ ചുറ്റുമുള്ള ലോകത്തിന്റെ ക്രൂരമായ പെരുമാറ്റം നിഴലിക്കുന്നു . "എന്റെ ജന്മദിനം എന്നെ അസ്വസ്ഥയാക്കുന്നു" എന്ന് പറയുന്ന കവയത്രി തന്റെ ജീവിത വിരക്തി നമുക്ക് കാണിച്ചു തരുന്നു. ജീവിതത്തിലെ കയ്പ്പേറിയ അനുഭവങ്ങൾക്കിടയിൽ തൂലിക കവയത്രിക്ക് ഒരാശ്വാസമാകുന്നു.

" തീയായിരുന്നു നിന്റെ തുളികത്തുമ്പിൽ" എന്ന് പറഞ്ഞ കവയത്രി പിന്നീട് തിരഞ്ഞതും അതേ തൂലികയ്ക്ക് വേണ്ടിയായിരുന്നു. "ഒടുവിൽ, പഴയ

**"നേർത്ത വിരലുകൾ കൊണ്ട് ആത്മാവിനെ തൊട്ടുണർത്താൻ ഇന്ദ്രിയങ്ങൾക്കപ്പുറത്തു നിന്നും ഒരു സ്വപ്നം പോലെ ഇനി നിനക്ക് കടന്നു വരാം" എന്ന് നന്ദിത എഴുതുമ്പോൾ സ്നേഹത്തിൻറെ നനുത്ത വിരൽ സ്പർശത്തിനു കാതോർക്കുന്ന എഴുത്തുക്കാരിയെ നമുക്ക് അവിടെ കാണാൻ സാധിക്കുന്നു. സ്നേഹവും വേർപാടും മനോഹരവും ശക്തവുമായി ചിത്രീകരിച്ച അപൂർവ്വം എഴുത്തുകാരികളിൽ ഒരാളാണ് നന്ദിത**

പുസ്തകകെട്ടുകൾക്കിടയ്ക്കു നിന്ന്/ ഞാനാ തൂലിക കണ്ടെടുത്തപ്പോൾ/ അതിന്റെ തുമ്പിലെ അഗ്നി കെട്ടുപോയിരുന്നു!" എന്ന് വേദനയോടെ പറയുന്നു. "എന്റെ ഗുൽമോഹർ പൂക്കാതെ കാത്തിരിക്കുന്നു/ നീയിനിയുമെത്താത്തതെന്തേ" എന്ന നന്ദിതയുടെ വരികളിലെവിടെയോ ഒരു നഷ്ടപ്രണയം തുളുമ്പുന്നു. "നിലാവിലുതിർന്ന അഗ്നിപുഷ്പങ്ങൾ പെറുക്കാൻ പോകാമെന്ന്" മോഹിക്കുന്ന കവയത്രി ഉള്ളിലൊരു സ്നേഹത്തിന്റെ തിരിനാളം അണയാതെ സൂക്ഷിക്കുന്നു. സ്വപ്നങ്ങളും സാഗരവും അഗ്നിയും ചിത്രങ്ങളായി നന്ദിതയുടെ കവിതകളിൽ തുടിക്കുന്നു. ' നിന്നെത്തേടിയൊരു ജ്വലിക്കുന്ന അശ്വമെത്തുമെന്ന്/ ഇരുളിനുമപ്പുറത്ത് നിന്നെത്തുന്ന കുളമ്പൊച്ചയും,/ കിഴക്ക് പടരുന്ന അഗ്നിയുമെന്നോട് പറയുന്നു" എന്ന് നന്ദിത എഴുതിയത് വായിക്കുമ്പോൾ ദി ഹൈവേ മാൻ എന്ന ആൽഫ്രഡ് നോയസിന്റെ ഇംഗ്ലീഷ് കവിത മനസ്സിലേക്കെത്തുന്നു. "നിന്നെ മറക്കുകയെന്നാൽ മൃതിയാണെന്ന്" പറയുമ്പോൾ കവയത്രി ഓർമ്മയുടെ ജീവിതസ്പർശത്തിൽ നിന്ന് താൻ പതിയെ അകലുകയാണെന്ന് ചിന്തിക്കുന്ന പോലെ വായനക്കാർക്ക് തോന്നുന്നു. നന്ദിതയുടെ അവസാനം രചിക്കപ്പെട്ടത് എന്ന് കരുതുന്ന കവിതകളിൽ ശക്തമായ മൃത്യുബോധം തുടിക്കുന്നു. ആംഗലേയ സാഹിത്യത്തിൽ എമിലി ഡിക്കിന്സനും സിൽവിയാ പ്ലാത്തും എഴുതിയ പോലെ അത്യന്തം മനോഹരവും തീക്ഷ്ണവുമായ കവിതകൾ മലയാളത്തിൽ നന്ദിതയും എഴുതിയിട്ടുണ്ട്. നന്ദിത തന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ എഴുതിയ കവിതകളിൽ ' ഉടയുന്ന കുപ്പിവളകൾ ', 'മായുന്ന സിന്ദൂരം' എന്നിവയൊക്കെ ബിംബങ്ങളായി പ്രത്യക്ഷപ്പെടുന്നു. 'ഞാൻ വീണ്ടും ഒറ്റയാവുന്നു' എന്ന് കവയത്രിയുടെ വാക്കുകളിൽ നമുക്ക് ആയിരത്തിത്തൊളായിരത്തി തൊണ്ണൂറ്റി ഒൻപത് ജനുവരി പതിനേഴിന് അസ്തമിച്ച ഒരു പെൺസൂര്യനെ ദർശിക്കാം. ചില നക്ഷത്രങ്ങൾ എന്നും നമ്മുടെ ഓർമ്മയുടെ ആകാശത്തിൽ ഏകാന്ത താരകങ്ങളായി പ്രകാശം പരത്തി കൊണ്ടിരിക്കും.




## അഭിനന്ദനങ്ങൾ

ഈ വർഷത്തെ മാതൃഭൂമി ഷീ പുരസ്ക്കാരം നേടിയ വയനാട് വെള്ളമുണ്ട സ്വദേശിയായ കുംഭ. മൂന്നാം വയസ്സിൽ രണ്ട് കാലുകളും തളർന്ന് പോയ ഇവർ തന്റെ വൈകല്യങ്ങൾ വക വെക്കാതെ ഇപ്പോഴും മണ്ണിൽ അദ്ധ്വാനിച്ച് ജീവിക്കുന്നു. വർഷങ്ങൾക്ക് മുമ്പ് സ്തനാർബുദത്തിന്റെ രൂപത്തിൽ വിധി പിന്നെയും പരീക്ഷിക്കാനെത്തിയപ്പോഴും തോറ്റ് കൊടുത്തില്ല ഈ ധീരവനിത. ഇപ്പോൾ 68 വയസ്സായ ഇവർ ഈ പുരസ്ക്കാരത്തിന് തികച്ചും അർഹയാണ്.

# ആദരാഞ്ജലി



## വിന്നി മണ്ടേല

ദക്ഷിണാഫ്രിക്കയുടെ വിമോചന നായിക വിന്നി മണ്ടേല (81) ഏപ്രിൽ 2ാം തിയ്യതി അന്തരിച്ചു.... വർണ്ണവിവേചനത്തിനെതിരെയുള്ള പോരാട്ടത്തിൽ മണ്ടേലയോടൊപ്പം ഉറച്ചുനിന്ന ഇവരെ പുതിയ ദക്ഷിണാഫ്രിക്കയുടെ മാതാവ് എന്നാണു വിശേഷിപ്പിച്ചിരുന്നത്. ദക്ഷിണാഫ്രിക്കയിലെ വംശീയ ഭരണത്തിനെതിരെ പോരാടിയ വിന്നി പല തവണ ജയിലിലടക്കപ്പെടുകയും ഏകാന്തതടവ് അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. 1994ൽ വർണ്ണവിവേചനത്തിന് അവസാനമുണ്ടായ ശേഷം ദക്ഷിണാഫ്രിക്കയിലെ പാർലമെന്റ് അംഗം, മന്ത്രി, ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ വനിതാവിഭാഗം നേതാവ് എന്നീ നിലകളിൽ അവർ പ്രവർത്തിച്ചു.

## ക്ഷമാപണം

കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച ശ്രീരേഖയുടെ ലേഖനത്തിന്റെ തലക്കെട്ട് 'ഫെമിനിസത്തിന്റെ തനിനിറം' എന്ന് തിരുത്തി വായിക്കാൻ അപേക്ഷ.ലേഖനത്തോടൊപ്പം വ്യക്തിപരമായ ഫോട്ടോ പ്രസിദ്ധീകരിച്ചു പോയതിൽ അകമഴിഞ്ഞ് ഖേദിക്കുന്നു.


ചർച്ചാവിഷയം

ശ്രീരേഖ
വർജീനിയ സർവ്വകലാശാലയി
അദ്ധ്യാപിക

മതസ്വത്വം
ജാതിസ്വത്വം
സ്വത്വം

കവിത

വി.എൻ. നിഷ, പയ്യനെടം


# പ്രണയമരം

ജോസഫ്.......
ഖിന്നനായിരുന്നു ...
ഖസാക്കിലെ രവിയേപ്പോലെ ...
വിഷാദം മുറ്റിയ കണ്ണുകളുമായി
അഗമ്യഗമനം നടത്തുന്നവൻ....
വിഷസ്വപ്നങ്ങളിലേക്ക്... നിശബ്ദമായി .......
ഇരകളെ ആകർഷിച്ചവൻ.
മരണത്തിലേക്കെന്നപോലെ.....

മാധവൻ ........
പുല്ലാങ്കുഴലിന്റെ നാദത്തെ
ഒരൊറ്റകാലത്തിലേക്ക്..... ആവാഹിച്ചവൻ.
ഒരേ വീഞ്ഞ്
പലചഷകങ്ങളിലായ്...
മടുപ്പില്ലാതെ പകർന്നവൻ...
ഒരേയൊരു മാധവൻ
അനേകം മീരമാർ........

ബുദ്ധൻ........
സ്നേഹത്താൽ...
നനച്ച് .....
എന്നെ വേദനിപ്പിക്കുന്നവൻ.......
ഉമ്മകൾകൊണ്ട്...... പൊള്ളിക്കുന്നവൻ..

ഉപ്പുപരലുകളേപ്പോൽ..
നീറ്റുന്നവൻ.
ഒടുങ്ങാത്ത പ്രണയത്തിരമാലകൾ...
സമ്മാനിച്ച .........
എന്റെ മഹാമൗനത്തിന്റെ ബോധി



ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# വിസ്മയ ഹോക്കിങ്–

**കേം**ബ്രിജിൽ ഗവേഷണം നടത്തുന്നതിനിടയിൽ പെട്ടെന്നുണ്ടാവുന്ന തളർച്ചയുടെയും കുഴഞ്ഞുവീഴലിന്റെയും കാരണമറിയാനായി ഡോക്റ്ററെ സമീപിച്ചതായിരുന്നു ആ യുവാവ്. വിശദമായ പരിശോധനയ്ക്കൊടുവിൽ ഡോക്റ്റർമാർക്ക് ആ യുവാവിനോട് പറയാനുണ്ടായിരുന്നത് ഒട്ടും സുഖകരമായ വാർത്തയായിരുന്നില്ല. ചലനശേഷിയും സംസാരശേഷിയും നഷ്ടപ്പെടുത്തുന്ന അമിയോട്രോപ്പിക് ലാറ്ററൽ സ്ക്ലീറോസിസ് എന്ന അസുഖം.അവശേഷിക്കുന്നതാവട്ടെ വെറും രണ്ടു വർഷത്തെ ആയുസ്സും. എന്നാൽ ഇതു കേട്ടിട്ടും വെറും ഇരുപത്തിരണ്ട് വർഷം മാത്രം പ്രായമുണ്ടായിരുന്ന ആ യുവാവ് കുലുങ്ങിയില്ല. ആത്മവിശ്വാസം കൊണ്ട് രോഗത്തോട് പൊരുതുകയും പരിമിതികളെ അതിജീവിച്ചുകൊണ്ട് ശാസ്ത്രവിസ്മയങ്ങൾ കൈയെത്തിപ്പിടിക്കുകയും ചെയ്ത ആ വിസ്മയം സ്റ്റീഫൻ ഹോക്കിങ് തന്നെ. ഇക്കഴിഞ്ഞ മാർച്ച് 14 ന് സ്റ്റീഫൻ ഹോക്കിങ് നമ്മോടു വിട പറഞ്ഞെങ്കിലും ആ മനുഷ്യൻ പകർന്നു തന്ന പ്രത്യാശയുടെയും ആത്മവിശ്വാസത്തിന്റെയും വെളിച്ചം എന്നും നിലനിൽക്കും.

1942 ജനുവരി 8 ന് ഇംഗ്ലണ്ടിലെ ഓക ്സ്ഫഡിൽ ഫ്രാങ്ക് ഹോക്കിങ്ങിന്റെയും ഇസബെല്ലിന്റെയും മകനായാണ് സ്റ്റീഫൻ ഹോക്കിങ്ങിന്റെ ജനനം. കുട്ടിക്കാലത്ത് മറ്റുകുട്ടികളെപ്പോലെ ഓടിച്ചാടി നടക്കുകയും യാത്രചെയ്യാനിഷ്ടപ്പെടുകയുമൊക്കെ ചെയ്ത കുട്ടിയായിരുന്നു ഹോക്കിങ്. സ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഊർജതന്ത്രം പഠിക്കാനായി ഓക്സ്ഫഡ് സർവ്വകലാശാലയിലും തുടർന്ന് ഗവേഷണത്തിനായി കേംബ്രിജിലും ചേർന്നു. ആ സമയത്താണ് രോഗം പിടിമുറുക്കുന്നത്. ഇരുപത്തിനാലു വയസ്സിനപ്പുറം ജീവിച്ചിരിക്കില്ലെന്ന് ഡോക്റ്റർമാർ വിധിയെഴുതിയെങ്കിലും അതിനു മുന്നിൽ തോൽക്കാൻ ഹോക്കിങ് തയ്യാറായില്ല. ആദ്യം വാക്കിങ് സ്റ്റിക്കിലേക്കും മുപ്പതു വയസിനു മുന്നേ വീൽ ചെയറിലേക്കും ജീവിതം ഒതുക്കപ്പെട്ടപ്പോഴും തനിക്ക് മനസ്സുകൊണ്ട് മറ്റാരെക്കാളും വേഗത്തിൽ സഞ്ചരിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ഹോക്കിങ്ങിനു തുണയായി. സൈദ്ധാന്തിക ഭൗതികത്തിലും പ്രപഞ്ചശാസ്ത്രത്തിലും വിസ്മയങ്ങൾ വിരിയിക്കുകയും ആൽബർട്ട് ഐൻസ്റ്റൈനു ശേഷം ലോകം കണ്ട പ്രതിഭാശാലി എന്ന് പേരെടുക്കുകയും ചെയ്തു.

പഠനകാലത്ത് കേംബ്രിജിൽ വച്ചു പരിചയപ്പെട്ട ജെയിൻ വൈൽഡിനെയാണ് ഹോക്കിങ് വിവാഹം കഴിച്ചത്. എല്ലാ അർഥത്തിലും ഹോക്കിങ്ങിനു താങ്ങും തണലുമായി ജെയിൻ. ഹോക്കിങ്ങിന്റെ പല സിദ്ധാന്തങ്ങളും അതിഗഹനവും സാധാരണക്കാർക്ക് മനസ്സിലാക്കാൻ പ്രയാസവും ആണെങ്കിലും സാധാരണക്കാർക്ക് മനസ്സിലാവുന്ന വിധത്തിൽ ശാസ്ത്രതത്വങ്ങൾ വിശദീകരിക്കാനും അദ്ദേഹം ശ്രമിച്ചിരുന്നു. ഒടുവിൽ ചലനശേഷിക്കൊപ്പം സംസാരശേഷിയും നഷ്ടപ്പെട്ട് മുഖപേശികളുടെ നേരിയ ചലനം മാത്രം അവശേഷിക്കുന്ന സ്ഥിതിയിൽ എത്തിയിട്ടും ഹോക്കിങ് തളർന്നില്ല. കമ്പ്യൂട്ടറുമായി ഘടിപ്പിച്ച സ്പീച്ച് സിന്തസൈസർ വഴിയായി സംസാരം.പ്രപഞ്ചാരംഭത്തിനു തൃപ്തികരമായ വിശദീകരണം നൽകുന്ന മഹാവിസ്ഫോടന സിദ്ധാന്തം ഹോക്കിങ്ങിനെ ഏറെ ആകർഷിച്ചിരുന്നു. 1960 കളിൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ റോജർ പെൻറോസുമായി ചേർന്ന് തമോഗർത്തങ്ങളെക്കുറിച്ചുള്ള സിദ്ധാന്തം ഹോക്കിങ് മുന്നോട്ടു വച്ചു. സൂര്യനെക്കാൾ ദ്രവ്യമാനമുള്ള നക്ഷത്രങ്ങളുടെ പരിണാമത്തിലെ ഒരു ഘട്ടമായ തമോഗർത്തത്തിൽ (ബ്ലാക്ക് ഹോൾ) നിന്നും അതിന്റെ അതിഭീമമായ ഗുരുത്വാകർഷണം കാരണം പ്രകാശരശ്മിക്കു പോലും പുറത്തുകടക്കാൻ കഴിയില്ല എന്നാണ്

കരുതപ്പെട്ടിരുന്നത്. എന്നാൽ പിൽക്കാലത്ത് തമോഗർത്തത്തിൽ നിന്നു പുറത്തുവരുന്ന ഹോക്കിങ് വികിരണങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തം ശാസ്ത്രലോകത്ത് വൻ ചർച്ചയായി. പ്രപഞ്ചാരംഭ സമയത്ത് ഈ പ്രപഞ്ചം പൂജ്യം വ്യാപ്തമുള്ള ബിന്ദു പ്രപഞ്ചം ആയിരുന്നിരിക്കാം എന്ന ആശയവും അദ്ദേഹം മുന്നോട്ടുവച്ചു. 1979 ൽ അദ്ദേഹം കേംബ്രിജ് സർവ്വകലാശാലയിൽ ലൂക്കേഷ്യൻ പ്രഫസറായി.

ഭൗമേതര ജീവൻ തേടുന്ന ഗവേഷണങ്ങളിൽ അതീവ തല്പരനായിരുന്ന ഹോക്കിങ് ബ്രേക്ക് ത്രൂ ഇനീഷ്യേറ്റീവ് എന്ന പ്രോജക്റ്റിൽ പങ്കാളിയായിരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഗവേഷണങ്ങളിലൂടെ പിറവിയെടുക്കുന്ന നിർമ്മിത ബുദ്ധിയുള്ള യന്ത്രങ്ങളും റോബോട്ടുകളും മനുഷ്യനു ഭീഷണിയായേക്കാം എന്ന് അദ്ദേഹം ആശങ്കപ്പെട്ടിരുന്നു. കണികാപരീക്ഷണത്തിൽ ഹിഗ്ഗ്സ് ബോസോൺ എന്ന കണത്തെ അത്യുന്നത ഊർജനിലയിലേക്ക് ഉയർത്തിയാൽ അത് വാക്വം ഡീകേ എന്ന പ്രതിഭാസത്തിനും പ്രപഞ്ചത്തിന്റെ നാശത്തിനും കാരണമാവുമെന്ന അദ്ദേഹത്തിന്റെ പ്രസ്താവന വൻ വിവാദങ്ങൾക്കും ചർച്ചകൾക്കും വഴിയൊരുക്കി.

ലോകശ്രദ്ധ നേടിയ ഗ്രന്ഥങ്ങളുടെ രചനയ്ക്കും ഹോക്കിങ് സമയം കണ്ടെത്തി. അതിൽ ഏറ്റവും ശ്രദ്ധേയമായത് 'എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം' തന്നെ. യൂണിവേഴ്സ് ഇൻ എ നട്ഷെൽ, ദ് ഗ്രാൻഡ് ഡിസൈൻ, ബ്ലാക്ഹോൾസ് ആന്റ് ബേബി യൂണിവേഴ്സ്, മൈ ബ്രീഫ് ഹിസ്റ്ററി എന്നിവയും കുട്ടികൾക്കായി മകൾ ലൂസിയുമായി ചേർന്നെഴുതിയ ജോർജ്സ് സീക്രട്ട് കീ ടു ദ് യൂണിവേഴ്സ് എന്നിവയും ലോകത്തെ വിസ്മയിപ്പിച്ചു. ജെയിൻ വൈൽഡ് ഹോക്കിങ്ങുമൊത്തുള്ള തന്റെ ജീവിതം പ്രതിപാദ്യമാക്കിയെഴുതിയ പുസ്തകമാണ് 'ട്രാവലിങ് ടു ഇൻഫിനിറ്റി– മൈ ലൈഫ് വിത്ത് സ്റ്റീഫൻ'. ഇത് പിന്നീട് തിയറി ഓഫ് എവരിതിങ് എന്ന പേരിൽ സിനിമയായി.

ജെയിൻ വൈൽഡുമായുള്ള ഹോക്കിങ്ങിന്റെ വേർപിരിയൽ സുഹൃത്തുക്കളെയും ബന്ധുക്കളെയും ഞെട്ടിച്ചു. സ്വയം ദൈവമായി അഭിനയിക്കുന്ന മനുഷ്യൻ എന്നാണ് ജെയിൻ ഹോക്കിങ്ങിനെ വിശേഷിപ്പിച്ചത്. ജെയിനുമായി പിരിഞ്ഞ ശേഷം എലെയ്ൻ മേസൺ എന്ന നേഴ്സിനെ ഹോക്കിങ് വിവാഹം ചെയ്തു. എന്നാൽ ഏതാനും വർഷങ്ങൾക്കു ശേഷം ആ ബന്ധവും പിരിഞ്ഞു.

ആഗോളതാപനം ചെറുക്കാനുള്ള പ്രവർത്തനങ്ങൾക്കും വിത്തുകോശ ഗവേഷണങ്ങൾക്കുമൊക്ക ഹോക്കിങ് പിന്തുണ നൽകിയിരുന്നു. അണ്വാ

യുധങ്ങളുടെയും യുദ്ധങ്ങളുടെയും കാര്യത്തിൽ സ്വീകരിച്ച സാമ്രാജ്യത്വ വിരുദ്ധ നിലപാടുകളും അദ്ദേഹത്തെ ശ്രദ്ധേയനാക്കി.

വര : ലിസ ഡോണല്ലി

## കാർട്ടൂൺ




**നീ തീരെ ശ്രമിക്കുന്നില്ല!**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara




# സംഘടിത കൂട്ടായ്മയിൽ കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

**സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു.**
**കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാദ്ധ്യമ അവലോകനങ്ങൾ, പഴയ കുടുംബഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ – പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും – ക്ഷണിക്കുന്നു. താൽപര്യമുള്ളവർ**

**sheebakm@gmail.com**

**എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.**

# വഴിതെളി



## മിനി രാമൻ

വയനാട് കനവ് വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥിയായ മിനി രാമൻ ആദിവാസി - ദലിത് വിദ്യാർത്ഥികൾക്കായി തിരുവനന്തപുരത്തിനടുത്ത് ചാവടിയിൽ ഗോത്രതാളം എന്ന ബദൽ വിദ്യാലയം നടത്തുന്നു

'കുയിൽ' എന്ന ചിത്രത്തിലൂടെ 'പച്ചമല പവിഴമല എങ്കളുടെ നാട് ' എന്ന ഗാനവുമായി സ്വന്തം മധുരശബ്ദം നമ്മെ കേൾപ്പിക്കുകയാണ് വയനാട് ചുള്ളിയോട് കോട്ടയിലെ അനിത. നാടൻപാട്ട് പാടിയുള്ള പരിചയം കൈമുതലായ അനിത ഗാനമേളകളിൽ പാടിയാണ് കുടുംബത്തെ മുന്നോട്ട് കൊണ്ടു പോകുന്നത്.

## അനിത



# യിക്കുന്നവർ



## അനിത കെ. വി.

കേരള അന്തരാഷ്ട്ര നാടകോത്സവത്തിലുൾപ്പടെ അരങ്ങേറിയ ഉറാട്ടി എന്ന നാടകത്തിലെ മികച്ച അഭിനയത്തിന് സംസ്ഥാന അമച്വർ നാടകമത്സരങ്ങളിൽ മികച്ച നടിയായി തെരഞ്ഞെടുക്കപ്പെട്ടു വയനാട് കോട്ടത്തറ കരിങ്കുറ്റിയിലെ അനിത കെ.വി.

## ലീല സന്തോഷ്




സിനിമാസംവിധാന രംഗത്തേക്ക് ഉറച്ച കാൽവെപ്പുകളായി ഇറങ്ങിയിരിക്കുകയാണ് ലീല സന്തോഷ്.വയനാട് കനവിലെ പൂർവ്വവിദ്യാർത്ഥിനിയായ ലീലയുടെ ആദ്യസംരംഭം 'നിഴലുകൾ നഷ്ടപ്പെടുന്ന ഗോത്രഭൂമി' (2010) എന്ന ഡോക്യുമെന്ററിയാണ്. പണിയ ഗോത്രത്തലവനായ കരിന്തണ്ടനെക്കുറിച്ചൊരു ചലച്ചിത്രം ഒരുക്കാനുള്ള ശ്രമത്തിലാണിപ്പോൾ ലീല

പുതിയ കാലത്തെ സ്ത്രീയെ
പുനർനിർവ്വചിക്കുന്ന
ഒരേയൊരു സ്ത്രീമാസിക....

# സംഘടിത

8-ാം വർഷത്തിലേക്ക്












വായിക്കുക... വരിക്കാരാവുക....

**വരിക്കാരാവാൻ**

ഒറ്റപ്രതി 20 രൂപ
വാർഷിക വരിസംഖ്യ
200 രൂപ

Sanghaditha,
C/O Anweshi Women's Counseling Centre,
Kottooly,Calicut 673016,

SB account number 14130100072122,
Federal Bank,Mavoor Road, Calicut,
IFS Code FDRL0001413

Sanghadithacalicut@gmail.com, sheebakm@gmail.com